WWW.SH-YAHIA.NET

# النصح الرفيع للوالد العلامة الشيخ ربيع

لفضيلة العلامة المحدث أبى عبدالرحمن يحيى بن على الحجورى حفظه‌الله

مترجما إِلى اللغة المليبارية نسأل الله أن ينفع به من قرأه

| | | | |
|---|---|---|---|
| 05 | 05 | 1434 | hijri |

WWW.ALOLOOM.NET

# النصح الرفيع للوالد العلامة الشيخ ربيع

لفضيلة العلامة المحدث أبى عبد الرحمن يحيى بن على الحجورى حفظه الله

مترجما إلى اللغة المليبارية          نسأل الله أن ينفع به من قرأه

(വന്ദ്യപിതാവായ അല്ലാമ ഷൈഖ് റബീഇന് ഒരു ഉപദേശം

ഷൈഖ് യഹ്‌യ അൽഹജൂരി ഹഫിദഹുല്ലാഹ്)

الحمد لله أشهد أن لا إله إلا الله وحده لا شريك له وأن محمدا عبده ورسوله صلى الله عليه و آله وسلم تسليما كثيرا أما بعد

അല്ലാഹു തആലാ അവന്റെ വിശുദ്ധ ഖുർആനിൽ പറയുന്നു

وَالْمُؤْمِنُونَ وَالْمُؤْمِنَاتُ بَعْضُهُمْ أَوْلِيَاءُ بَعْضٍ يَأْمُرُونَ بِالْمَعْرُوفِ وَيَنْهَوْنَ عَنِ الْمُنْكَرِ وَيُقِيمُونَ الصَّلَاةَ وَيُؤْتُونَ الزَّكَاةَ وَيُطِيعُونَ اللَّهَ وَرَسُولَهُ أُولَئِكَ سَيَرْحَمُهُمُ اللَّهُ إِنَّ اللَّهَ عَزِيزٌ حَكِيمٌ [1]

(വിശ്വാസികളും വിശ്വാസിനികളും പരസ്പരം സഹോദരങ്ങളാകുന്നു. അവർ നന്മ കൽപ്പിക്കുകയും തിന്മ വിലക്കുകയും ചെയ്യുന്നു. അവർ നമസ്കാരം നില നിർത്തുകയും സകാത്ത് നൽകുകയും അള്ളാഹുവെയും റസൂലിനെയും അനുസരിക്കുകയും ചെയ്യുന്നു.അവർക്കു അള്ളാഹു കരുണ ചെയ്യും, തീർച്ചയായും അള്ളാഹു പ്രതാപശാലിയും യുക്തിമാനുമാകുന്നു)

അള്ളാഹു തആലാ പറഞ്ഞു

يَا أَيُّهَا الَّذِينَ آمَنُوا مَنْ يَرْتَدَّ مِنْكُمْ عَنْ دِينِهِ فَسَوْفَ يَأْتِي اللَّهُ بِقَوْمٍ يُحِبُّهُمْ وَيُحِبُّونَهُ أَذِلَّةٍ عَلَى الْمُؤْمِنِينَ أَعِزَّةٍ عَلَى الْكَافِرِينَ يُجَاهِدُونَ فِي سَبِيلِ اللَّهِ وَلَا يَخَافُونَ لَوْمَةَ لَائِمٍ ذَلِكَ فَضْلُ اللَّهِ يُؤْتِيهِ مَنْ يَشَاءُ وَاللَّهُ وَاسِعٌ عَلِيمٌ[2]

(വിശ്വാസികളെ നിങ്ങളിൽ ആരാണോ ദീൻ ഉപേക്ഷിക്കുന്നത്, അപ്പോൾ അള്ളാഹു മറ്റൊരു സമൂഹത്തെ കൊണ്ടു വരും. അവൻ അവരെയും അവർ അവനെയും സ്നേഹിക്കും. അവർ വിശ്വാസികളോട് വിനീതരും അവിശ്വാസികളോടു പ്രതാപികളുമായിരിക്കും.

അവർ അള്ളാഹുവിന്റെ മാർഗത്തിൽ ധർമ്മസമരം നടത്തും അവന്റെ മാർഗത്തിൽ ഒരാക്ഷേപകന്റെ ആക്ഷേപത്തെയും ഭയക്കുകയുമില്ല. അത് അള്ളാഹു താനുദ്ദേശിക്കുന്നവർക്കു നല്കുന്ന അവന്റെ ഔദാര്യമാകുന്നു.

അള്ളാഹു അത്യുദാരനും സർവ്വ ജ്ഞാനിയുമാകുന്നു.)

[1] سورة التوبة : 71
[2] سورة المائدة: 51

ഈ ആയത്തുകൾ പരാമർശിക്കുന്നത് വിശ്വാസികളുടെ മഹത്വമാണ, അതു പോലെ അവരുടെ പരസ്പര സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും മഹത്വവും ഇതിലുൾക്കൊണ്ടിട്ടുണ്ട്

രണ്ട് ശയ്ഖുമാരും (ബുഖാരീ, മുസ്ലിം) തങ്ങളുടെ സഹീഹുകളിൽ നുഅ്മാൻ ഇബ്നു ബശീർ رضي الله عنه വിന്റെ ഹദീസായി രേഖപ്പെടുത്തിയിരിക്കുന്നു

عَنِ النُّعْمَانِ بْنِ بَشِيرٍ، قَالَ: قَالَ رَسُولُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ: " مَثَلُ الْمُؤْمِنِينَ فِي تَوَادِّهِمْ، وَتَرَاحُمِهِمْ، وَتَعَاطُفِهِمْ مَثَلُ الْجَسَدِ إِذَا اشْتَكَى مِنْهُ عُضْوٌ تَدَاعَى لَهُ سَائِرُ الْجَسَدِ بِالسَّهَرِ وَالْحُمَّى[3]

(നബി  പറഞ്ഞിരിക്കുന്നു: പരസ്പര സ്നേഹത്തിലും കാരുണ്യത്തിലും അനുകമ്പയിലും മുസ്ലിമീങ്ങളുടെ ഉപമ ഒരൊറ്റ ശരീരം പോലെയാകുന്നു. അതിൽ ഒരു അവയവത്തിനു എന്തെങ്കിലും അസുഖം ബാധിച്ചാൽ മുഴുവൻ ശരീരവും ഉറക്കിളച്ചും പനി പിടിച്ചും അതിൽ പങ്കു ചേരുന്നു.)

അബൂ മൂസാ അൽഅശ്അരീ رضي الله عنه വിന്റെ ഹദീസിൽ കാണാം,

റസൂൽ صلى الله عليه وسلم പറഞ്ഞിരിക്കുന്നു, إِنَّ الْمُؤْمِنَ لِلْمُؤْمِنِ كَالْبُنْيَانِ يَشُدُّ بَعْضُهُ بَعْضًا وَشَبَّكَ أَصَابِعَهُ[4]

(ഒരു വിശ്വാസി മറ്റൊരു വിശ്വാസിക്ക് ഒരു കെട്ടിടമെന്ന പോലെയാണ. അതിന്റെ വ്യത്യസ്ത ഭാഗങ്ങൾ പരസ്പരം കരുത്തു പകരുന്നു.അവിടുന്നു തന്റെ വിരലുകൾ കോർത്തു പിടിച്ചു കാണിക്കുകയും ചെയ്തു.)

ഈ ഹദീസും രണ്ടു സഹീഹുകളിലും വന്നിരിക്കുന്നു.

അവ രണ്ടിലും അനസ് رضي الله عنه വിൽ നിന്ന് വന്നിരിക്കുന്നു:

عَنْ أَنَسٍ عَنِ النَّبِيِّ صَلَّى اللهُ عَلَيْهِ وَسَلَّمَ قَالَ: «لاَ يُؤْمِنُ أَحَدُكُمْ، حَتَّى يُحِبَّ لِأَخِيهِ مَا يُحِبُّ لِنَفْسِهِ»[5]

(തനിക്കു വേണ്ടി ആഗ്രഹിക്കുന്ന നന്മ തന്റെ സഹോദരനും ആഗ്രഹിക്കുന്നതു വരെ നിങ്ങളിലൊരാളും വിശ്വാസിയാവുകയില്ല.)

ഈ ഹദീസ് വിശ്വാസികൾക്ക് എല്ലാ വിധ നന്മയും സൗഭാഗ്യവും ആഗ്രഹിക്കുന്നതിനെയും തിന്മയും പ്രയാസങ്ങളും വരുന്നതു വെറുക്കുന്നതിനെയും ഉൾക്കൊള്ളുന്നു.

[3] صحيح مسلم 2586
[4] صحيح البخاري 481
[5] صحيح البخاري 13

ഇങ്ങനെ വിശ്വാസികൾക്ക് നന്മ ആഗ്രഹിക്കുകയും ഉപദേശിക്കുകയും ചെയ്യുന്നതു തന്നെയാണ അമ്പിയാക്കളുടെ രീതിയും.

സൂറത്തുൽ അഅ്റാഫിൽ നിരവധി പ്രവാചകന്മാരെപറ്റി അല്ലാഹു تعالى പരാമർശിച്ചിട്ടുണ്ട്, അവരെയെല്ലാം അവൻ ഗുണകാംക്ഷ കൊണ്ട് വിശേഷിപ്പിച്ചു,

وَأَنْصَحُ لَكُمْ وَأَعْلَمُ مِنَ اللَّهِ مَا لَا تَعْلَمُونَ[6]

(ഞാൻ നിങ്ങളോടു നന്മ ഉപദേശിക്കുന്നു. അല്ലാഹുവിങ്കൽ നിന്ന് നിങ്ങൾ അറിയാത്തതു ഞാൻ അറിയുന്നു.)

أُبَلِّغُكُمْ رِسَالَاتِ رَبِّي وَأَنَا لَكُمْ نَاصِحٌ أَمِينٌ[7]

(എന്റെ റബ്ബിന്റെ സന്ദേശങ്ങൾ ഞാൻ നിങ്ങൾക്ക് എത്തിച്ചു തരുന്നു, ഞാൻ നിങ്ങൾക്കു നന്മ ഉദ്ദേശിക്കുന്ന വിശ്വസ്തനുമാകുന്നു.)

ഇതു പോലെത്തന്നെ, ബാറകല്ലാഹു ഫീകും, പരസ്പര ഗുണദോഷം എന്നത് ഈ മഹത്തായ ദീനിൽപെട്ട ഒരു കാര്യമാകുന്നു. സ്വഹീഹ് മുസ്ലിമിൽ തമീമുദ്ദാരീ رضي الله عنه വിൽ നിന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടതു പോലെ,

عَنْ تَمِيمٍ الدَّارِيِّ أَنَّ النَّبِيَّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ ، قَالَ : الدِّينُ النَّصِيحَةُ قُلْنَا : لِمَنْ ؟ قَالَ : لِلَّهِ وَلِكِتَابِهِ وَلِرَسُولِهِ وَلأَئِمَّةِ الْمُسْلِمِينَ وَعَامَّتِهِمْ[8]

(നബി صلى الله عليه وسلم പറഞ്ഞു, ദീൻ എന്നാൽ നസീഹത്താകുന്നു. ഞങ്ങൾ ചോദിച്ചു, ആരോടാണ റസൂലേ? അവിടുന്ന പറഞ്ഞു, അല്ലാഹുവിനോട്, അവന്റെ കിതാബിനോട്, അവന്റെ ദൂതനോട്, മുസ്ലിം ഭരണാധികാരികളോടും സാധാരണക്കാരായ മുസ്ലിമീങ്ങളോടും.)

ബുഖാരി ഇതു തഅ്ലീഖ് ആയി കൊടുത്തിട്ടുമുണ്ട്.

രണ്ട് സഹീഹുകളിലും ജരീറുബ്നു അബ്ദില്ലാ رضي الله عنه വിൽ നിന്നു നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു.

عَنْ جَرِيرِ بْنِ عَبْدِ اللهِ ، قَالَ : بَايَعْتُ رَسُولَ اللهِ صلى الله عليه وسلم عَلَى إِقَامِ الصَّلاَةِ ، وَإِيتَاءِ الزَّكَاةِ وَالنُّصْحِ لِكُلِّ مُسْلِمٍ.[9]

[6] سورة الأعراف: 62
[7] سورة الأعراف: 68
[8] صحيح مسلم 106
[9] صحيح البخاري 57

(ഞങ്ങൾ നമസ്കാരം നില നിർത്താമെന്നും സകാത്തു നൽകാമെന്നും എല്ലാ മുസിലിമീങ്ങളോടും നസീഹത്തു പുലർത്താമെന്നും അല്ലാഹുവിന്റെ റസൂലിനോടു ബയ്അത്തു ചെയ്തിട്ടുണ്ട്.)

ഇതു എല്ലാ മുസ്ലിമീങ്ങൾക്കുമുള്ള നസീഹത്തിനെ ഉൾക്കൊള്ളുന്നു.

ചെറിയവനോ വലിയവനോ ഭരണാധികാരിയോ ഭരണീയനോ ആലിമോ ജാഹിലോ ആണോ പെണ്ണോ എന്ന വ്യത്യാസമില്ലാതെ എല്ലാവരോടും നാം നന്മ ഉപദേശിക്കണം.

പിന്നെ നാം അല്ലാഹുവിനെ സ്തുതിക്കുന്ന ഒരു വിഷയം, നമ്മുടെ മേൽ നിന്നു അവൻ റാഫിദികളുടെ തന്ത്രങ്ങളെ അകറ്റിത്തന്നു എന്നതാണ്. അവർ നമുക്കുമേൽ അതിക്രമം ചെയ്തത് എല്ലാവർക്കുമറിയാവുന്നതാണ്. സ്ത്രീകളും പുരുഷന്മാരും കുട്ടികളും മുതിർന്നവരുമെന്ന വ്യത്യാസമില്ലാതെ എഴുപതു ദിവസം നീണ്ടു നിന്ന ഉപരോധം നാം അനുഭവിച്ചു.

അപ്പോൾ മുസ്ലിമീങ്ങൾ ഈ നന്മക്കു വേണ്ടി യെമനിന്റെ അകത്തും പുറത്തും രോഷാകുലരായി പ്രതികരിച്ചു, അല്ലാഹു അവർക്കു തക്കതായ പ്രതിഫലം നൽകി അനുഗ്രഹിക്കുമാറാകട്ടെ.

മുസ്ലിമീങ്ങൾ തമ്മിലുള്ള അവകാശമെന്ന നിലക്കു ഈ വിജ്ഞാന ഭവനത്തിനു വേ ണ്ടി രോഷം കൊണ്ടവരിൽ മുന്നിലുണ്ടായിരുന്നത് അഹ്‌ലുസ്സുന്നത്തായിരുന്നു.
അവരുടെ അധ്വാനങ്ങൾക്കു അല്ലാഹു تعالى നല്ല പ്രതിഫലം നൽകട്ടെ. അല്ലാഹു تعالى പ്രയാസങ്ങളെ അകറ്റുകയും ഒരുപാടു നന്മകൾ ഉണ്ടാകുകയും ചെയ്തു.

وَمَا بِكُمْ مِنْ نِعْمَةٍ فَمِنَ اللَّهِ[10]

(നിങ്ങൾക്കു എന്തൊരു അനുഗ്രഹമാണോ ലഭിച്ചിട്ടുള്ളത് അതെല്ലാം അല്ലാഹുവിൽ നിന്നുള്ളതാകുന്നു.)

ഈ വിജ്ഞാന ഭവനം മുസ്ലിമീങ്ങളുടെ സ്വത്തായിട്ടാണു പരിഗണിക്കപ്പെടുന്നത്. ഇൽമിന്റെയും പുണ്യങ്ങളുടെയും ഒരു കേന്ദ്രമാകുന്നു ഇത്. രാവും പകലുമെന്ന വ്യത്യാസമില്ലാതെ ഇവിടെ നടക്കുന്ന വൈജ്ഞാനിക ക്ലാസ്സുകൾ ഇവിടെ വന്നിട്ടുള്ളവർക്കെല്ലാം അറിയാവുന്നതാണ്. ചിലപ്പോൾ ഇവിടെ വന്നിട്ടിലാത്തവർക്കും അത് അറിയാമായിരിക്കും. വിദ്യാർത്ഥികളിൽ ധാരാളം പേർ ഖുർആൻ ഹിഫ്ളുള്ളവരാണ്. അൽഹംദു ലില്ലാഹ്, അവർ സുന്നത്തും മന:പാഠമാക്കുന്നു.

ഇതിലെല്ലാം അവർ അടിസ്ഥാനമാക്കുന്നതു അല്ലാഹുവിന്റെ കിതാബാകുന്നു. ഖുർആനുമായി അവർക്കുള്ള ബന്ധം അടുത്തുള്ളവനും അകലെയുള്ളവനുമൊക്കെ

[10] سورة النحل 53

മനസ്സിലാക്കിയിട്ടുള്ളതുമാണല്ലോ? നമ്മൾ അല്ലാഹുവിനോടു ബറകത്തിനു വേണ്ടി പ്രാർത്ഥിക്കുകയാണ്.

അതുപോലെ സഹീഹുൽ ബുഖാരിയും സഹീഹ് മുസ്ലിമും, ശൈഖിന്റെ കാലം തൊട്ട് ഇന്നു വരെ നമ്മൾ തുടർന്നു പോരുകയാണ്. അവ രണ്ടുമാണല്ലോ മനുഷ്യൻ രചിച്ചിട്ടുള്ളതിൽ വെച്ചു ഏറ്റവും സഹീഹായ ഗ്രന്ഥങ്ങൾ. അവ രണ്ടിലും ധാരാളം ഗുണങ്ങളുണ്ട്, വിദ്യാർത്ഥികളിൽ പലരും അതു രണ്ടും മന:പാഠമാക്കുകയും ചെയ്യുന്നു.

പിന്നെ നമ്മൾ മറ്റു ദർസുകൾ എടുക്കും. ചിലർ അതൊക്കെ സ്വന്തമായി മന:പാഠം പഠിക്കും, ബുഖാരി, മുസ്ലിം ഒക്കെ.

അതു പോലെ തന്നെ മന:പാഠമാക്കുന്ന കിതാബുകളിൽ പെട്ടതാണ്, രിയാളുസ്സാലിഹീൻ, അർബഊൻ അന്നവവിയ്യ, അങ്ങനെ അനേകം കിതാബുകൾ.

അതു പോലെ അഖീദയുടെ കിതാബുകൾ: കിതാബുത്തൗഹീദ്, മുഹമ്മദ് ബ്നു അബ്ദിൽ വഹ്ഹാബ് അൻ നജ്ദി രചിച്ച കിതാബുത്തൗഹീദ്, അതിന്റെ ദർസ് ഒരിക്കൽ തീരുന്നതിനു മുമ്പായി അടുത്ത തവണ തുടങ്ങിയിരിക്കും.

അതു പോലെ തന്നെയാണ്, ഉസൂലുസ്സലാസ, അഖീദതുൽ വാസിതിയ്യ എന്നീ ഗ്രന്ഥങ്ങളുടെയും അവസ്ഥ. വർഷത്തിൽ ഒരിക്കലും അവയുടെ ക്ലാസ്സുകൾ അവസാനിക്കുകയില്ല. അതു പോലെ തന്നെ എഴുത്തും വായനയും ഇവിടെ പഠിപ്പിക്കുന്നുണ്ട്. തജ്‌വീദ്, നഹ്‌വ്, സർഫ്, ഇങ്ങനെ അനേകം വിജ്ഞാന ശാഖകളിൽ അനേകം ദർസുകൾ.

ഞാനിതെല്ലാം പറയുന്നതു നന്മയെപ്പറ്റി മനസ്സിലാക്കുക എന്ന അടിസ്ഥാനത്തിലാണ്.

وَمَا بِكُمْ مِنْ نِعْمَةٍ فَمِنَ اللَّهِ[11]

(നിങ്ങൾക്ക് ഏതൊരു അനുഗ്രഹമാണോ ലഭിച്ചിരിക്കുന്നത്, അത് അല്ലാഹുവിങ്കൽ നിന്നാകുന്നു.) ഉസ്മാൻ رضي الله عنه തന്റെ ഹദീസിൽ ഇപ്രകാരം നന്മ എടുത്തു പറഞ്ഞിട്ടുണ്ട്.

അതു നന്മ അറിയപ്പെടാൻ വേണ്ടിയാകുന്നു. കാരണം അല്ലാത്തപക്ഷം നന്മ നിസ്സാരമാക്കപ്പെടാൻ വഴിയുണ്ട്, നന്മ നിസ്സാരക്കപ്പെടൽ അനുവദിക്കപ്പെട്ടിട്ടില്ലാത്ത പാപമാകുന്നു. അങ്ങനെ വന്നാൽ ജനങ്ങൾക്ക് നന്മയോടു താല്പര്യമില്ലാതാവാനും അതു വഴി തിന്മ പെരുകാനും സാധ്യതയുണ്ട്.

യെമനും മറ്റെല്ലാ മുസ്ലിം രാജ്യങ്ങളും നിങ്ങൾക്കറിയാവുന്നതു പോലെ തിന്മയുടെ ഭീഷണിയിലാണുള്ളത്. റാഫിദികൾ ഒരു ഭാഗത്ത്, മറ്റെല്ലാ നാശകാരിയായ

[11] سورة النحل 53

ചിന്തകളും കൂടെ വരുന്നുണ്ട്.അതു പോലെ തന്നെ , ബാറകല്ലാഹു ഫീകും, കക്ഷിത്വവും പലതരം ബിദ്അത്തുകളും ശിർക്കുപരമായ ആചാരങ്ങളും പ്രചരിച്ചു വരുന്നു.

എന്നാൽ ശുഭോദർക്കമായ ഒരു കാര്യം, ഈ ദ–അ്വത്ത് അതിന്റെ ഫലങ്ങൾ നൽകാൻ തുടങ്ങിയിരിക്കുന്നു എന്നതാണ്. വല്ലാഹി ജനങ്ങൾ ഇതിന്റെ നന്മ മനസ്സിലാക്കിയതിന്റെ ഫലമായി ഇതിനെ ഇഷ്ടപ്പെടാനും ഇതിലേക്കു കടന്നു വരാനും തുടങ്ങിയിരിക്കുന്നു.

ആയത്തുകളും ഹദീസുകളും ഉപദേശങ്ങളും ഗുണദോഷങ്ങളും ഫിത്നകളിൽ നിന്ന് വിട്ടുനിൽക്കലും എല്ലാമാണ് ഇതിലുള്ളത്. വിപ്ലവങ്ങളില്ല, പ്രകടനങ്ങളില്ല, ഏതൊരു ഫിത്ന വരുമ്പോഴും നാം അതിനെ വെറുക്കുകയാണ്. നമ്മുടെ കഴിവിന്റെ പരമാവധി അവയെ നാം എതിർക്കുകയും ചെയ്യുന്നു.

ഇതാ നമ്മുടെ കിതാബുകൾ

ഇതാ നമ്മുടെ രചനകൾ

ഇതാ നമ്മുടെ കാസറ്റുകൾ

ഇതാ നമ്മുടെ ദ–അ്വത്ത്

ഇതാ ഇരിക്കുന്നു നമ്മുടെ സഹോദരങ്ങൾ

എല്ലാത്തിനും മുമ്പെ അല്ലാഹു تعالى സാക്ഷി!

നമ്മളെല്ലാം ഇപ്പറഞ്ഞവിധം പ്രയോജനപ്രദമായ വഴിയിലാകുന്നു സഞ്ചരിക്കുന്നത്.

സംശയമില്ലാത്ത ഒരു കാര്യമാണു സഹോദരങ്ങളേ, അഥവാ നന്മ നിന്ദിക്കപ്പെട്ടാൽ അതിനു പിറകെ അനേകം തിന്മകൾ കടന്നു വരുമെന്നത്.

ചിലപ്പോൾ തിന്മകൾ തുടരെത്തുടരെ വന്നുവെന്നിരിക്കും, ഉസ്മാൻ رضي الله عنه വിന്റെ കാര്യം പ്രശസ്തമാണല്ലോ? ഖവാരിജുകൾ അദ്ദേഹത്തെ നിന്ദിക്കുകയും നിസ്സാരനാക്കുകയും ചെയ്തതിന്റെ ഫലമായി വലിയ ഒരു ഫിത്നയാണല്ലോ ഉണ്ടായത്!

നബി صلى الله عليه وسلم പറഞ്ഞിരിക്കുന്നു,

أَنَّ رَسُولَ اللهِ صَلَّى اللهُ عَلَيْهِ وسَلَّمَ قَالَ : إِنَّ لِهَذَا الْخَيْرِ خَزَائِنَ ، وَلِتِلْكَ الْخَزَائِنِ مَفَاتِيحَ ، فَطُوبَى لِعَبْدٍ جَعَلَهُ اللَّهُ مِفْتَاحًا لِلْخَيْرِ ، مِغْلاَقًا لِلشَّرِّ ، وَوَيْلٌ لِعَبْدٍ جَعَلَهُ اللَّهُ مِفْتَاحًا لِلشَّرِّ ، مِغْلاَقًا لِلْخَيْرِ.[12]

(തീർച്ചയായും ഈ ഖയ്റിനു ചില ഖജനാവുകളുണ്ട്. ആ ഖജനാവുകൾക്ക് താക്കോലുകളുമുണ്ട്. അതിനാൽ അരെയാണോ അല്ലാഹു നന്മയുടെ താക്കോലുകളും തിന്മയുടെ പൂട്ടുകളുമാക്കിയത് അവനു മംഗളങ്ങൾ. ആരാണോ തിന്മയുടെ താക്കോലുകളൂം നന്മയുടെ പൂട്ടുകളുമായത് അവനു നാശം).

അവർ അദ്ദേഹത്തെ(ഉസ്മാൻ رضي الله عنه) അന്യായമായി കൊന്നതിന്റെ ഫലമായി അനേകം തിന്മകളും വലിയ അക്രമങ്ങളും സംഭവിച്ചതായി ചരിത്രത്തിൽ അറിയപ്പെട്ടിട്ടുള്ളതാണല്ലോ?

ഒരു മുഅ്മിന്റെ അവസ്ഥ , അവന്റെ നന്മ പ്രതീക്ഷിക്കപ്പെടുകയും തിന്മയെപ്പറ്റി മറ്റുള്ളവർ നിർഭയരായിരിക്കുകയും ചെയ്യും എന്നതാണ്.

അബൂ ഹുറയ്റ رضي الله عنهവിൽ നിന്ന് പ്രവാചകൻ صلى الله عليه وسلم പറഞ്ഞതായി സ്ഥിരപ്പെട്ടിരിക്കുന്നു

أَلاَ أُخْبِرُكُمْ بِخَيْرِكُمْ مِنْ شَرِّكُمْ ؟ فَسَكَتَ الْقَوْمُ ، فَأَعَادَهَا ثَلاَثَ مَرَّاتٍ ، فَقَالَ رَجُلٌ مِنَ الْقَوْمِ : بَلَى ، يَا رَسُولَ اللهِ ، قَالَ : خَيْرُكُمْ مَنْ يُرْجَى خَيْرُهُ ، وَيُؤْمَنُ شَرُّهُ ، وَشَرُّكُمْ مَنْ لاَ يُرْجَى خَيْرُهُ ، وَلاَ يُؤْمَنُ شَرُّهُ[13]

(നിങ്ങളിൽ ഏറ്റവും ഉത്തമനും ഏറ്റവും മോഷപ്പെട്ടവനും ആരാണെന്നു ഞാൻ പറഞ്ഞു തരട്ടെയോ?

കൂട്ടത്തിൽ ഒരാൾ പറഞ്ഞു അതെ പ്രവാചകരേ. അവിടുന്നു പറഞ്ഞു

നിങ്ങളിൽ ഉത്തമൻ ആരുടെ നന്മയാണോ പ്രതീക്ഷിക്കപ്പെടുന്നത്, ആരുടെ തിന്മയെപ്പറ്റിയാണോ നിർഭയത്വമുണ്ടാകുന്നത് അവനാകുന്നു.)

അതെ, ഒരു വിശ്വാസി എന്നു പറഞ്ഞാൽ അവന്റെ നന്മയെപ്പറ്റി സമൂഹത്തിന് പ്രതീക്ഷയുണ്ടായിരിക്കുകയും തിന്മയെപ്പറ്റി സമൂഹത്തിന് നിർഭയത്വമു ണ്ടായിരിക്കുകയും ചെയ്യുന്നവനാകുന്നു.

മോഷക്കാരൻ ഇതിന്റെ നേർ വിപരീതവുമായിരിക്കും.

നമ്മുടെ ഈ ദഅ്വത്ത് ഇത്തരം ഹദീസുകളിൽ വിശ്വസിക്കുന്നു.

[12] سنن ابن ماجه 238

[13] مسند الإمام أحمد 2\368 طبعة عالم الكتب

നമ്മുടെ ഷൈഖും ഞാനും നമ്മുടെ വിദ്യാർഥികളുമെല്ലാം ഇത്തരം സ്വഭാവങ്ങളിൽ വിശ്വസിക്കുന്നവരും അവ കൊണ്ടു അല്ലാഹുവിലേക്ക് അടുക്കാൻ ശ്രമിക്കുന്നവരുമാണ്. നമ്മൾ ആരെങ്കിലും മഅ്സൂമീങ്ങളാണെന്നു നാം വിശ്വസിക്കുന്നുമില്ല. ചീത്ത സ്വഭാവങ്ങളായാലും മറ്റു പാപങ്ങളായാലും നമ്മൾ അതിൽ നിന്നൊന്നും സുരക്ഷിതരല്ല.

وَلَكِنْ سَدِّدُوا وَقَارِبُوا، وَالْقَصْدَ الْقَصْدَ تَبْلُغُوا[14]

(പക്ഷെ, നിങ്ങൾ പരമാവധി പരിശ്രമിക്കുക. അങ്ങനെ മധ്യമ നിലപാടിൽ മുന്നോട്ടു പോയാൽ നിങ്ങൾക്കു ലക്ഷ്യത്തിലെത്താം).

ഇത്രയുമാണു ഇനി വിശദീകരിക്കാൻ പോകുന്ന കാര്യങ്ങൾക്ക് ഒരു ആമുഖമെന്നോണം പറയാനുള്ളത്.

ബാറകല്ലാഹു ഫീകും.

ബഹുമാന്യനായ അശ്ശൈഖ് അൽ–അല്ലാമ: റബീഅ് ബിൻ ഹാദീ അൽ–മദ്ഖലീ ഹഫിദഹുല്ലാഹ് പറഞ്ഞതായി ഏതാനും കടലാസുകൾ പുറത്ത് വന്നിരിക്കുന്നു.

അല്ലഹു تعالى അദ്ദേഹത്തിനു തൗഫീഖും വിജയവും നൽകുമാറാകട്ടെ

നമ്മെയും അദ്ദേഹത്തെയും അല്ലാഹു تعالى ചീത്ത സഹവാസികളിൽ നിന്നും ഫിത്നക്കാരിൽ നിന്നും കാത്തു രക്ഷിക്കുമാറാകട്ടെ. ഈ ഫിത്നക്കാർ അഹ്ലുസ്സുന്നത്തിൽ പെട്ട ഉലമാക്കൾക്കും പ്രബോധകർക്കും വിദ്യാർഥികൾക്കുമെല്ലാം ഇടയിൽ ഫസാദുകളുണ്ടാക്കാൻ പരിശ്രമിച്ചു കൊണ്ടിരിക്കും.

അദ്ദേഹം അത്തരക്കാരെക്കുറിച്ച് അറിവുള്ളവനാണെന്നാണു ഞാൻ വിചാരിക്കുന്നത്.

പക്ഷെ, لكلّ صارم نَبوة، ولكلّ جَواد كَبوة[15]

"എതൊരു ഉദാരനും ഒരു പിശുക്കു വരാറുണ്ട്! ഏതൊരു വാളിനും ഒരു ലക്ഷ്യം തെറ്റലുണ്ട്!"

[14] البخاري (39) ومسلم (2816) من حديث أبي هريرة. رضي الله عنه

[15] جمهرة اللغة أبو بكر محمد بن الحسن بن دريد الأزدي (المتوفى: 321هـ)2\973

അദ്ദേഹമാകട്ടെ ഞാനാകട്ടെ, ഞങ്ങളേക്കാൾ ഉന്നതരാകട്ടെ, നമ്മളാരും തന്നെ ചീത്ത സഹവാസികളുണ്ടാക്കുന്ന കുഴപ്പങ്ങളിൽ നിന്നു സുരക്ഷിതരല്ല.

അത്തരം കുഴപ്പക്കാർ അഹ്ലുസ്സുന്നത്തിനിടയിൽ തമ്മിലടിയുണ്ടാക്കാൻ വേണ്ടി കിണഞ്ഞ് പരിശ്രമിക്കുന്നവരാണ്, അവർ നമുക്കിടയിൽ വെറുപ്പും വിദ്വേഷവുമുണ്ടാക്കാൻ വേണ്ടി വാക്കുകൾ വെട്ടി മുറിച്ചും കൂട്ടി യോജിപ്പിച്ചും അവരുടേതായ വ്യാഖ്യാനങ്ങൾ സഹിതം അങ്ങോട്ടുമിങ്ങോട്ടും എത്തിക്കും. അതു പോലെ അല്ലാഹുവിനു മാത്രം അറിയാവുന്ന പല അക്രമങ്ങളും ഇവർ ചെയ്യും. നന്മയെ അവർ നിന്ദിച്ചു നിസ്സാരമാക്കുകയും തെറ്റുകളെ ഊതി വീർപ്പിച്ച് വലുതാക്കുകയും ചെയ്യും.

നബി صلى الله عليه وسلم പറഞ്ഞതായി ഹദീസിൽ വന്നിട്ടുല്ലോ,

അല്ലാഹു ഒരു അമീറിനു നന്മ ഉദ്ദേശിച്ചാൽ അയാൾക്കു നല്ല കൂട്ടുകെട്ടു നൽകുമെന്ന്. അതെ, നമ്മെക്കാൾ ഒക്കെ വലിയ ആളുകളുടെ അവസ്ഥയാണ് ഈ പറഞ്ഞത്.

അതെ ബാറകല്ലാഹു ഫീകും

ബഹുമാന്യനായ ഷൈഖ് റബീഅ് ഹഫിദഹുല്ലായിൽ നിന്ന് വന്നിരിക്കുന്ന ഈ വാക്കുകളിൽ വ്യക്തമായ തെറ്റുകളുണ്ട്, അല്ലാഹുവാണെ സത്യം!

എനിക്കറിയില്ല, ഈ തെറ്റുകൾ അദ്ദേഹത്തിൽ നിന്നാണോ അതല്ല, അദ്ദേഹത്തോടു വാർത്തകൾ റിപ്പോർട്ട് ചെയ്തവരിൽ നിന്നാണോ പുറപ്പെട്ടത് എന്ന്.

അതിനാൽ, നന്മയെപ്പറ്റിയും അതിന്റെ ആൾക്കാരെപ്പറ്റിയും ചീത്ത ധാരണകൾ പരക്കാതിരിക്കുന്നതിനു വേണ്ടി സത്യം വിശദീകരിക്കാൻ ഞാൻ നിർബന്ധിതനായിരിക്കുകയാണ്.

തെറ്റ് പറ്റിയവനെ ഖണ്ഡിക്കുക എന്നത്, നമ്മുടെ അഖീദയുടെയും ദ-അ്വത്തിന്റെയും വൈജ്ഞാനിക ഗ്രന്ഥങ്ങളുടെയും അവിഭാജ്യ ഘടകമാണല്ലോ. മുൻ കാലത്താകട്ടെ ഇക്കാലത്താകട്ടെ , ചെറിയവനാകട്ടെ വലിയവനാകട്ടെ ആരും തന്നെ ഇതു നിഷേധിക്കുകയില്ല. അഥവാ വൈജ്ഞാനികമായ, സ്രിഷ്ട്ടിപരമായ ഖണ്ഡനം എന്നതിനെ.

അത്, തെറ്റ് പറ്റിയവനെ ആ തെറ്റിനെപറ്റി ബോധ്യപ്പെടുത്തുന്നതും സൽ സ്വഭാവങ്ങൾ നിലനിർത്തിക്കൊണ്ടുള്ളതുമായിരിക്കണം. അത്തരം ഖണ്ഡനങ്ങൾ ഖണ്ഡിക്കപ്പെടുന്നവനും എല്ലാ മുസ്ലിമീങ്ങൾക്കും ഗുണകരമായിരിക്കും. അതു പോലെ തന്നെ, ഖണ്ഡിക്കുന്നവൻ മന:ശ്ശുദ്ധിയും ഗുണകാംക്ഷയും ഉറപ്പു വരുത്തണം. മുസ്ലിമീങ്ങൾക്ക് പരസ്പര ഗുണകാംക്ഷയുടെ ഫലമായി അവരുടെ ദീനിന്റെ വിഷയത്തിൽ എന്തെന്തു ഗുണങ്ങളാണുായിട്ടുള്ളത്!

തെറ്റുകൾ തിരുത്തപ്പെടേതാണ്, തെറ്റുകൾക്ക് മറുപടി നൽകപ്പെട്ടിട്ടില്ലെങ്കിൽ പലരുടെയും കൈകളിലൂടെയായി അതു പ്രചരിക്കും. വകതിരിവില്ലാത്ത ജാഹിലിന്റെ കൈയിലൂടെ ആ തെറ്റു പ്രചരിക്കും. അതു പോലെ ആ തെറ്റു പുറത്തു വരാൻ കാത്തിരുന്ന ദുഷ്ടന്റെ കൈയിലൂടെയും ആ തെറ്റു പ്രചരിക്കും. അതു പോലെ അല്ലാഹുവിനു മാത്രമറിയാവുന്ന പലരുടെയും അടുക്കൽ ആ തെറ്റു പ്രചാരം നേടിയെന്നിരിക്കും.

നമ്മുടെ കൈയിലുള്ള ഈ കടലാസുകൾ നമ്മുടെ സഹോദരൻ വായിക്കും, അതിൽ പറഞ്ഞിരിക്കുന്ന ആമുഖമടക്കം. അതിനു ശേഷം ഞാൻ അതിനു ചില അടിക്കുറിപ്പുകൾ പറയും. അതിന്റെ പിന്നിലുള്ള ലക്ഷ്യം, അല്ലാഹുവാണെ സത്യം, എനിക്കും എന്റെ സഹോദരങ്ങൾക്കും അല്ലാമാ റബീഇനുമുള്ള (അല്ലാഹു تعالى അദ്ദേഹത്തെയും ഈ ദഅ്വത്തിനേയും അതിനു വേണ്ടി പരിശ്രമിക്കുന്ന എല്ലാവരേയും സംരക്ഷിക്കുമാറാകട്ടെ) ഒരു നസീഹത്ത് മാത്രമാകുന്നു.

വായിക്കൂ സഹോദരാ!

ബാറകല്ലാഹു ഫീക്!

**മാർച്ച് 13 നു അഥവാ ജമാദുൽ ഊലാ ഒന്നിന്റെ രാവിൽ ദാറുസ്സുന്നയിലെ സഹോദരങ്ങൾ അൽ അല്ലാമാ അശ്ശൈഖ് റബീഅ് ബിൻ ഹാദീ അൽ മദ്ഖലിയുമായി നടത്തിയ കൂടിക്കാഴ്ച്ചയിൽ നിന്ന് എടുത്തത്.**

ഈ ഒരു തലക്കെട്ടു പോലും യഥാർത്ഥത്തിൽ ഹിജ്രീ വർഷപ്രകാരമാണ കൊടുക്കേണ്ടത്, ഈ കടലാസുകൾ എഴുതിയ സഹോദരനുള്ള ഒരു നസീഹത്തായിട്ട് ഞാൻ പറയുന്നതാണ്, അല്ലാഹു تعالى അവനു തൗഫീഖ് നൽകട്ടെ! നമുക്ക് ഈ മാർച്ചിന്റെയും ഏപ്രിലിന്റെയും ഫെബ്രുവരിയുടെയും ഒന്നും ആവശ്യമില്ല.

അതാണ് ഭൂരിപക്ഷം ഉലമാക്കളുടെയും അഭിപ്രായം, അതിനു വേണ്ടി ഉമർ **d**

സഹാബത്തിനെ رضي الله عنهم ഒരുമിച്ചു കൂട്ടിയതുമാണ്. ഈ (ക്രിസ്തു വർഷം എന്നതു) ആവശ്യം വരുമ്പോൾ പറഞ്ഞു കൊള്ളട്ടെ, എന്നാൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഹിജ്രീ മാസങ്ങളെ ഇഷ്ടപ്പെടുന്നവരായ അഹ്ലുസ്സുന്നയുടെ ഇടയിൽ പ്രചരിപ്പിക്കാൻ ഉദ്ദേശിച്ചെഴുതുന്ന ഇത്തരം കടലാസുകളിൽ അതിന്റെ ആവശ്യമില്ലല്ലോ.

**ഞങ്ങൾദാറുസ്സുന്ന മസ്ജിദിലെ സഹോദരങ്ങൾ ശൈഖ് റബീഅ് ബിൻ ഹാദീ അൽമദ്ഖലിയെ സൗദി അറേബ്യയിലെ മക്കയിലുള്ള അദ്ദേഹത്തിന്റെ വീട്ടിൽ സന്ദർശിച്ചു. നിങ്ങൾക്കറിയാവുന്നതു പോലെ, ഏതാനും നാളുകളായി അദ്ദേഹം രോഗിയായിരുന്നു.**

അല്ലാഹുവോടു അദ്ദേഹത്തിനു ഷിഫാ നൽകാനായി നാം പ്രാർത്ഥിക്കുകയാണ്. അതെ ബാറകല്ലാഹു ഫീകും, അദ്ദേഹത്തിനു രോഗ ശമനവും ആരോഗ്യവും ഉണ്ടായിക്കാണാനാണു നമുക്ക് ആഗ്രഹം. നമ്മളും അദ്ദേഹവുമെല്ലാം ഫിത്നകളിൽ നിന്ന് രക്ഷപ്പെടാനാണു നമ്മൾ ആഗ്രഹിക്കുന്നത്. അദ്ദേഹമാകട്ടെ, പ്രായം ചെന്ന ആളുമാണ്. പ്രായമായ ആളുകൾക്ക് നിരന്തരം അസുഖങ്ങൾ വന്നു കൊണ്ടിരിക്കുക പതിവാണ്.

അദ്ദേഹവും അദ്ദേഹത്തെപ്പൊലെയുള്ള അഹ്‌ലുസ്സുന്നത്തിൽ പെട്ട മറ്റുള്ളവരും ദീർഘായുസ്സോടെയിരിക്കാൻ നമ്മൾ ആഗ്രഹിക്കുന്നു. അല്ലാഹുവാണെ സത്യം.

അദ്ദേഹം അല്ലാഹുവിന്റെ മാർഗത്തിൽ സഹായിക്കുന്നവനും സഹായിക്കപ്പെടുന്നവനുമാണ്, അല്ലാഹുവിനു വേണ്ടി സ്നേഹിക്കുകയും അവനു വേണ്ടി സ്നേഹിക്കപ്പെടുന്നവനുമാണ്.

ബാറകല്ലാഹു ഫീകും.

**അല്ലാഹു അദ്ദേഹത്തിനു പുണ്യം നിറഞ്ഞ ദീർഘായുസ്സു നൽകുമാറാകട്ടെ.**

**ഷൈഖിനെ അദ്ദേഹത്തിന്റെ വീടീനടുത്തുള്ള പള്ളിയിൽ വെച്ചു സന്ദർശിക്കുവാനും ലണ്ടനിലേക്കു തിരിക്കുന്നതിനു മുമ്പായി അദ്ദേഹത്തോടു സലാം പറയാനും ഞങ്ങൾ പരമാവധി ശ്രമിച്ചു. അല്ലാഹുവിന്റെ ഔദാര്യം കൊണ്ടു പൂർണ ആരോഗ്യത്തോടെ തന്നെ ഷൈഖ് നമസ്കാരത്തിനെത്തി. പിന്നീടു പല ലോക രാജ്യങ്ങളിൽ നിന്നായെത്തിയ ഒരു സംഘം സലഫികളോടൊപ്പം അദ്ദേഹം ഞങ്ങളെ സ്വീകരിച്ചു.**

**പിന്നീട്, തന്റെ കൂടെ ഇശാ മഗ്‌രിബിനിടക്ക് ഇരിക്കാൻ അദ്ദേഹം ഞങ്ങളെ വീട്ടിലേക്ക് ക്ഷണിച്ചു. ഞങ്ങൾ അദ്ദേഹത്തെ പ്രതീക്ഷിച്ചിരുന്ന ലൈബ്രറിയിലേക്ക് അദ്ദേഹം ഇറങ്ങി വന്നു, അവിടെയുള്ള വിദ്യാർത്ഥികളുടെ സുഖവിവരങ്ങളന്വേഷിച്ചു. അവിടെ അപ്പോൾ ഇറാഖ്, ലിബിയ, മലേഷ്യ, ദമ്മാജിൽ നിന്നുള്ള രണ്ടു വിദ്യാർത്ഥികൾ എന്നിവരടക്കം ഏകദേശം 15 പേർ ഉണ്ടായിരുന്നു.**

**ഷൈഖ് ഒരു ജോലിക്കാരനോടു ഞങ്ങൾക്കു ചായ തരാനാവശ്യപ്പെട്ടു. പിന്നീട് ഷൈഖ് അവിടെ ഇരിക്കുകയും എല്ലാവരോടും സലാം പറയുകയും ചെയ്തു.**

**അവരുടെ താമസകാര്യത്തെപ്പറ്റി അന്വേഷിക്കുകയും ചെയ്തു. അതിനു ശേഷം അദ്ദേഹം മസ്ജിദുസ്സുന്നയിലെ സഹോദരങ്ങളോടു അവർക്കു വല്ല ആവശ്യവുമുണ്ടോ എന്ന് ചോദിച്ചു.**

**താങ്കളോടു സലാം പറയുക മാത്രമാണ് ഉദ്ദേശമെന്ന് ഞങ്ങൾ അദ്ദേഹത്തെ അറിയിച്ചു. പിന്നീട് അദ്ദേഹം മസ്ജിദുസ്സുന്നയിലെ അബൂ ആയിശ അഹ്മദ് ജുമു–അ യോടായി പറഞ്ഞു ''നിങ്ങൾ എവിടെ നിന്നാണ്?''**

**അബൂ ആയിശ അഹ്മദ് :ബ്രിട്ടനിൽ നിന്നാണ് ഷൈഖ്,**

**ഷൈഖ് റബീ: (ഒരു ചോദ്യവും കൂടാതെ പറഞ്ഞു) ''വല്ലാഹി എന്റെ അടുക്കൽ ഒരു പാടു കാര്യങ്ങളുണ്ട്. ശൈഖ് തന്റെ തല കുലുക്കിക്കൊണ്ടു വീണ്ടും പറഞ്ഞു ''വല്ലാഹി എന്റെ അടുക്കൽ ഒരു പാടു കാര്യങ്ങളുണ്ട്''**

**വല്ലാഹി ഇന്ന് ഒരു സലഫിയും ബാക്കിയില്ല, എല്ലാ സലഫികളും മുബ്തദി–ഉകളാണ്, അതെ വല്ലാഹി സലഫിയ്യത്തിൽ ഇന്ന് ആരും ബാക്കിയില്ല.**

**എല്ലാ സലഫികളുമിപ്പോൾ മുബ്തദി–ഉകളാണ, യഹ്യ ഒഴികെ! പ്രബോധകരും മശായിഖുമെല്ലാം അവന്റെ കാൽക്കീഴിലാണ്.**

അൽഹംദു ലില്ലാഹ്, വ ബ–അ്ദു:

ശൈഖ് റബീ ഹഫിദഹുല്ലായുടെ മനസ്സിലേക്ക കടന്ന വന്ന ഈ വാക്കകൾ എവിടെ നിന്നാണ വന്നതെന്ന് എനിക്കറിയില്ല. എല്ലാ സലഫികളും മുബ്ത–ദി–ഉകളാണെന്ന് പറയുക എന്നത്. ഞാൻ അങ്ങനെ വിശ്വസിക്കുകയോ വാദിക്കുകയോ ചെയ്യുന്നില്ല, ഇന്നുമില്ല, മുമ്പുമില്ല എനിക്കീ വാദം. എന്ന മാത്രമല്ല യഥാർത്ഥ സലഫി ആയ ഒരാളും ഇങ്ങനെ വാദിക്കുന്നതായും എനിക്കറിയില്ല.

ഇതു എവിടെ നിന്നാണ് വന്നതെന്ന് എനിക്കറിയില്ല, ഇതാ സലഫികൾ. ലോകത്ത് മുഴുവനമുള്ള സലഫികളെ നോക്കൂ. സൗദീ അറേബ്യയിലായാലും, ദമ്മാജിലായാലും, യമനിലെ മറ്റു പ്രദേശങ്ങളിലായാലും മറ്റു ലോകരാജ്യങ്ങളിലായാലും ശരി. അവരുടെയെല്ലാം പരിശ്രമങ്ങൾക്ക നമ്മൾ നന്ദിയുള്ളവരാണ്. ഹിസ്ബിയ്യത്തിന്റെയും ശിർക്ക് ബിദ്–അത്തുകളുടെയും ഖുറാഫാത്തുകളുടേയും കറപുരളാതെ അവർ നടത്തിക്കൊണ്ടിരിക്കുന്ന അധ്യാപനങ്ങൾക്കും ഗുണദോഷങ്ങൾക്കും എല്ലാം നമ്മൾ നന്ദി പറയുകയാണ.

വല്ലാഹി ഇന്ന് ഒരു സലഫിയും ബാക്കിയില്ല, എല്ലാ സലഫികളും മുബ്തദി–ഉകളാണ്, ഇത് എവിടെ നിന്നാണ് വന്നതെന്ന് എനിക്കറിയില്ല! ഞാൻ ജീവിതത്തിലൊരിക്കലും അങ്ങനെ പറഞ്ഞിട്ടില്ല.

എന്ന മാത്രമല്ല,ഒരു പ്രബോധകൻ പോയിട്ട് ഒരു വിദ്യാർത്ഥി പോലും അങ്ങനെ പറഞ്ഞതായി എനിക്കറിവില്ല. ഈ വിശ്വാസം വളരെ വിചിത്രമായ ഒരു വിശ്വാസമാകുന്ന. നമ്മളെല്ലാവരും അത് തള്ളിക്കളയുകയാണ്. നേരത്തെ പറഞ്ഞ തെളിവുകളുടെ അടിസ്ഥാനത്തിൽ ഒരു മുഅ്മിൻ തന്റെ സഹോദരനായ മുഅ്മിനിനെ കൊണ്ട് സന്തോഷിക്കും, അവനെ സഹായിക്കുകയും, പിന്തുണക്കുകയും ചെയ്യും. സലഫിയ്യത്തിൽ ഞാനല്ലാതെ ആരുമില്ലെന്നോ?

സലഫിയ്യത്തിൽ എന്റെ സഹോദരന്മാരല്ലാതെ ആരുമില്ലെന്നോ? എവിടെ നിന്നാണ് ഇതു വന്നത്? അഹ്ലുസ്സുന്നയിൽ പെട്ട ആരാണ് ഇതു പറഞ്ഞത്?

നമ്മുടെ വിദ്യാർത്ഥികളിൽ പെട്ട ആരെങ്കിലുമായിരുന്നെങ്കിൽ അവനെ നമ്മൾ ഉപദേശിക്കുമായിരുന്നു.

ഈ വാദം തെറ്റാണെന്ന് നാം പറയുകയും ചെയ്യുമായിരുന്നു. ഇനി നമ്മുടെ വിദ്യാർത്ഥികളല്ലാത്ത വല്ലവരുമാണ് അതു പറഞ്ഞതെങ്കിൽ നമുക്കു പറയാനുള്ളത്,

وَلَا تَكْسِبُ كُلُّ نَفْسٍ إِلَّا عَلَيْهَا[16]

ഓരോ ആത്മാവും അതിനെതിരിൽ മാത്രമാണ് (പാപങ്ങൾ) സമ്പാദിക്കുന്നത്.

ഈ വാദം എനിക്കറിയില്ല, എല്ലാവരും മുബ്തദിഉകൾ, പ്രബോധകരും മഷായിഖും എല്ലാം യഹ്‌യ ഒഴികെ എല്ലാവരും മുബ്തദിഉകൾ എല്ലാവരും എന്റെ കാൽക്കീഴിൽ ഇതൊന്നും എനിക്കറിയില്ല. പ്രബോധകരും മഷായിഖും, വല്ലാഹി ഞാൻ അവരെ ഒക്കെ ബഹുമാനിക്കുന്നവനാണ്, അവരെ ഞാൻ അല്ലാഹുവിനു വേണ്ടി സ്നേഹിക്കുന്നു. അവരുടെ എല്ലാം കിതാബുകൾ ഇതാ ഇവിടെ പഠിപ്പിക്കുന്നു. പ്രബോധകരുടെ, മഷായിഖിന്റെ, പണ്ഡിതന്മാരുടെ, ഒക്കെ ഗ്രന്ഥങ്ങൾ മുൻ കാലങ്ങളിലും ഇപ്പോഴുമൊക്കെ ഇവിടെ നമ്മൾ പഠിപ്പിക്കുന്നു. എനിക്കറിയില്ല, എങ്ങിനെയാണ് ഷൈഖിന് ഈ വാക്കു പറയാൻ സാധിച്ചതെന്ന്. അല്ലാഹുൽ മുസ്തആൻ.

ഈ വാക്ക് ദേഷ്യത്തിന്റെയും ക്ഷിപ്ര പ്രതികരണത്തിന്റെയും ഒരു സമയത്ത് പുറത്ത് വന്നതാണെന്നതിൽ സംശയമില്ല സഹോദരങ്ങളേ!

നിങ്ങൾക്കറിയാമല്ലോ ചില ആളുകളുടെ അടുക്കൽ ചില ദുഷിച്ച തന്ത്രങ്ങളുണ്ടായിരിക്കും. അവരിൽ ഒരാൾ ഒരു സ്ഥലത്ത് നിന്ന് വിളിക്കും ''യാ ഷൈഖ് ദഅ്‌വത്ത് വളരെ ഉഷാറായിട്ട് പോകുന്നുണ്ട് പക്ഷെ ഒരാൾ ഇങ്ങനെ ചെയ്തു. '' വേറെ ഒരു സ്ഥലത്തു നിന്ന് വിളിക്കും. ''യാ ഷൈഖ് ദഅ്‌വത്ത് വളരെ ഉഷാറായിട്ട് പോകുന്നുണ്ട് പക്ഷെ ഒരാളിൽ നിന്നു ഇങ്ങനെ ഉണ്ടായി.'' അദ്ദേഹമാകട്ടെ ആകാശം ഭൂമിയിലേക്ക് തകർന്നു വീണെന്ന് വിചാരിക്കും. അതെ, എല്ലാം തീർന്നു. പ്രബോധന മേഖലയിൽ ഈ പരാതിക്കാരേ ബാക്കിയുള്ളൂ എന്ന് വിചാരിക്കും. ഈ ദുഖാർത്തരായ പരിതാപക്കാർ മാത്രമേ സലഫിയ്യത്തിൽ ബാക്കിയുള്ളൂ എന്നും കരുതും!

യഥാർത്ഥത്തിൽ ആരാണ് ഇവരൊക്കെ, എന്താണിവരുടെ ലക്ഷ്യം. ആരെയാണിവർ ലക്ഷ്യം വെക്കുന്നത്?!

[16] سورة الأنعام 164

**അവന്റെ (യഹ്‌യ അൽഹജൂരിയുടെ) അനുയായികൾ സലഫികൾക്കെതിരിൽ ഘോര യുദ്ധം നയിക്കുകയാണ്.**

നമ്മൾ ചരിത്ര ഗ്രന്ഥങ്ങളിൽ അധികമായും കണ്ടിട്ടുള്ളത്, അസ്ഹാബ്, ഇഖ്‌വാൻ, തലാമീദ് തുടങ്ങിയ വാക്കുകളാണ്.. അനുയായികൾ എന്ന് പറയുകയാണെങ്കിൽ നമ്മളെല്ലാം റസൂലിന്റെ അനുയായികളാണ്.

അല്ലാഹു തആലാ പറഞ്ഞു,

اتَّبِعُوا مَا أُنْزِلَ إِلَيْكُمْ مِنْ رَبِّكُمْ وَلَا تَتَّبِعُوا مِنْ دُونِهِ أَوْلِيَاءَ قَلِيلًا مَا تَذَكَّرُونَ[17]

(നിങ്ങൾക്ക് നിങ്ങളുടെ റബ്ബിൽ നിന്ന് അവതരിച്ചു കിട്ടിയതിനെ നിങ്ങൾ പിന്തുടരുക. അവനു പുറമെ നിങ്ങൾ ഔലിയാക്കളെ പിന്തുടരരുത്, നിങ്ങൾ അല്പം മാത്രമേ ചിന്തിക്കുന്നുള്ളൂ). അതെ, നമ്മൾ സലഫികളെല്ലാം അല്ലാഹുവിന്റെ കിതാബിന്റെയും റസൂലിന്റെ സുന്നത്തിന്റെയും അനുയായികളാകുന്നു, സലഫിന്റെ മൻഹജിന്റെ അടിസ്ഥാനത്തിൽ.

**അവന്റെ അനുയായികൾ സലഫികൾക്കും സലഫിയ്യത്തിനുമെതിരെ യുദ്ധം നയിക്കുകയാണ്.**

ഇതു ശരിയല്ല, എന്റെ സഹോദരന്മാർ സലഫിയ്യത്തിനും സലഫികൾക്കും എതിരെ യുദ്ധം നയിക്കുകയോ? അവർ സലഫിയ്യത്തിന്റെ പേരിൽ ഉപദ്രവങ്ങൾ സഹിച്ചു കൊണ്ടിരിക്കുകയാണ്! അവർ ഇതിലേക്ക് ക്ഷണിക്കുന്നവരും അതിനെതിരായ ആശയങ്ങൾക്കെതിരെ ശബ്ദിക്കുന്നവരുമാണ്.

ഇനി എന്റെ സഹോദരങ്ങളാൽ ആക്രമിക്കപ്പെടുന്നവരെന്ന് പറയുന്ന ഈ ''സലഫികൾ'' ആരാണ്? ഇതു കേട്ടാൽ തോന്നുക, സലഫികളെന്ന് പറഞ്ഞാൽ അദനിയും ഇവിടെ പഠിച്ചിരുന്ന ചില വിദ്യാർത്ഥികളും അവരെ സഹായിക്കുകയും അവർക്ക് വേണ്ടി വാദിക്കുകയും ചെയ്ത ഉബൈദിനെ പോലുള്ളവരും മാത്രമാണെന്ന്!

ഇതു ശരിയല്ല, ഇതു അതിശയോക്തിപരമാണ്. നമ്മുടെ അടുക്കൽ പഠിച്ചിരുന്ന ചിലയാളുകൾ. അവർ ഷൈഖിന്റെ കാലത്തേ ഇവിടെ പഠിക്കുന്നവരാണ്, അദ്ദേഹത്തിന്റെ മരണശേഷവും അവരിവിടെ തുടർന്നു. അവരിൽ നിന്ന് വ്യക്തമായ കുഴപ്പങ്ങൾ ഉണ്ടായി. അതു ഇവിടെ ഇരിക്കുന്ന എല്ലാവരും കേട്ട് കേൾവിയായി മറ്റുള്ളവരും അറിഞ്ഞിട്ടുള്ള ഒരു യാഥാർത്ഥ്യമാകുന്നു.

[17] سورة الأعراف 3

ഇവിടെയുള്ള ഖൈറിനെപ്പറ്റി കേട്ടറിഞ്ഞ് അതി വിദൂരമായ നാടുകളിൽ നിന്നൊക്കെ വിദ്യാർത്ഥികൾ പല പ്രയാസങ്ങളും സഹിച്ച് ഇവിടെ എത്തും. ഇവിടെ ഇരുന്ന് ഫിത്നയുണ്ടാക്കുന്ന ആളുകൾ അവനെ പിന്നാലെ കൂടി സംസാരിച്ച് സംസാരിച്ച് അവൻ ഒരു പ്രയോചനവും നേടാതെ, ഒരല്പം സ്വഭാവഗുണം പോലും സമ്പാദിക്കാതെ ഇവിടം വിട്ട് പോകും. തിരിച്ചു പോകുമ്പോൾ അവൻ ഒരു തെറി വിളിക്കാരൻ മാത്രമായിരിക്കും! ഷൈഖ് റബീഅ് അദ്ദേഹത്തിന് ഇങ്ങനെ ഒരു അവസ്ഥ വരുന്നത് ഇഷ്ടപ്പെടുമോ? ഷൈഖിന്റെ ഹൽഖയിൽ ഇങ്ങനെ ഒരു അവസ്ഥ അദ്ദേഹത്തിന് ഇഷ്ടമാകുമോ? അല്ലെങ്കിൽ മറ്റേതെങ്കിലും ഒരു ആലിം അദ്ദേഹത്തിന്റെ സദസ്സിൽ ഇത്തരം ഒരവസ്ഥ വരുന്നത് ഇഷ്ടപ്പെടുമോ?

അധ്യാപകനെ ബഹുമാനിക്കുന്നതിന്റെ തെളിവുകൾ അറിയപ്പെട്ടതാണല്ലോ? ഒരു സഹോദരൻ തന്റെ സഹോദരനെ ബഹുമാനിക്കുന്നതിന്റെ തെളിവുകളും അറിയപ്പെട്ടതാണല്ലോ? തനിക്കു കഴിയും വിധത്തിലൊക്കെ ഉപകാരപ്രദമായ കാര്യങ്ങൾ ചെയ്യുന്നതിന്റെ തെളിവുകളും അറിയാവുന്നതാണല്ലോ? ഇതെല്ലാം തന്നെ ദീനിന്റെ അതിർത്തിക്കുള്ളിൽ വ്യക്തിപൂജയിലേക്കു പോകാത്ത നിലക്കു മാത്രം.

അവർ ഇവിടെ ഈ മർകസിൽ ഇരുന്ന കൊണ്ടു രജിസ്ട്രേഷൻ നടത്തുകയായിരുന്നു. ''ആരാണോ ഫയൂഷിലെ മർക്കസിൽ[18] ചേരാനുള്ളത് അവർ രെജിസ്ടർ ചെയ്യുക!'' ഞാൻ അന്നേ പറഞ്ഞതാണ്, സഹോദരന്മാരേ

ഈ രജിസ്ട്രേഷൻ തെറ്റാണ്. ഇപ്പോൾ നിങ്ങൾ ഒരു ഇൽമിന്റെ ഹൽഖയിലാണ് ഇരിക്കുന്നത്. ആരെങ്കിലും മറ്റുവല്ല മർക്കസിലും ചേരാനോ ദഅ്വത്തിനു വേണ്ടി പുറത്ത് പോകാനോ ആഗ്രഹിക്കുന്നുവെങ്കിൽ ആയിക്കോട്ടെ, എല്ലാ സലഫീ മർക്കസുകളെയും നമ്മൾ നമുക്കു കഴിയുന്ന പോലെ പിന്തുണക്കുന്നുണ്ട്. വല്ലവരും ഇവിടെ നിന്ന് വിട്ട് നിങ്ങളുടെ പുറത്തുള്ള മർക്കസിൽ ചേരാൻ വന്നാൽ അവൻ അല്ലാഹുവിന്റെ സംരക്ഷണയിലായിരിക്കട്ടെ എന്ന് നാം പ്രതീക്ഷിക്കുകയാണ്

ഞാൻ ഈ നസീഹത്തു കൊടുത്തതോടു കൂടി അവർ എനിക്കെതിരിൽ വലിയ പ്രചാരണം ആരംഭിച്ചു. അതു പരിധി വിട്ടപ്പോൾ ഞാൻ അവരോടു ഇങ്ങനെ പറയാൻ നിർബന്ധിതനായി ''സഹോദരാ ആരാണോ ഈ ഖൈറിൽ നമ്മോടൊപ്പം നിൽക്കാൻ ആഗ്രഹിക്കുന്നത്, അവൻ നമ്മോടൊപ്പം നിന്നു കൊള്ളട്ടെ, ആരാണോ അതിനു തയ്യാറല്ലാത്തത് അല്ലാഹുവിന്റെ ഭൂമി വിശാലമാണല്ലോ''

[18] ദമ്മാജിൽ ഫിത്നയുണ്ടാക്കിയ അബ്ദുറഹ്മാൻ അൽ അദനീ എന്ന അധ്യാപകൻ ഫയൂഷ് എന്ന സ്ഥലത്ത് മറ്റൊരു മർക്കസ് തുടങ്ങുന്നുണ്ട്, അത് ദമ്മാജിനേക്കാൾ വലുതായിരിക്കും, ദമ്മാജാകട്ടെ ഷിയാക്കളുടെ ആക്രമണത്തിൽ നശിച്ചു പോകാൻ സാധ്യതയുണ്ട് എന്നെല്ലാം പറഞ്ഞു ദമ്മാജിൽ പ്രചാരണം നടത്തിയിരുന്നു. എന്ന് മാത്രമല്ല, പുതിയ മർക്കസിൽ ചേരാൻ താല്പര്യമുള്ളവരുടെ പേരുകൾ അവർ രേഖപ്പെടുത്തുകയും അതിന്റെ അടിസ്ഥാനത്തിൽ രഹസ്യമീറ്റിങ്ങുകൾ, പുതിയ മർകസിലേക്ക് മാറാൻ താല്പര്യമില്ലാത്തവർക്കെതിരെ ശത്രുത കാണിക്കൽ തുടങ്ങിയ പല കുഴപ്പങ്ങളും ഉണ്ടാക്കുകയും തൽഫലമായി ദമ്മാജിൽ സമാധാനപരമായ അധ്യയനാന്തരീക്ഷം തന്നെ തകരാറിലാക്കുകയും ചെയ്തിരുന്നു. എന്നാൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ അവരിൽ പ്രമുഖരെ പുറത്താക്കുക വഴി ഷൈഖ് യഹ്യ ലോക മുസ്ലിമീങ്ങൾക്കു വേണ്ടി ദമ്മാജിന്റെ സമാധാനാന്തരീക്ഷം പുനസ്ഥാപിച്ചു

ഷൈഖ് റബീഉം എന്റെ ഈ വാക്കിനെ പിന്തുണച്ചിരൂന്നതാണ് അന്ന്, അതെ അബുൽഖത്താബിനെ[19] പുറത്താക്കാൻ ആവശ്യപ്പെട്ടു കൊണ്ടു അദ്ദേഹം പറഞ്ഞു, അവൻ അവന്റെ നാട്ടിൽ പോയി കൊണ്ട് ഫിത്ന ഉണ്ടാക്കിക്കൊള്ളട്ടെ, ദമ്മാജിൽ ഫിത്നയുണ്ടാക്കാൻ സമ്മതിക്കേണ്ട എന്ന്. അതു വളരെ ശരിയാണ്, എന്നെ ഷൈഖ് മുഖ്ബിൽ ഏല്പിച്ചതാണ് ഈ മർകസിന്റെ കാര്യം. ഞാനിത് വീമ്പു പറയുന്നതല്ല മറിച്ചു ഇതൊരു യാഥാർത്ഥ്യമാണ്.

ഖൈറുള്ള എത്രയെത്ര സ്ഥലങ്ങളിലാണ് ഖൈറിന്റെ പേരിൽ ഫിത്നക്കാർ കയറി നശിപ്പിച്ചിട്ടുള്ളത്

അത്തരം ഫിത്നക്കാർക്ക് അവരുടേതായ ലക്ഷ്യങ്ങളും പദ്ധതികളുമുണ്ടായിരിക്കും. അങ്ങനെ അവരിൽ പലരോടും ഈ വാക്ക് ഞാൻ പറഞ്ഞു. ഇവിടം സന്ദർശിച്ച പല സന്ദർശകരും ഇത് കേട്ടിട്ടുണ്ടായിരിക്കും

ആരാണോ ഇവിടെ തുടരാൻ ആഗ്രഹിക്കുന്നത്, ഞാൻ അവന്റെ സഹോദരനും അവൻ എന്റെ സഹോദരനും ആയിരിക്കും സുന്നത്തിലും വിജ്ഞാനസമ്പാദനത്തിലുമായിക്കൊണ്ടു നമുക്ക ജീവിക്കാം. എന്നാൽ ഈ കുതന്ത്രങ്ങൾ, ദർസിനു വരാതെ മാറി നിൽക്കൽ ഇതൊന്നും നാം അനുവദിക്കില്ല. ഒരുത്തൻ പറയുന്നത് ഹജൂരിയുടെ അടുത്ത് ദീനില്ല, വേറെ ഒരുത്തൻ വേറെ അസഭ്യങ്ങൾ എന്നെ കുറിച്ച് പറഞ്ഞു കൊണ്ടിരുന്നു. ഇത് ആരും തന്നെ ഇഷ്ടപ്പെടുകയില്ല, ഷൈഖ് റബീഅ് ആയാലും മറ്റ് ആരായാലും ശരി ആരും തന്നെ ഇത് ഇഷ്ടപ്പെടുകയില്ല.

നബി  പറഞ്ഞിരിക്കുന്നു

وَلْيَأْتِ إِلَى النَّاسِ الَّذِي يُحِبُّ أَنْ يُؤْتَى إِلَيْهِ،..[20]

(ജനങ്ങൾ തങ്ങളോട് എങ്ങനെയാണോ പെരുമാറാനാഗ്രഹിക്കുന്നത് അപ്രകാരം ജനങ്ങളോടങ്ങോട്ടു പെരുമാറുക.)

അവരുടെ കുഴപ്പങ്ങളും ഫിത്നയും പ്രകോപനങ്ങളുമെല്ലാം പല പുസ്തകങ്ങളിലായി നമ്മൾ വ്യക്തമാക്കിയതാണ്. അവർക്ക ഒരിക്കലും നിഷേധിക്കാനാവാത്ത തെളിവുകളോടെ അവരുടെ ഹിസ്ബിയ്യത്ത് നമ്മൾ തെളിയിച്ചിട്ടുമുള്ളതാണ്.

[19] അദനിക്കു വേണ്ടി ദമ്മാജിൽ പ്രചാരവേല നടത്തിയ ഒരു കുഴപ്പക്കാരനായിരുന്നു അബുൽ ഖത്താബ് അല്ലീബി. അയാളെ ദമ്മാജിൽ നിന്ന് പുറത്താക്കാൻ യഹ്യയോട് പറ എന്ന് ഷൈഖ് റബീഅ് പറഞ്ഞതായി അബുൽഹുമാം അൽബൈദാനീ പറഞ്ഞിരുന്നു. എന്നാൽ അയാളെ പുറത്താക്കിയാൽ സ്വന്തം നാടായ ലിബിയയിൽ അന്നത്തെ ഗദ്ദാഫീ ഭരണകൂടം അയാളെ ഉപദ്രവിക്കാൻ സാധ്യതയുണ്ട് എന്നായിരുന്നു ഷൈഖ് യഹ്യയുടെ നിലപാട്, പക്ഷെ അതു നോക്കേണ്ടതില്ല, ദമ്മാജിന്റെ സുരക്ഷയ്ക്ക് വേണ്ടി അവനെ പുറത്താക്ക്, അവൻ അവന്റെ നാട്ടിൽ പോയി ഫിത്നയുണ്ടാക്കിക്കൊള്ളട്ടെ എന്ന് ഷൈഖ് റബീഅ് പറഞ്ഞു. ഇതെല്ലാം സാക്ഷിമൊഴികളുടെ അടിസ്ഥാനത്തിൽ മുഖ്തസറുൽ ബയാനിൽ വിശദീകരിച്ചിട്ടുണ്ട്.

[20] حديث عبد الله بن عمرو بن عاص في صحيح مسلم 1844

അവരുണ്ടാക്കിയ കുഴപ്പം ഷൈഖ് മുഖ്ബിൽ പുറത്താക്കിയ ജംഇയ്യത്തുൽ ഹിക്മയുടെ ആളുകൾ അന്നുണ്ടാക്കിയതിനേക്കാൾ എത്രയോ വലുതായിരുന്നു,

അതു പോലെ, ഇവിടെ നിന്നും തനിക്കെതിരെ കുഴപ്പമുണ്ടാക്കിയപ്പോൾ ഷൈഖ് മുഖ്ബിൽ പുറത്താക്കിയ ജംഇയ്യത്തുൽ ഇഹ്സാൻ കാരെക്കാൾ വലിയ ഫിത്നയായിരുന്നു ഇവർ ഇവിടെ ഉണ്ടാക്കിയത്. കാര്യം ഇങ്ങനെ ആയിരിക്കെ അവർ നമുക്കെതിരെയുള്ള വിപ്ലവം തുടർന്നു പോന്നു. അവർക്കു പിന്നിലുണ്ടായിരുന്ന ഗൂഢശക്തികൾ അവരെ സഹായിച്ചു കൊണ്ടിരുന്നു. അവരിൽ പലരും അല്ലാഹുവാണെ സത്യം പടു വിഡ്ഢികളാണ്!

അവർക്ക് ആകെയുള്ള പണി കാറിൽക്കയറി ഒരു ആലിമിന്റെ അടുത്തു പോയി അടുത്ത ആലിമിന്റെ അടുത്തു ചെന്നു തമ്മിൽ തല്ലിക്കുക എന്നത് മാത്രമാണ്!

അങ്ങനെയിരിക്കെ ഷൈഖ് ഉബൈദിൽ നിന്ന് ഒരു സംസാരം പുറത്തു വന്നു. അന്നേ ഞാൻ അദ്ദേഹത്തോടു പറഞ്ഞതാണ് "ഷൈഖ്, ഇവർ ഇങ്ങനെ ഇങ്ങനെ ഒക്കെ ഉള്ളവരാണ്. അവർ ഇവിടെ ഫിത്നയുണ്ടാക്കി പുറത്തു പോയവരാണ്, അവർ ഇന്നാലിന്ന പണികളൊക്കെ ചെയ്തിട്ടുണ്ട്."

ഈ സംസാരമൊക്കെ നിങ്ങൾക്ക് തുടക്കത്തിൽ ഞാനും ഷൈഖ് ഉബൈദും തമ്മിൽ നടന്നിട്ടുള്ള കത്തിടപാടുകളിൽ വായിക്കാവുന്നതാണ്. അതെല്ലാം നെറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. അവർ മഷായിഖിന്റെ അടുത്തു വളരെ വിനീതരായ ആളുകളുടെ രൂപത്തിൽ ചെന്ന്, ഞങ്ങളുടെ ഷൈഖേ, ഇങ്ങനെ സംഭവിച്ചു, ഞങ്ങളുടെ ഷൈഖേ ഒരാൾ ഇങ്ങനെ ചെയ്തു എന്നൊക്കെ പറഞ്ഞു ഫലിപ്പിക്കും. അങ്ങനെ ഇവരുടെ നിരന്തരമായ ശ്രമങ്ങളുടെ ഫലമായി ഈ മഷായിഖിൽ അവർ സ്വാധീനം ചെലുത്തിയെന്ന് വരും. നമീമത്തിനെ പറ്റി പറഞ്ഞതു പോലെ അവർ സാഹിരീങ്ങൾക്കു പോലും ചെയ്യാൻ സാധിക്കാത്ത വിധത്തിലുള്ള കുഴപ്പമുണ്ടാക്കുന്നു. അങ്ങനെ ഈ കൂട്ടർ ദഅ്വത്തിൽ വമ്പൻ ഫിത്നയുണ്ടാക്കി. പിന്നീടു ഞാൻ വിചാരിച്ചു, മഷായിഖ് ഈ വിഷയത്തിൽ ഇടപെട്ടാൽ ഒരു പരിഹാരമായേക്കുമെന്ന്.

അങ്ങനെ മഷായിഖിനെ ഇങ്ങോട്ട് ക്ഷണിക്കുകയും അവർ ഇവിടെ വന്ന് എന്നോടൊന്നിച്ചിരിക്കുകയും ചെയ്തു. അന്ന് ഇവിടെ നടന്ന രെജിസ്ട്രേഷനെ അവർ എതിർക്കുകയും ചെയ്തു. അതു നിർത്തി വെക്കണമെന്ന് അവർ വിധിക്കുകയും ചെയ്തു, രെജിസ്ട്രേഷൻ നിർത്തി വെക്കണം. അദനി അത് അനുസരിച്ചില്ല! അവർ ഒരു കടലാസിൽ അവിടെ വെച്ച് എഴുതി, അഥവാ ഫയൂഷിലെ മർകസ് മഷായിഖിന്റെ നിയന്ത്രണത്തിലായിരിക്കണം എന്ന്. എന്നെയും അവർ അതിൽ ഉൾപ്പെടുത്തി. അതെ! അവർ അദനിയെക്കൊണ്ടു അവനുണ്ടാക്കിയ ഫിത്ന സമ്മതിപ്പിച്ചു. എത്രത്തോളമെന്നാൽ അവൻ നടത്തിയ രെജിസ്ട്രേഷൻ അടക്കമുള്ള പല പ്രവർത്തികളുടെയും പേരിൽ അവനോട് മാപ്പു ചോദിക്കാൻ അവർ ആവശ്യപ്പെട്ടു.

അങ്ങനെ അവർ പിരിഞ്ഞു പോയി, ഞാനും അവിടെ നിന്നു മടങ്ങി. പക്ഷെ അവർ എന്റെയും മറ്റുള്ളവരുടെയും ഇടയിൽ കുഴപ്പമുണ്ടാക്കുന്നത് തുടർന്നു.

ഇപ്പോൾ ഷൈഖ് റബീഅ് ഹഫിദഹുല്ലായിൽ നിന്ന് ഉണ്ടായിക്കൊണ്ടിരിക്കുന്ന അത്ഭുതകരമായ ഈ പ്രചാരണവും ആ കുത്തിത്തിരിപ്പിന്റെ ഫലം മാത്രമാണ്, അതിനപ്പുറം ഒരു തരിമ്പുമില്ല. ദഅ്വത്ത് നല്ല നിലയിൽ മുന്നോട്ടു പോയിക്കൊണ്ടിരിക്കുകയാണ. പക്ഷെ ഇതു പോലുള്ള ചിലർ ഫിത്നയുണ്ടാക്കാനായി കിണഞ്ഞു പരിശ്രമിച്ചു കൊണ്ടിരിക്കുന്നു.

അവരുടെ ഉപദ്രവത്തിൽ നിന്ന് ജനങ്ങൾ സുരക്ഷിതരായിരിക്കുന്നതിനായി അവരുടെ അവസ്ഥ വിശദീകരിക്കേണ്ടതുണ്ട്. ഇവരുണ്ടാക്കിയ എല്ലാ ഫിത്നകളും കൂടെ ഇപ്പോൾ എനിക്കു വിശദീകരിക്കാൻ സാധിക്കുകയില്ല, എന്നാൽ പല ലഘുലേഖകളിലായി അതു രേഖപ്പെട്ടു കിടക്കുന്നുണ്ട്.

അവരുടെ കള്ളപ്രചാരങ്ങളെയും അവർ ചെയ്ത ഉപദ്രവങ്ങളെയും സംബന്ധിച്ച് വ്യക്തമായി വിശദീകരിച്ച പുസ്തകങ്ങളുണ്ട; മുഖ്തസറുൽ ബയാൻ പോലെ. ആ വക പുസ്തകങ്ങൾ നിങ്ങൾ വായിച്ചു നോക്കുക. അവർ നമുക്കു നേരെ നടത്തിയ വിപ്ലവവും നമുക്കുണ്ടാക്കിയ ഉപദ്രവങ്ങളും അപ്പോൾ നിങ്ങൾക്ക് മനസ്സിലാകും.

ഇതാണിപ്പോൾ നമ്മൾ സലഫികൾക്കെതിരാണെന്ന് പറയാനുള്ള അടിസ്ഥാനം. മറ്റു സലഫികളാണെങ്കിൽ അവരും നമ്മളും തമ്മിൽ പ്രശ്നമൊന്നുമില്ല. ഇവരാണെങ്കിലോ, ഇവർ നമുക്കെതിരെ പ്രശ്നങ്ങളുണ്ടാക്കിയവരാണ്. നമ്മൾ അപ്പോഴേ അവരെ എതിർത്തു. അവരുടെ ഫിത്ന നമ്മൾ വ്യക്തമാക്കിയതാണ്, അവരുടെ ഹിസ്ബിയ്യത്ത് നമ്മൾ തെളിവുസഹിതം പുറത്തു കൊണ്ടു വന്നതാണ്.

ഇതാണ് സംഭവിച്ചത്! നമ്മൾ അക്രമിക്കപ്പെട്ടവരും അവർ ഫിത്നക്കാരുമാണ്.

ഞാൻ അവരിൽ പലരെയും വളരെ സ്നേഹിച്ചിരുന്നതാണ്. അവരിൽ പലരെയും ഞാൻ വളരെ അധികം പ്രോത്സാഹിപ്പിക്കുകയും അവരുടെ പല പുസ്തകങ്ങൾക്കും ആമുഖങ്ങൾ എഴുതിക്കൊടുക്കുകയും അവരുടെ വളർച്ചയിൽ വളരെ അധികം സന്തോഷിക്കുകയും ചെയ്തിട്ടുള്ളതാണ്.

അവരിൽ പലരും ഇന്ന് ഈ ചതിയിൽ പെട്ട് കിടക്കുകയാണ്, അവരുടെ പള്ളികളിൽ പലതും അഹ്ലുസ്സുന്നയുടെ പള്ളികൾ പോലെ അല്ല ഇന്നുള്ളതെന്ന് എല്ലാവർക്കുമറിയാമല്ലോ. അവരിൽ പലരും ഇൽമു തന്നെ വിട്ടു പോയി. അങ്ങനെ അല്ലാഹുവിന്റെ സഹായത്താൽ ഈ ഫിത്നയിൽ നിന്ന് അകന്ന് നിന്നവർ രക്ഷപ്പെട്ടു.

ഇത് ഒരു പച്ചയായ യാഥാർത്ഥ്യമാകുന്നു. ഇവിടെ ഹാജറുള്ളവനും അകലെയുള്ളവനുമെല്ലാം അറിഞ്ഞിട്ടുള്ള കാര്യമാണിത്.

**ബിദ്അത്തുകാരാകട്ടെ സമാധാനത്തിലിരിക്കുകയാണ്.**

എന്നെപ്പറ്റിയായിരിക്കില്ല അവർക്ക് സമാധാനം! അവർക്ക് എന്നെക്കുറിച്ച് സമാധാനമുണ്ടാകാൻ വഴിയില്ല. ഇനി വല്ലവരും സമാധാനിക്കുന്നുണ്ടെങ്കിൽ അവർ സമാധാനിച്ചു കൊള്ളട്ടെ, നമ്മൾ അവരെ എതിർക്കുകയും ചെയ്യാം. എന്തായാലും എന്നെയും എന്റെ വിദ്യാർഥികളെയും പറ്റി ബിദ്അത്തുകാർക്ക് സമാധാനമുണ്ടാകുമെന്ന് തോന്നുന്നില്ല. ഞങ്ങളെ അവർ കൈകാര്യം ചെയ്ത രീതി നിങ്ങളെല്ലാം അറിഞ്ഞതാണല്ലോ? വല്ലാഹി, റാഫിദികളടക്കമുള്ള ബിദ്അത്തുകാർ ഞങ്ങളെ ഉപദ്രവിച്ചത് ഞങ്ങൾ അവരെ സമാധിനിപ്പിച്ചതു കൊണ്ടല്ല. മറിച്ച് ഞങ്ങൾ അവരെ എതിർക്കുന്നത് കൊണ്ടാണ് അവർ ഞങ്ങളെ ഉപദ്രവിച്ചത്.

**ബിദ്അത്തുകാർ സമാധാനിക്കുകയും കളിച്ചു രസിക്കുകയുമാണ്. ഇതാണൊ സൽ സ്വഭാവം?**

വല്ലാഹി ഞാൻ ഇതു ഇഷ്ടപ്പെടുന്നില്ല. വല്ലാഹി ഞാൻ വർഷങ്ങളോളം ക്ഷമിച്ചിട്ടുണ്ട്. വല്ലാഹി വർഷങ്ങളോളമായി ഞാൻ അനുഭവിച്ചു കൊണ്ടിരിക്കുന്ന പ്രയാസങ്ങളും സമ്മർദ്ദങ്ങളും ഞാൻ ക്ഷമയോടെയാണ സ്വീകരിക്കുന്നത്. വല്ലാഹി ഞാൻ സലഫിയ്യത്തിനു വേണ്ടി ഒരുപാടു സഹിക്കുന്നുണ്ട്.

സലഫിയ്യത്തിനെ പിന്തുണക്കാൻ വേണ്ടി ഒരുപാടു സഹിക്കുന്നുണ്ട് ഞാൻ. ഇവിടെ ഇരിക്കുന്ന എല്ലാവർക്കും അറിയാവുന്നതാണത്. ഞാനിത് ഗമക്കോ അഹങ്കാരത്തിനോ വേണ്ടി പറയുന്നതല്ല, ലോകമാന്യത്തിനോ പെരുമക്കോ വേണ്ടിയുമല്ല. ഭൂമിയിൽ നിഗളിക്കാനോ വലിയ ആളാകനോ വേണ്ടിയുമല്ല, അല്ലാഹു സാക്ഷി.

എന്നിട്ടും നമ്മെക്കുറിച്ച് ഇങ്ങനെയുള്ള ആരോപണങ്ങളോ? ഇത് തെറ്റാണ്, അല്ലാഹുവാണെ സത്യം ഇതു തെറ്റാണ്.

ഇത് ഇമാം അഹ്മദ് പറഞ്ഞതായിരുന്നെങ്കിൽ പോലും അദ്ദേഹത്തെ പണ്ഡിതന്മാർ വിമർശിക്കുമായിരുന്നു!

**പല ലോകരാജ്യങ്ങളിൽ നിന്നും നമുക്കു പരാതികൾ കിട്ടുന്നുണ്ട്.**

യാ ഷൈഖ്, അല്ലാഹു تعالى താങ്കൾക്ക് തൗഫീഖ് നൽകട്ടെ, ഈ പരാതികൾ കെട്ടിച്ചമക്കപ്പെട്ടതാണ്! ഇവിടെ എനിക്കെതിരായി ഫിത്നയുണ്ടാക്കിയ ഒരു കൂട്ടം ആൾക്കാർ, അവർ എനിക്കെതിരെ കുഴപ്പമുണ്ടാക്കി, ഈ ദഅ്വത്തിനെതിരെ കുഴപ്പമുണ്ടാക്കി. ഈ ദഅ്വത്ത് മുസ്ലിം ലോകത്തിന്റെ അവകാശമാണ്. ഇത് യഹ്‌യയുടെയോ ഷൈഖ് മുഖ്ബിലിന്റെയോ ദഅ്വത്തല്ല, ഇതു മൊത്തം മുസ്ലിം ലോകത്തിന്റെ ദഅ്വത്താണ്, ഇതിന്റെ

പ്രയോജനം മൊത്തം മുസ്ലിം ലോകത്തിനാണ്. അല്ലാഹുവിന്റെ സത്യദീനിന്റെ കണക്കിലാണ് ഇത് പെടുക. അതിനാൽ അടുത്തവനാകട്ടെ അകലെയുള്ളവനാകട്ടെ ആരും തന്നെ ഇതിനെ ഉപദ്രവിക്കാൻ ധൈര്യപ്പെടേണ്ടതില്ല.

അതെ, പരാതികൾ വരുന്നത്, കുഴപ്പക്കാരുടെ അടുത്തു നിന്നായിരിക്കും.

ഉലമാക്കൾക്ക് ഫോൺ വിളിക്കുന്ന ആളുകൾ പലതരക്കാരായിരിക്കും. പല കക്ഷികളായിരിക്കൂം. അത് എനിക്ക് വിളിക്കുന്നവരായാലും, താങ്കൾക്ക് വിളിക്കുന്നവരായാലും മറ്റേതൊരു ആലിമിന് വിളിക്കുന്നവരായാലൂം ശരി.

അവരിൽ, ചില വിഷയങ്ങളൊന്നും പറഞ്ഞാൽ മനസ്സിലാകാത്തവരുണ്ടാകും. അവരിൽ പെരും നുണയന്മാരുണ്ടാകും, ഫിത്നയും തമ്മിൽ തല്ലും ഉണ്ടായിക്കാണാൻ ആഗ്രഹിച്ച് അതിനു വേണ്ടി പണിയെടുക്കുന്നവരുണ്ടായിരിക്കും. ഷൈഖ് യഹ്‌യയും ഷൈഖ് റബീഉം തമ്മിൽ അല്ലെങ്കിൽ വേറെ രണ്ടു ഷൈഖുമാർ തമ്മിൽ പ്രശ്നമുണ്ടാകുക എന്നത് അവരെ സംബന്ധിച്ചിടത്തോളം ഒരു പ്രശ്നമേ ആയിരിക്കില്ല, മറിച്ച് അവർ അതു കണ്ട് സന്തോഷിക്കുകയാണ് ചെയ്യുക. എന്നിട്ട് അവൻ ഇന്റർനെറ്റിൽ എഴുതും, അവനു തന്നെ ഒരു ഇരുപത് പേരുകൾ കാണും. ഒരു പേരിൽ അവൻ എഴുതും. അതിന്റെ താഴെ ജസാകല്ലാഹു ഖൈറൻ യാ അബാഫുലാൻ എന്ന് അവൻ തന്നെ വേറെ പേരിൽ എഴുതും. അതിനു താഴെ അവൻ തന്നെ, മാഷാ അല്ലാഹ് അലൈക യാ അബാ ഫുലാൻ എന്ന് ഇനിയും വേറെ ഒരു പേരിൽ എഴുതിക്കളയും! അങ്ങനെ അവർ ഫിത്നകൾ ആളിക്കത്തിക്കുകയും മാറിനിന്ന് ചിരിക്കുകയും ചെയ്യും. അദ്ദേഹത്തിന് (ഷൈഖ് റബീഇന്) അറിയുന്നതാണ് ഇതൊക്കെ.

അതെ, ഈ ഫോൺ വിളിക്കാരൊക്കെ ഏതു തരക്കാരാണെന്ന് നമുക്കറിയില്ല.

അവർ എന്നോടും ഈ വിദ്യാലയത്തോടും ഈ ദഅ്‌വത്തിനോടും അസൂയയുള്ളവരാകാം.

അസൂയ എന്നത് അറിയപ്പെട്ട കാര്യമാണല്ലോ, അഥവാ ഏതൊരു ഖൈറിനും അത് ചെറുതോ വലുതോ ആകട്ടെ അതിന് അസൂയക്കാരുണ്ടാകും എന്നത്.

ഒരു പക്ഷെ അവർ ഫിത്നക്കായി ഓടിനടന്ന് പണിയെടുക്കുന്നവരും ആകാവുന്നതാണ്. അവർ യതൊരു വകതിരിവുമില്ലാത്തവരാകാനും സാധ്യതയുണ്ട്.

അസ്ൽ എന്ന് പറഞ്ഞാൽ ഒരു മനുഷ്യൻ വളരെ വ്യക്തമായി ഒരു കാര്യത്തെയേ പിന്തുടരാവൂ എന്നതാണ്. ദമ്മാജിലെ ദാറുൽ ഹദീസ് നന്മയുടെ ഒരു ഉറവിടമായിട്ടാണ് പരിഗണിക്കപ്പെടുന്നത്; മുൻ കാലങ്ങളിലും, അതെ, ഇപ്പോഴും അങ്ങനെ തന്നെ.

അങ്ങനെയുള്ള ഒരു സ്ഥാപനത്തിന്റെ വിഷയത്തിൽ അനറബികളും അജ്ഞാതരും വിദേശികളുമായ ഏതോ ഫോൺ വിളിക്കാരനെ വിശ്വസിക്കുന്നതെന്തിനാണ്? ഇതു ശരിയല്ല, ബാറകല്ലാഹു ഫീകും.

**വല്ലാഹി, ചില ആളുകൾ ദമ്മാജിൽ പോയി രണ്ടോ മൂന്നോ ദിവസം അല്ലെങ്കിൽ ഒന്നോ രണ്ടോ മാസം ഇരിക്കും. എന്നിട്ട് റഷ്യ പോലെയുള്ള ഏതെങ്കിലും ദൂര നാട്ടിൽ പോയി ഉബൈദ് ഉബൈദ് യഹ്‌യ യഹ്‌യ എന്നു പറഞ്ഞു കൊണ്ടിരിക്കും.**

ഞാൻ പറയട്ടെ, ബാറകല്ലാഹു ഫീകും. റഷ്യയിൽ നിന്നോ മറ്റോ നന്മ ഇഷ്ടപ്പെടുന്ന ഒരാൾ ഇവിടെ വന്നു എന്നു സങ്കല്പിക്കുക. നമ്മൾ അവന്റെ ബാഹ്യ സ്വഭാവമനുസരിച്ചാണ് അവനെ സ്വീകരിക്കുക.

അവൻ ഒന്നോ രണ്ടോ ദിവസം ഇരുന്ന് തിരിച്ച് പോയി എന്നും വിചാരിക്കുക. അപ്പോൾ അവൻ ജഹ്‌ലുമായിട്ടാണ് മടങ്ങുന്നത്, ഇൽമു കൊണ്ടല്ല പോകുന്നത്. അങ്ങനെയുള്ളവനെ പിന്നെയും നമ്മൾ പഠിപ്പിക്കുകയാണ് വേണ്ടത്, അവനെ ഗുണദോഷിക്കുകയാണ് വേണ്ടത്. അവന് തെറ്റ് പറ്റിയാൽ ''യാ അഖീ ഇത് തെറ്റാണ്, ഇന്നതാണ് ശരി നീ ശരിയായ കാര്യം മുറുകെ പിടിക്കൂ'' എന്ന് അവനെ ഉപദേശിക്കുകയാണ് വേണ്ടത്. അവൻ സത്യം പറഞ്ഞാൽ ''ജസാകല്ലാഹ് ഖൈർ'' എന്ന് നാം അവനോടു പറയും. അവൻ വീണ്ടും പഠിക്കുകയാണ് വേണ്ടത്.

«مَنْ يُرِدِ اللَّهُ بِهِ خَيْرًا يُفَقِّهْهُ فِي الدِّينِ»[21]

(ആർക്കാണോ അല്ലാഹു നന്മ ഉദ്ദേശിക്കുന്നത് അവന് ദീനിൽ പാണ്ഡിത്യം നൽകും. )

«خَيْرُكُمْ مَنْ تَعَلَّمَ الْقُرْآنَ وَعَلَّمَهُ»[22]

(നിങ്ങളിൽ ഉത്തമൻ ഖുർആൻ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവനാണ്.)

اقْرَأْ وَرَبُّكَ الْأَكْرَمُ  الَّذِي عَلَّمَ بِالْقَلَمِ[23]

(നീ വായിക്കുക! പേന കൊണ്ടു പഠിപ്പിച്ച നിന്റെ റബ്ബാകുന്ന അത്യുത്തമൻ.)

എന്നു മാത്രമല്ല, ഒന്നോ രണ്ടോ ദിവസം പഠിച്ച് തിരിച്ചു പോയി ദഅ്‌വത്ത് നടത്തുന്ന ആരെയും എനിക്ക് അറിയുകയുമില്ല. ഇനി മറ്റുള്ളവർക്കു തെറ്റു പറ്റിയാൽ തന്നെ അത് എന്റെ കണക്കിൽ വരവു വെക്കാൻ പറ്റുകയുമില്ല.

---

[21] صحيح البخاري 71

[22] صحيح البخاري 5027

[23] سورة العلق 3و4

وَلَا تَكْسِبُ كُلُّ نَفْسٍ إِلَّا عَلَيْهَا وَلَا تَزِرُ وَازِرَةٌ وِزْرَ أُخْرَى

(ഓരോ ആത്മാവും അതിനെതിരിൽ മാത്രമാണ് (പാപങ്ങൾ) സമ്പാദിക്കുന്നത്. ഒരാളും മറ്റൊരാളുടെ പാപം വഹിക്കുകയില്ല.)

എന്നാൽ ഇനി ഉബൈദിന്റെ വിഷയമാണേങ്കിലോ ? ഉബൈദ് ഞങ്ങളോട് ഇങ്ങോട്ടാണ് അക്രമം ചെയ്തത്. ഞങ്ങൾ അങ്ങോട്ടു പോയി തുടങ്ങിയതല്ല, മറിച്ച് അവിടുന്ന് ഇങ്ങോട്ട് വന്ന് പ്രശ്നം തുടങ്ങിയതാണ്, ഇത് അല്ലാഹുവിനറിയാമല്ലോ. ഞാനും അദ്ദേഹവും തമ്മിൽ തുടക്കം മുതലുണ്ടായ സംസാരങ്ങളും എഴുത്തുകളുമിതാ വെബ് സൈറ്റുകളിൽ പ്രസി ദ്ധീകരിക്കപ്പെട്ടതാണ്. അദ്ദേഹം യെമനിൽ വന്നു, അപ്പോൾ ഈ കുഴപ്പക്കാർ അദ്ദേഹത്തെ ഉപയോഗപ്പെടുത്തി. അവർ അദ്ദേഹത്തിന്റെ ചുറ്റും കൂടി, യാ ഷൈഖനാ , യാ ഷൈഖനാ എന്നു വിളിച്ച് വിളിച്ച് ഇപ്പോൾ നമ്മൾ കണ്ടതിനേക്കാൾ വലിയ പ്രകോപനമുണ്ടാക്കി.

അങ്ങനെ നമുക്കു മേൽ പരീക്ഷണങ്ങളും പ്രയാസങ്ങളും കുന്നുകൂടി യപ്പോൾ സ്വയം പ്രതിരോധിക്കാൻ നാം നിർബന്ധിതരായി.

فَمَنِ اعْتَدَى عَلَيْكُمْ فَاعْتَدُوا عَلَيْهِ بِمِثْلِ مَا اعْتَدَى عَلَيْكُمْ وَاتَّقُوا اللَّهَ وَاعْلَمُوا أَنَّ اللَّهَ مَعَ الْمُتَّقِينَ[24]

(ആരാണോ നിങ്ങളോടു അ തിക്രമം ചെയ്യുന്നത് അവൻ ഇങ്ങോട്ടു ചെയ്യുന്നതിനനുസരിച്ച് തിരിച്ചടിച്ചു കൊള്ളുക. അല്ലാഹുവെ നിങ്ങൾ സൂക്ഷിക്കുകയും ചെയ്യുക. അറിയുക, തീർച്ചയായും അല്ലാഹു മുത്തഖീങ്ങളോടൊപ്പമാകുന്നു.)

عَنْ أَبِي هُرَيْرَةَ، قَالَ: جَاءَ رَجُلٌ إِلَى رَسُولِ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ، فَقَالَ: يَا رَسُولَ اللهِ، أَرَأَيْتَ إِنْ جَاءَ رَجُلٌ يُرِيدُ أَخْذَ مَالِي؟ قَالَ: «فَلَا تُعْطِهِ مَالَكَ» قَالَ: أَرَأَيْتَ إِنْ قَاتَلَنِي؟ قَالَ: «قَاتِلْهُ» قَالَ: أَرَأَيْتَ إِنْ قَتَلَنِي؟ قَالَ: «فَأَنْتَ شَهِيدٌ»، قَالَ: أَرَأَيْتَ إِنْ قَتَلْتُهُ؟ قَالَ: «هُوَ فِي النَّارِ»[25]

(അബൂ ഹുറയ്റ  റിപ്പോർട്ട്, നബിയുടെ അടുക്കൽ വന്ന് ഒരാൾ പറഞ്ഞു അല്ലാഹുവിന്റെ ദൂതരേ, ഒരാൾ വന്ന് എന്റെ പണം പിടിച്ചു പറിക്കാൻ ശ്രമിച്ചാൽ (എന്ത് ചെയ്യണം)? അവിടുന്ന് പറഞ്ഞു ''നീ നിന്റെ പണം അവന് കൊടുക്കരുത്.''

അയാൾ പറഞ്ഞു "അപ്പോൾ അവൻ എന്നോടു യുദ്ധത്തിനു മുതിർന്നാലോ?" അവിടുന്ന് പറഞ്ഞു "നീ അവനോടു ഏറ്റു മുട്ടുക." അയാൾ പറഞ്ഞു "അവൻ എന്നെ കൊന്ന് കളഞ്ഞാലോ?" അവിടുന്ന് പറഞ്ഞു  "എങ്കിൽ നീ രക്തസാക്ഷി

[24] سورة البقرة 194
[25] صحيح مسلم 225

(ഷഹീദ്) ആയിരിക്കും." അയാൾ പറഞ്ഞു "ഞാൻ അവനെയാണു കൊല്ലുന്നതെങ്കിലോ?" അവിടുന്ന് പറഞ്ഞു "അവൻ നരകത്തിലായിരിക്കും")

عَنْ أَبِي هُرَيْرَةَ رَضِيَ اللَّهُ عَنْهُ، عَنِ النَّبِيِّ صَلَّى اللهُ عَلَيْهِ وَسَلَّمَ أَنَّهُ أَخَذَ سِنًّا، فَجَاءَ صَاحِبُهُ يَتَقَاضَاهُ، فَقَالَ: «إِنَّ لِصَاحِبِ الحَقِّ مَقَالًا»[26]

അബൂ ഹുറയ്റ റിപ്പോർട്ട് , നബിഒരാളിൽ നിന്ന് കടം വാങ്ങിയിട്ടുണ്ടായിരുന്നു, അങ്ങനെ അയാൾ നബിയുടെ അടുക്കൽ വന്ന് പരുഷമായി അതു തിരിച്ചു ചോദിച്ചു. അതു കേട്ട് അയാളെ മര്യാദ പഠിപ്പിക്കാൻ ഒരുങ്ങിയ സ്വഹാബത്തിനോടു റസൂൽപറഞ്ഞു ''തീർച്ചയായും ന്യായക്കാരന് സംസാരിക്കാൻ അവകാശമുണ്ട്." അങ്ങനെ അദ്ദേഹം (ഷൈഖ് ഉബൈദ്) അദനിക്കും അവന്റെ കൂടെയുള്ള കുഴപ്പക്കാരുടെ സംഘത്തിനും വേണ്ടി പക്ഷപാതത്തോടെ സംസാരിക്കുകയാണെന്നും നമ്മൾ അക്രമിക്കപ്പെടുക തന്നെയാണെന്നും ഉറപ്പായപ്പോൾ നമുക്ക് സംസാരിക്കാൻ അവകാശമുണ്ടെന്ന് ഞാൻ മനസ്സിലാക്കി. ഞാൻ ഈ പക്ഷപാതത്തിന്റെ ഒരു ഉദാഹരണം നിങ്ങൾക്കു പറഞ്ഞു തരാം എന്നെക്കുറ്റം പറയാൻ വേണ്ടി ശു'അ്ബ[27]യെ അദ്ദേഹം കുറ്റം പറഞ്ഞു. എത്രത്തോളമെന്നാൽ ''വിദേശികൾ ദമ്മാജിലേക്ക് പോകരുത്, നാട്ടുകാർ എന്നെ പിടിച്ച് ഗവണ്മെന്റിന്റെ സഹായത്തോടെ ഇങ്ങനെ ഇങ്ങനെയൊക്കെ ചെയ്യുക. അവിടെ പഠിക്കുന്നവർ അവിടം വിട്ട് പോകുക..." ഇങ്ങനെ ഓരോരുത്തരെയായി വിളിച്ച് ഉപദേശിക്കുകയുണ്ടായി. ഇതൊക്കെയും നെറ്റിൽ പ്രചരിച്ചിട്ടുള്ള പരസ്യമായ കാര്യങ്ങളാണ്. ത്വയ്യിബ്; ഞാൻ ചോദിക്കട്ടെ? ഈ പ്രവർത്തികളെല്ലാം അനുവദനീയമായ കാര്യങ്ങളാണോ?

عَنْ أَبِي هُرَيْرَةَ، قَالَ: قَالَ رَسُولُ اللهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ: مِنْ حُسْنِ إِسْلَامِ الْمَرْءِ تَرْكُهُ مَا لَا يَعْنِيهِ[28]

(ഒരു മനുഷ്യന്റെ ഇസ്ലാമിന്റെ നന്മയിൽ പെട്ടതാണ് അവന് ആവശ്യമില്ലാത്ത കാര്യങ്ങൾ ഉപേക്ഷിക്കുക എന്നത്)
അദ്ദേഹത്തിനായാലും മറ്റാർക്കായാലും പാടില്ലാത്ത കാര്യങ്ങളാണ് ഇതൊക്കെ. അങ്ങനെ അദ്ദേഹം അതിശക്തമായ ആരോപണങ്ങളും ആക്ഷേപങ്ങളും തുടർന്നു കൊണ്ടിരുന്നു. ഉദാഹരണമായി ''സത്യത്തോടു ഏറ്റവും അടുത്ത കക്ഷി"[29] എന്ന

[26] صحيح البخاري 2609

[27] ഷൈഖ് യഹ്‌യയെ സംബന്ധിച്ച് ചോദിച്ചു കൊണ്ട് ഒരാൾ ഷൈഖ് ഉബൈദിനെ വിളിച്ചു. അയാളോട് ഷൈഖ് ഉബൈദ് പറഞ്ഞത്, ഷൈഖ് യഹ്‌യ മര്യാദയില്ലാതെ സംസാരിക്കുന്നവനാണ്. അങ്ങനെ ഉള്ള ആളുകളുടെ വിധികൾ ഉലമാക്കൾ സ്വീകരിക്കുകയുമില്ല. എന്നിട്ട് ഉദാഹരണമായി പറഞ്ഞു കൊടുത്തത് അഹ്‌ലുസ്സുന്നയുടെ ഇമാമീങ്ങളിൽ പെട്ട അബൂ ബുസ്താം ഷു'അ്ബ റഹിമഹുല്ലായെ ആണ്, ഉലമാക്കൾ അദ്ദേഹത്തിന്റെ വിധികൾ സ്വീകരിക്കാറില്ല .എന്നും പറഞ്ഞു

[28] سنن الترمذي 2317

[29] ഷൈഖ് യഹ്‌യയെ പറ്റി ഷൈഖ് ഉബൈദ് വിമർശിച്ചിട്ടുള്ള മറ്റൊരു വിഷയമാണിത്, അഥവാ അദ്ദേഹം ''അഹ്‌ലുസ്സുന്ന സത്യത്തോടു ഏറ്റവും അടുത്ത കക്ഷിയാണെന്ന്'' പറഞ്ഞുവെന്നത്. ഈ വാക്ക് അദ്ദേഹം പറഞ്ഞിട്ടുള്ളതാണ്. എന്നാൽ അഹ്‌ലുസ്സുന്ന സത്യത്തിന്റെ പുറത്താണെന്ന് അറബിയിൽ ഇങ്ങനെ പറഞ്ഞാൽ അർഥം വരണമെന്ന് നിർബന്ധമില്ല. പക്ഷെ ഇതിനെ പറ്റി ചോദ്യം വന്നപ്പോൾ ഷൈഖ് ഉബൈദ് പറഞ്ഞത് അങ്ങനെ പറയുന്നതിന്റെ അർത്ഥം അഹ്‌ലുസ്സുന്ന സത്യത്തിലല്ല എന്നാണ്, അതിനാൽ അങ്ങനെ പറയുന്നവൻ ബിദ്-അത്തുകാരനാണ് എന്നായിരുന്നു. എന്നാൽ ഷൈഖ് യഹ്‌യ ഇതിന് ഒരു ഇൽമിയ്യായ ഖണ്ഡനം എഴുതി. അതിൽ ഇബ്നു തൈമിയ്യ മുതൽ പല പണ്ഡിതൻമാരും ഇതേ വാക്ക പറഞ്ഞതായും അറബിയിൽ ഏറ്റവുമടുത്ത (അഖ്‌റബ്) എന്നാൽ ഉള്ളിൽ തന്നെ എന്ന് അർഥം കിട്ടുമെന്നൊക്കെ തെളിവു സഹിതം വിശദീകരിച്ചിരുന്നു. നിങ്ങൾ നീതി

വിഷയത്തിലുള്ള ആ മറുപടി നിങ്ങൾ നോക്കുക. ഒരു പാടു ഉലമാക്കൾ, ഇമാം ഇബ്നു ബാസ്, ഇബ്നു ബാസിന്റെ കീഴിലുള്ള ലജ്നത്തു ദ്ദാഇമ ഇവരൊക്കെ പറഞ്ഞിട്ടുള്ള ഒരു വാക്കാണല്ലോ അത്. അവരുടെ ഒക്കെ ഉദ്ധരണികൾ ആ രിസാലയിൽ ഞാൻ ചേർത്തിട്ടുണ്ട്. എന്നിട്ടും അദ്ദേഹം അതി നിശിതമായി ഈ വാക്കിനെ വിമർശിക്കുകയും വളരെ ഗുരുതരമായി ആരോപണങ്ങൾ ഉന്നയിക്കുകയും ചെയ്തുവല്ലോ. ത്വയ്യിബ്, ഞാനിപ്പോൾ നിങ്ങളോടു ആവശ്യപ്പെടുന്നത്, സലഫീ മൻഹജിന്റെ ആണിക്കല്ലുകളിൽ പെട്ട നസീഹത്താണ്! ഞാൻ ആവശ്യപ്പെടുന്നത് നമുക്കിടയിൽ ഹസനൽ ബന്നായുടെ , നമ്മൾ തമ്മിൽ യോജിപ്പുള്ള വിഷയങ്ങളിൽ സഹകരിച്ചു പ്രവർത്തിക്കാം, തർക്കമുള്ള വിഷയങ്ങളിൽ പരസ്പരം ഒഴികഴിവുകൾ നൽകാം എന്ന തത്വം നടപ്പാക്കിക്കൂടാ എന്നതാണ്! ഉബൈദ് ഇപ്പോൾ ഈ പറഞ്ഞ കഠിനമായ വാക്കുകളിലൂടെ നിന്ദിച്ചിരിക്കുന്നത് മഹാന്മാരായ അനേകം പണ്ഡിതരെയാണ്. ലജ്നത്തു ദ്ദാഇമ, ഇബ്നു ബാസ് തുടങ്ങിയവരെ. എന്നെ ഉദ്ദേശിച്ച് എറിഞ്ഞതാണ്, പക്ഷെ ഏറു കൊണ്ടത്, ഇവർക്കെല്ലാവർക്കുമാണ്! ഈ വാദം ഉപേക്ഷിക്കാൻ അദ്ദേഹത്തെ ആരും ഉപദേശിക്കാത്തതെ ന്താണ്?

ഉബൈദ് കഅ്ബ് ബ്നു മാലിക് റദിയല്ലാഹു അൻഹുവിനെ പറ്റി മോഷമായ വാക്കു പറഞ്ഞു. അദ്ദേഹം നേരത്തെ മരിച്ചു പോയിരുന്നെങ്കിൽ ദാല്ലും മുദില്ലുമായി മരിക്കുമായിരുന്നു എന്ന് പറഞ്ഞു. അങ്ങനെ പലതും ചെയ്തു. അയാളെ ഉപദേശിക്കുന്നില്ല, അതു പോലെ ഈ ഫിത്നക്കാരെ ഉപദേശിക്കുന്നില്ല, ഏറു മുഴുവൻ എന്റെ തലക്കു മുകളിൽ! നമ്മൾ ആവശ്യപ്പെടുന്നത് നസീഹത്താണ്, അതാണ് സലഫീ മൻഹജ്. നമ്മൾ ആവശ്യപ്പെടുന്നത് ഉബൈദിനോ മറ്റു വല്ലവർക്കുമോ മുമ്പിൽ വിട്ടുവീഴ്ച ചെയ്യപ്പെടാതെ അല്ലാഹുവിന്റെ ദീൻ സ്ഥാപിക്കപ്പെടണമെന്നാണ്.

ഉബൈദ് ഇങ്ങനെയുള്ള അക്രമങ്ങളൊക്കെ ചെയ്തപ്പോൾ ഞങ്ങൾ സ്വയം പ്രതിരോധിച്ചതാണ് സഹോദരാ.

والناس بنو آدم وخلق الله آدم من تراب[30]

(നിങ്ങളെല്ലാം ആദമിൽ നിന്നും ആദം മണ്ണിൽ നിന്നുമാണ്.) മനുഷ്യനെ ഒന്നുകിൽ ഹഖ് ഉയർത്തും, അല്ലെങ്കിൽ ബാത്വിൽ താഴ്ത്തും. ഇനി ഏതെങ്കിലും ഒരു വിദ്യാർത്ഥി ഇവിടെ നിന്ന് പോകുകയാണെങ്കിൽ അവന്റെ മുഖ്യവിഷയം ഒരിക്കലും ഇതാവില്ല, വല്ലാഹി. ഇനി ഒരാൾ ഇന്നാലിന്ന വ്യക്തി സലഫി ദഅ്വത്തിന് ഇന്നാലിന്ന ഉപ ദ്രവം വരുത്തി എന്ന് പറഞ്ഞാൽ തന്നെ അതു ആവന്റെ ഒരു പ്രധാന തൊഴിലാണെന്ന് പറയാൻ സാധിക്കുകയില്ല. എന്നാൽ ഇനി ഇൽമുമായി ബന്ധപ്പെട്ടിരിക്കാത്ത ഒരുത്തനുണ്ടെങ്കിൽ അവനെ നമ്മൾ വില വെക്കുന്നുമില്ല. ഇൽമിനോടും സുന്നത്തിനോടും താല്പര്യമുള്ളവരോടു മാത്രമാണ് നമ്മുടെ താല്പര്യം.

---

പാലിക്കുക. അത് തഖ്വയോട് ഏറ്റവും അടുത്തതാകുന്നു എന്ന ആശയം വരുന്ന ആയത്തിന്റെ വിശദീകരണത്തിൽ നീതിപാലിക്കൽ തഖ്വയിൽ തന്നെ പെട്ടതാണെന്നും ഭാഷാപരമായിപ്പോലും അതിനു എതിരല്ല ഈ ആയത്തെന്നും ഇമാം ഇബ്നു കഥീർ തന്റെ തഫ്സീറിൽ പറഞ്ഞത് ഷൈഖ് യഹ്യ അതിൽ ഉദ്ധറ്റിച്ചിരുന്നു.

[30] سنن الترمذي 3270

**അവർ ഉബൈദ് ഉബൈദ് യഹ്‌യ യഹ്‌യ എന്ന് പറഞ്ഞു**

**കൊണ്ടിരിക്കും. യഹ്‌യ ആകാശത്തിൽ, ഉബൈദ് മുബ്തദി–ഉം. ഇതാണ് അവരുടെ ദ–അ്‌വത്ത്.**

താങ്കൾ ശരിക്കും ഇതു വിശ്വസിക്കുന്നുണ്ടോ ഷൈഖ്? ഞങ്ങളുടെ അടുത്ത് ഉബൈദും യഹ്‌യയുമല്ലാതെ ഒന്നുമില്ല എന്ന്? ഇവരൊന്നും തൗഹീദിലേക്ക് ദഅ്‌വത്ത് നടത്താനല്ല പോകുന്നതെന്ന്? സുന്നത്തിലേക്ക് ദഅ്‌വത്ത് നടത്താനല്ല പോകുന്നതെന്ന്? അവരൊന്നും ഇൽമിയ്യായ കിതാബുകൾ പഠിപ്പിക്കുന്നില്ല എന്ന്? അവരുടെ അടുക്കൽ ഉബൈദ് യഹ്‌യ എന്നതല്ലാതെ വേറെ ദഅ്‌വത്തൊന്നുമില്ല എന്ന്? ഇതു ശരിയല്ല!
ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് ദഅ്‌വത്തിനായി പോകുന്നവരെ പറ്റി അവർ പോകുന്നിടത്തെ ജനങ്ങളോടു ചോദിക്കൂ, അവർക്കെതിരെ പണിയെടുക്കുന്ന ദുഷ്ടന്മാരോടും അസൂയാലുക്കളോടും ചോദിക്കാതിരിക്കൂ.
അതെ അവരെ സ്വീകരിച്ചവരോടു ചോദിക്കൂ, അതിൽ പലരും ഒരു നാട്ടിൽ ഒരു മാസം മാത്രം താമസിച്ച് അവർക്ക് പല ദർസുകളും പൂർത്തിയാക്കിക്കൊടുക്കുന്നത് കാണാം. അഖീദയുടെ വിഷയത്തിലുള്ള ചെറിയ ചെറിയ പുസ്തകങ്ങൾ ഒന്നുകിൽ കിതാബുതൗഹീദ്, അല്ലെങ്കിൽ ഉസൂലുസ്സലാസ, അല്ലെങ്കിൽ വാസിതിയ്യ. അവർ അതിൽ ചടഞ്ഞു കൂടി പഠിപ്പിക്കുന്നത് കൊണ്ട് അവർക്ക് അതൊക്കെ പൂർത്തിയാക്കാൻ സാധിക്കുന്നു. അതിനു പുറമെ പ്രഭാഷണങ്ങളും നടത്തിയാണ് അയാൾ ഇങ്ങോട്ട് തിരിച്ചു വരുന്നത്. പിന്നെ എങ്ങനെയാണ് ''ഇതാണ് അവരുടെ ദഅ്‌വത്ത്'' എന്ന് പറയാൻ സാധിക്കുക?
സുഡാൻ, ഈജിപ്റ്റ്, തുർക്കി, കെനിയ, ലിബിയ എല്ലാ രാജ്യങ്ങളിലുമിന്ന് സലഫിയ്യത്തിനും സലഫികൾക്കുമെതിരിൽ വെറുപ്പ് നിറഞ്ഞിരിക്കുകയാണ്.
ന–ഊദു ബില്ലാഹ്, ഇല്ല, അല്ലാഹുവാണെ സത്യം. ഇനി ഹിസ്ബികളോ സോഷ്യലിസ്റ്റുകളോ ജൂതന്മാരോ ക്രിസ്ത്യാനികളോ ആയിരുന്നു സലഫികൾക്കെതിരിൽ വെറുപ്പും വിദ്വേഷവുമുണ്ടാക്കിയതെങ്കിൽ അതിന് നമ്മൾ ഉത്തരവാദികളല്ല, എന്നാൽ നമ്മൾ അതുണ്ടാക്കിയെന്നാണെങ്കിൽ അതു ശരിയുമല്ല.

يَا أَيُّهَا الَّذِينَ آمَنُوا اتَّقُوا اللَّهَ وَقُولُوا قَوْلًا سَدِيدًا[31]. .

(സത്യവിശ്വാസികളെ നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും നല്ല വാക്കു പറയുകയും ചെയ്യുക.)

ഇനി അവരോടു ഒരു വ്യക്തിയെക്കുറിച്ചു ചോദിക്കപ്പെടുമ്പോൾ അയാൾ ഇന്നാലിന്ന അക്രമം ചെയ്തു എന്ന് പറയുന്നുവെന്ന് വിചാരിക്കുക. എന്നാലും മറുപടിയുടെയും ഖണ്ഡനത്തിന്റെയും വാതിൽ തുറന്ന് കിടക്കുകയാണ്. താങ്കൾ എത്രയെത്ര ആളുകൾക്ക് മറുപടി നൽകി? അപ്പോഴൊന്നും താങ്കൾ മൊത്തം സലഫികളെ

[31] سورة الأحزاب 70

വിമർശിക്കുന്നു എന്ന് നമ്മളാരും പറഞ്ഞിട്ടില്ല. മറിച്ച് ഇന്നാലിന്ന വ്യക്തിയുടെ വിഷയത്തിൽ ഇന്നാലിന്ന വിമർശനമുന്നയിച്ചു എന്നാണ് നമ്മൾ പറയാറുള്ളത്. അതൊന്നും തന്നെ സലഫിയ്യത്തിനെതിരെയുള്ള ഒരു ഖണ്ഡനമായി നമ്മൾ കണ്ടിട്ടില്ല, ഇത് എന്തു നിലപാടാണ്?

**ഇതു പോലെ ഒരു യുദ്ധം വേറെയില്ല.**

വല്ലാഹി! ഇത് പോലെ ഒരു പ്രയാസവും ഞെരുക്കവും നമുക്കില്ല എന്നതാണ് സത്യം. നമ്മൾ ഒരു യുദ്ധവും ചെയ്യുന്നില്ല. എന്നാൽ സലഫികളായ ചില ആളുകൾ, അവരുടെ പിന്തുണയും സഹകരണവും നന്മയും നമ്മൾ പ്രതീക്ഷിച്ചിരിക്കെ അവരിൽ നിന്ന് ഇങ്ങനെ ഒക്കെ ഉണ്ടാകുന്നു. നമ്മൾ അവരോടൊക്കെ നന്ദിയുള്ളവരാണ് താനും. എന്നിട്ട് നമ്മൾ ഇസ്ലാമിനെതിരെ യുദ്ധം ചെയ്യുന്നെന്നോ എന്റെ സഹോദരങ്ങളേ? സുബ്–ഹാനക യാ റബ്ബി!

**നമ്മൾ ഏഴു വർഷം ക്ഷമിച്ചു, കത്തുകളും പരാതികളും നമ്മുടെ അടുക്കൽ വന്നു കൊണ്ടിരുന്നു.**

വല്ലാഹി എന്റെ ക്ഷമ അതിനേക്കാൾ കൂടുതലായിരുന്നു, വല്ലാഹി. യാ ഷൈഖ് , അല്ലാഹു താങ്കൾക്ക് തൗഫീഖ് പ്രധാനം ചെയ്യുമാറാകട്ടെ, എന്നെ ഇഷ്ടപ്പെടുന്ന ദമ്മാജിലെ ആളുകളോ മറ്റുള്ളവരോ താങ്കളുടെ അടുത്തെത്തും. അവരെ ഷൈഖ് സ്വീകരിക്കുക എനിക്കെതിരെ സംസാരിച്ച് കൊണ്ടായിരിക്കും. യഹ്യയെ അങ്ങനെ ചെയ്യൂ, യഹ്യയെ ശരിയാക്കൂ.

അങ്ങനെ സംഭവിച്ചവരുടെ എണ്ണം കണക്കാക്കാൻ പ്രയാസമാണ്. അതിന്റെ തെളിവുകൾ പിന്നീടു നിങ്ങൾക്ക് കാണാം. ഇതു താങ്കൾ താങ്കൾക്ക് വന്നു കാണാൻ ആഗ്രഹിക്കുന്ന കാര്യമല്ലല്ലോ, അതു പോലെ ഞാനും ഇതു ഇഷ്ടപ്പെടുന്നില്ല. ഇതു ദഅ്വത്തിൽ വിള്ളലുണ്ടാക്കും , ദഅ്വത്തിനെ ദോഷകരമായി ബാധിക്കും.

അതെ, ഒരു മുഅ്മിന്റെ പരിശ്രമം ജനങ്ങളെ തമ്മിൽ ഇണക്കാൻ വേണ്ടിയായിരിക്കും. ഷൈഖ് റബീഅ് എനിക്കെതിരെ പറഞ്ഞത് എന്റെ വിദ്യാർഥികളിൽ ചിലർ സ്വീകരിച്ചുവെന്നിരിക്കട്ടെ, അവർ ഇവിടെ ആയിരക്കണക്കിനുണ്ട് അൽഹംദു ലില്ലാഹ്. അങ്ങനെ ഇവരിൽ ചിലർ ഈ വാക്ക് സ്വീകരിക്കുകയും ചിലർ സ്വീകരിക്കാതിരിക്കുകയും ചെയ്താൽ അവർ തമ്മിൽ ഒരു ഭിന്നതയും കുഴപ്പവുമല്ലേ ഉണ്ടാകുക.

ഒരു വിഭാഗം ഷൈഖ് റബീഇന്റെ വാക്കു കേട്ട് നമുക്കെതിരെ തിരിഞ്ഞുവെന്ന് വെക്കുക. എന്നാൽ സ്വാഭാവികമായും മറ്റൊരു വിഭാഗം പറയുമല്ലോ, ''ഇല്ല നമ്മളിവിടെ കുഴപ്പമൊന്നും കണ്ടിട്ടില്ല'' എന്ന്. അങ്ങനെ സലഫികൾക്കിടയിൽ തന്നെ രണ്ടു വിഭാഗങ്ങളുണ്ടായി അവർ തമ്മിൽ തല്ലുന്നത് ഷൈഖ് റബീഅ് സഹിക്കുമോ? അങ്ങനെ വന്നാൽ ഈ ഒരു വാക്കിന്റെ പേരിൽ ഒരേ സ്ഥാപനത്തിൽ

ഇൽമും സുന്നത്തും ഖൈറുമായി മുന്നോട്ടു പോകുന്ന സഹോദരങ്ങൾ തമ്മിൽ ഹജ്റും പകയും വിദ്വേഷവുമുണ്ടാകുന്നത് ഷൈഖ് റബീഅ് ഇഷ്ടപ്പെടുമോ? ഏഴു വർഷങ്ങൾ ! അതെ ഈ കഴിഞ്ഞ ഏഴു വർഷങ്ങളായി ഞാൻ അക്രമിക്കപ്പെടുകയാണ്. അക്രമിക്കപ്പെടുന്നതോടൊപ്പം അല്ലാഹുവാണെ സത്യം ഞാൻ ക്ഷമയവലംബിക്കുന്നവനുമാണ്. ആ അക്രമങ്ങളിൽ വെച്ച് ഏറ്റവും വേദനിപ്പിച്ചത്, അത് സ്ഥിരപ്പെട്ടതാണെങ്കിൽ, മുഹമ്മദ് ബിൻ അബ്ദുൽ വഹ്ഹാബ് അൽവസ്സാബീ റിപ്പോർട്ട് ചെയ്ത സംഭവമാണ്. ഞാനും മറ്റു മഷായിഖുമെല്ലാം ഇരിക്കുന്ന ഒരു സദസ്സിൽ വെച്ച് അദ്ദേഹം പറഞ്ഞതാണിത്, അല്ലാഹു ഇതിന് സാക്ഷിയാണ്.

അദ്ദേഹം പറഞ്ഞു, ഹജൂരിയെ കസേരയിൽ നിന്ന് വലിച്ച് താഴെയിടൂ അവന് പകരം വരാനുള്ള ആളെ തയ്യാറാക്കിക്കൊള്ളൂ എന്ന് ഷൈഖ് റബീഅ് പറഞ്ഞിരിക്കുന്നു.

സുബ്–ഹാനല്ലാഹ്, യാ അഖീ ഞാൻ ഒരു നിലയും വിലയുമുള്ള ആളിന്റെ വസിയ്യത്താണ്!

അല്ലാഹു പറഞ്ഞിരിയ്ക്കുന്നു:

فَمَنْ بَدَّلَهُ بَعْدَمَا سَمِعَهُ فَإِنَّمَا إِثْمُهُ عَلَى الَّذِينَ يُبَدِّلُونَهُ[32]

(ആരാണോ അത് (വസ്സിയ്യത്ത്) കേട്ടതിനു ശേഷം അതിൽ മാറ്റം വരുത്തുന്നത് അതിന്റെ പാപം ആ മാറ്റം വരുത്തിയവനാണ്).

അതെ, ഇതു ദഅ്വത്താണ്,നീ ഇറങ്ങിപ്പോ എന്ന് പറയാൻ ഇതൊരു അധിക്കാരക്കസേരയല്ല. അതെ ഇത് ദഅ്വത്തും ദീനുമാണ് വിഷയം. ഇതെന്താണ് സഹോദരാ,

«مِنْ حُسْنِ إِسْلَامِ المرْءِ تَرْكُهُ مَا لَا يَعْنِيهِ»[33]

(ഒരു മനുഷ്യന്റെ ഇസ്ലാമിന്റെ നന്മയിൽ പെട്ടതാണ് അവൻ തനിക്കാവശ്യമില്ലാത്ത കാര്യങ്ങൾ ഉപേക്ഷിക്കുക എന്നത്).

ബാറകല്ലാഹു ഫീകും.

**എനിക്കു പല കത്തുകളും പരാതികളും കിട്ടിയിട്ടുണ്ട്, ഇനി അവനെ അവന്റെ ശൈലി മാറ്റാൻ നിർബന്ധിക്കുക തന്നെ വേണം.**

യാ ഷൈഖ്, അല്ലാഹു താങ്കൾക്ക് തൗഫീഖ് നൽകട്ടെ, ഇത് ശരിയല്ല,

[32] سورة البقرة 181

[33] سنن الترمذي 2317

വല്ലാഹി ഞാൻ നിങ്ങളെയും നിർബന്ധിക്കുകയില്ല, നിങ്ങൾ എന്നെയും നിർബന്ധിക്കുകയില്ല. ഇതു അമ്പിയാക്കളുടെ ചര്യയുമല്ല, നമ്മൾ പഠിച്ചിട്ടുള്ള ഉലമാക്കളുടെ രീതിയുമല്ല.

അവനെ നിർബന്ധിക്കണം അവനെ നിർബന്ധിക്കണം. അല്ലാഹു തന്റെ നബിയോടു പറഞ്ഞത് فَذَكِّرْ إِنَّمَا أَنْتَ مُذَكِّرٌ لَسْتَ عَلَيْهِمْ بِمُصَيْطِرٍ[34]

(നീ താക്കീത് നൽകുക, നീ ഒരു താക്കീതുകാരൻ മാത്രമാകുന്നു. നീ അവരെ നിർബന്ധിക്കുന്നവനല്ല എന്നാണ്) എന്നാണ്. അതെ നീ അവരുടെ മേൽ നിർബന്ധം ചെലുത്തുന്നവനല്ല,

അവനെ നിർബന്ധിക്കാറായിരിക്കുന്നു എന്ന വിഷയമാകട്ടെ, നസീഹത്താണല്ലോ അതിനേക്കാൾ നല്ലത്. അതെ, നിർബന്ധിക്കുന്നതിനേക്കാൾ നല്ലത് നസീഹത്ത് തന്നെ.

നിങ്ങൾ നസീഹത്ത് നൽകുക, ഞാനും നസീഹത്ത് നൽകുക. നമ്മളെല്ലാം സ്നേഹത്തിലും സാഹോദര്യത്തിലും മുന്നോട്ടു പോകുക. അതല്ലാതെ ഇങ്ങനെ ചെയ്യുക അങ്ങനെ ചെയ്യരുത് എന്ന് ശക്തി പ്രയോഗിക്കേണ്ടതില്ല.

യാ ശൈഖ്, വലിയ രാജ്യങ്ങൾക്ക് തങ്ങളുടെ ജനങ്ങളെക്കൊണ്ടു നിർബന്ധിച്ച് പലതും സമ്മതിപ്പിക്കാൻ സാധിക്കുന്നില്ല. യാ ശൈഖ്, താങ്കളുടെ മകൻ താങ്കളെ ധിക്കരിച്ചാൽ അവനെ കൊണ്ടു നിർബന്ധിച്ച് എന്തെങ്കിലും ചെയ്യിപ്പിക്കാൻ താങ്കൾക്ക് സാധിക്കുമെന്ന് ഞാൻ കരുതുന്നില്ല.നിങ്ങൾ എന്നെ എതിർക്കുകയാണെങ്കിൽ വല്ലാഹി എനിക്കു നിങ്ങളെ നിർബന്ധിക്കാനാവുമെന്ന് ഞാൻ വിചാരിക്കുന്നില്ല.

ഞാൻ ഒരു പ്രബോധകനാണ്, അത് താങ്കൾക്കോ മറ്റു വല്ലവർക്കുമോ നിഷേധിക്കാൻ സാധിക്കുകയില്ല. താങ്കളെങ്ങനെ എന്നെ നിർബന്ധിക്കും എനിക്കു പിന്നിൽ ആയിരക്കണക്കിന് ആളുകളുണ്ട്. അൽഹംദുലില്ലാഹ് അവരെല്ലാം സുന്നത്തിലാണ് നില നിൽക്കുന്നത്. താങ്കൾ ഒരു വാക്കു പറഞ്ഞാൽ അവർ അതിലധികം പറയും. പക്ഷെ ഞാൻ അവരെ തടഞ്ഞിരിക്കുകയാണ്. ബാറകല്ലഹു ഫീക്, വ വഫ്ഫഖക്, ഇതു ശരിയല്ല.

فَذَكِّرْ إِنَّمَا أَنْتَ مُذَكِّرٌ لَسْتَ عَلَيْهِمْ بِمُصَيْطِرٍ[35]

(താങ്കൾ ഒരു താക്കീതുകാരൻ മാത്രമാകുന്നു. അവരുടെ മേൽ നിർബന്ധം ചെലുത്തുന്നവനല്ല.)

അതെ

[34] سورة الغاشية 21و22

[35] سورة الغاشية 21و22

وَتَوَاصَوْا بِالْحَقِّ وَتَوَاصَوْا بِالصَّبْرِ[36]

(സത്യം കൊണ്ടു പരസ്പരം ഉപദേശിക്കുകയും , ക്ഷമ കൊണ്ട് പരസ്പരം ഉപദേശിക്കുകയും ചെയ്യുന്നവർ). "അവനെ നിർബന്ധിക്കണം" "അവനെ ഇങ്ങനെ ചെയ്യണം" ഇതൊന്നും ശരിയല്ല.

ഇനി താങ്കൾ ഇവിടെ നേരത്തെ ഉണ്ടായിരുന്നവരോ അവരാൽ സ്വാധീനിക്കപ്പെട്ടവരോ ആയ എന്റെ ചില സഹോദരങ്ങളെ എനിക്കെതിരെ തിരിച്ചു വിട്ടുവെന്ന് സങ്കല്പിക്കാം അതിൽ നിന്ന് എനിക്കും നിങ്ങൾക്കും അല്ലാഹു ആഫിയത്ത് നൽകട്ടെ! അതു പോലും ശരിയല്ല. വല്ലാഹി നമ്മുടെ ഉലമാക്കളിൽ നിന്ന് ഈ രീതി നാം പഠിച്ചിട്ടില്ല: അവനെ ഇങ്ങനെ ചെയ്യാൻ നിർബന്ധിക്ക്, ഇവനെ ഇങ്ങനെ ചെയ്യാൻ നിർബന്ധിക്ക് എന്ന രീതി.

നമ്മൾ പഠിച്ചത്, അനുകമ്പയും അവധാനതയുമാണ്.

عن أنس عن النبي صلى الله عليه وسلم قال ما كان الرفق في شيء إلا زانه ولا نزع من شيء إلا شانه[37]

(രിഫ്ഖ് ഏതൊരു കാര്യത്തിലാണൊ ഉള്ളത് അതിനെ അലങ്കരിക്കും, രിഫ്ഖ് ഏതൊന്നിലാണോ ഇല്ലാത്തത് അത് അതിനെ വിരൂപവുമാക്കും.)

وَقُلْ لِعِبَادِي يَقُولُوا الَّتِي هِيَ أَحْسَنُ[38]

(എന്റെ അടിമകളോടു നല്ല വാക്കു പറയാൻ കല്പിക്കുക.)

എന്നാൽ ഈ നിർബന്ധമൊക്കെ ഒരു പെട്ടെന്നുള്ള വാക്കായിട്ടാണു തോന്നുന്നത്, അല്ലാഹു താങ്കൾക്ക് വിട്ടു പൊറുത്ത് തരട്ടെ അല്ലയോ ഷൈഖ്!

**എന്നാൽ അവന്റെ ഈ സ്വഭാവം തുടരുകയാണെങ്കിൽ അത്**

**സമാനതകളില്ലാത്ത ഒരു ഫിത്നയ്ക്കായിരിക്കും വഴി വെയ്ക്കുക**

[36] سورة العصر 3

[37] الأحاديث المختارة الضياء المقدسي 1778

[38] سورة الإسراء 53

സഹോദരാ, എന്റെ ശൈലിയും ദഅ്വത്തുമൊക്കെ ഖുർആനിന്റെയും സുന്നത്തിന്റെയും അടിസ്ഥാനത്തിലുള്ളതാണ്. ഇതാണ് എന്റെ വിശ്വാസം, നമ്മൾ മഅ്സൂമീങ്ങളല്ലെങ്കിലും. ഇനി ഞാൻ മാറ്റണമെന്ന് പറയുന്ന ഈ ശൈലി എന്താണ്? ഉബൈദിന് ഞാൻ മറുപടി പറയരുതെന്നാണോ? ഞാൻ മറുപടി പറഞ്ഞിരിക്കും.

തന്റെ ഖൗലുൽ മുഫീദ് എന്ന ഗ്രന്ഥത്തിന് ഖുർആൻ സ്രിഷ്ടി വാദമുള്ള ഇംറാനീ എന്ന മുഅ്തസിലിയുടെ ആമുഖം പ്രസിദ്ധീകരിച്ച മുഹമ്മദിബ്നു അബ്ദിൽ വഹ്ഹാബിന് ഞാൻ മറുപടി പറയരുതെന്നാണോ?

എന്നിട്ട് അയാൾ (മുഹമ്മദ് ബിൻ അബ്ദിൽ വഹ്ഹാബ്) നമ്മെ പറ്റി, നമ്മൾക്ക് ഇസ്ലാമുമായി ബന്ധമൊന്നുമില്ല, ഇസ്ലാമിനു നമ്മോടും ബന്ധമില്ല, നമ്മൾ ഇത്രയിത്ര ആയത്തുകൾക്കെതിരായിരിക്കുന്നു എന്നൊക്കെ പറഞ്ഞു നടക്കുകയും ചെയ്യുന്നു. നിങ്ങൾ ബന്നയുടെ തത്വം[39] നടപ്പിൽ വരുത്താൻ ശ്രമിക്കരുത്, യാ ഷൈഖ് നിങ്ങൾ ബന്നായുടെ തത്വം നടപ്പിലാക്കരുത്.

ഞങ്ങൾക്കെതിരെ അതിക്രമവും അന്യായവും പക്ഷപാതവും കാണിച്ചിട്ടുള്ള ഒരു ഖൗമാണിവർ. അവരുടെ ശ്രമഫലാമിയുണ്ടായതു തന്നെയാണ് ഈ പ്രതികരണവും. അവരിൽ ചിലർ പറഞ്ഞതായി കേട്ടിട്ടുള്ള ഒരാളിൽ നിന്ന് ഞാൻ കേട്ടിട്ടുള്ളതാണിത്,

''ഞാൻ ഹജൂരിയേയും മറ്റെല്ലാ ഉലമാക്കളെയും തമ്മിൽ തെറ്റിക്കുക തന്നെ ചെയ്യും.'' വല്ലാഹി ഞാൻ ഇത് ഇഷ്ടപ്പെടുന്നില്ല. എനിക്കിഷ്ടം ഉലമാക്കൾ എന്റെ സഹോദരങ്ങളും സഹപ്രവർത്തകരും സഹായികളും പിതാക്കന്മാരും ആയിരിക്കുന്നതാണ്; ഞാൻ അവരെയും അവർ എന്നെയും സഹായിക്കുന്നതാണ്. وَتَعَاوَنُوا عَلَى الْبِرِّ وَالتَّقْوَى[40]

(നന്മയിലും തഖ്‌വയിലും നിങ്ങൾ പരസ്പരം സഹകരിക്കുക). പക്ഷെ നമുക്കു നേരെ ഇവർ ഫിത്നയുണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. അവരാണ് ഫിത്നയുണ്ടാക്കുന്നത്, പിന്നെ അത് ആളിക്കത്തിക്കാൻ ശ്രമിക്കുന്നവരും. ഒരിക്കലും ഞാനല്ല അത് ചെയ്യുന്നത്. ഇവരെ ആണ് ഉപദേശിക്കേണ്ടത്. ഓരോരുത്തർക്കും അവനവന്റെ പണി നോക്കാം, അല്ലാഹു പറഞ്ഞു.

"പിന്നീട് അല്ലാഹുവും അവന്റെ റസൂലും നിങ്ങളുടെ അമലുകൾ കാണും."

---

[39] ഇഖ്‌വാനുൽ മുസ്ലിമീൻ എന്ന ദുഷിച്ച ബിദ്-ഈ കക്ഷിയുടെ സ്ഥാപകനാണ് ഹസനുൽ ബന്നാ, അയാൾ തന്റെ പുത്തൻ വാദത്തിന്റെ അടിസ്ഥാൻ തത്വങ്ങളിൽ ഉൾപ്പെടുത്തിയ് ഒരു കാര്യമാണ്, ഏതാദർശക്കാരനായാലും അവരുടെ കൂടെ പ്രവർത്തിക്കാം, എന്നത്. യോജിപ്പുള്ള വിഷയത്തിൽ നമുക്ക് ഒന്നിച്ച് പ്രവർത്തിക്കാം അഭിപ്രായവ്യത്യാസങ്ങളുള്ള വിഷയങ്ങളിൽ പരസ്പരം ന്യായീകരിക്കാം! ഇതാണ് തത്വം. തന്റെ കക്ഷിയിൽ അക്കൂട്ടാൻ വേണ്ടിയുണ്ടാക്കിയതാണ് ഈ തത്വമെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. ഈ തത്വം ഖുർ-ആനിനും സുന്നത്തിനും വിരുദ്ധവും പണ്ഡിതന്മാർ അതിശക്തമായി വിമർശിച്ചിട്ടുള്ളതുമാണ്. സലഫികൾ തമ്മിൽ ഈ തത്വം പ്രയോഗിച്ച് കൊണ്ട് തന്റെ കൂടെയുള്ളവന്റെ തെറ്റ് തിരുത്താതെ ന്യായീകരിക്കുകയോ മൗനം പാലിക്കുകയോ ചെയ്യരുത് എന്നാണ് ഷൈഖ് ഇവിടെ പറയുന്നത്. ഇപ്രകാരം തെറ്റ് സംഭവിക്കുന്ന സലഫികൾ ബന്നയുടെ ആൾക്കാരാണെന്നോ സലഫികളല്ലെന്നോ ഇതിനർഥമില്ല, മറിച്ച്, ബന്നയുടെ തത്വത്തെ എതിർക്കുന്നവരായ നിങ്ങൾ എന്റെ വിഷയത്തിൽ മാത്രമായി അത് പ്രയോഗിക്കരുത് എന്നായി തന്റെ വാക്ക് ഷൈഖ് തിരുത്തി തന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

[40] سورة المائدة 2

അല്ലാഹു تعالى പറഞ്ഞു,

فَمَنْ يَعْمَلْ مِنَ الصَّالِحَاتِ وَهُوَ مُؤْمِنٌ فَلَا كُفْرَانَ لِسَعْيِهِ وَإِنَّا لَهُ كَاتِبُونَ[41]

(ആരാണോ വിശ്വാസിയായിക്കൊണ്ട് സൽകർമ്മങ്ങൾ ചെയ്യുന്നത് അവന്റെ പരിശ്രമങ്ങൾ നിഷേധിക്കപ്പെടുകയില്ല. നാം അവയൊക്കെ രേഖപ്പെടുത്തിക്കൊണ്ടിരിക്കുന്നുണ്ട്. ) അതല്ലാതെ നമുക്കെതിരെ ''അവൻ ഫിത്നയുണ്ടാക്കും'' എന്നൊക്കെയുള്ള കൊണ്ടു പിടിച്ച ഈ പ്രചാരണമെന്നത്, ഇല്ല ഞാനൊരു ഫിത്നയുമുണ്ടാക്കുകയില്ല. ഞാൻ എല്ലാ ഫിത്നകളിൽ നിന്നും അല്ലാഹുവിലേക്ക് ഉത്തരവാദിത്തമൊഴിയുകയാണ്.

പക്ഷെ ഞാൻ സ്വയം പ്രധിരോധിക്കും, അല്ലാഹുവോടു എല്ലാ ഫിത്നകളിൽ നിന്നും ഞാൻ രക്ഷ ചോദിക്കുകയാണ്, അവ പ്രത്യക്ഷമാകട്ടെ മറഞ്ഞതാകട്ടെ!

എന്നാൽ ഈ ആരോപണങ്ങൾ പോലെയുള്ള ഫിത്നകൾ നമുക്കു നേരെ ഇങ്ങോട്ടു വന്നാൽ തെറ്റ് തിരുത്താൻ നാം നിർബന്ധിതരാവും. ഫിത്ന എന്റെ അടുത്തു നിന്നല്ല, അഊദു ബില്ലാഹ്.

അതു പോലെതന്നെ നമുക്കു മേൽ വന്നു കൊണ്ടിരിക്കുന്ന ഈ ആരോപണങ്ങളും ഫിത്നകളുമെല്ലാം നോക്കൂ. ഇതെല്ലാം കേട്ടിട്ട് മിണ്ടാതിരിക്കുകയോ?! അതും പോരാഞ്ഞ്, പിന്നീട് യഹ്‌യയുടെ നേരെ ആക്രമണവും!

ഇത് ഒരു വിഷയം. മറ്റൊരു വിഷയം, അദ്ദേഹത്തിന്റെ തെറ്റുകൾ അദ്ദേഹത്തോടു തിരുത്തേണ്ടതുണ്ട്, ഇപ്പോൾ ചിലർ അത് ഒരു വോള്യമായി ശേഖരിക്കുന്നുണ്ട്. നിങ്ങൾ എനിക്കെതിരെ തെറ്റുകൾ ശേഖരിക്കുന്നുണ്ടായിരിക്കേ ഈ തെറ്റുകളോടു നിങ്ങളെന്താണ് മൗനം പാലിക്കുന്നത്?

അബുൽ ഹസന്റെ കാലം മുതൽക്കെ അവരത് ശേഖരിക്കുന്നുണ്ട്, അവർ പാരമ്പര്യമായി അത് കൈമാറിപ്പോരുന്നുമുണ്ട്! അതു പോലെ അൽഅഥരീ വെബ് സൈറ്റുകാർ കുറെ പരിശ്രമിച്ചു. അവരെന്റെ കാസറ്റുകളും രിസാലകളും പുസ്തകങ്ങളും ഒന്നിനു പിറകെ ഒന്നായി പരിശോധിച്ചു; എന്നെ ആക്രമിക്കാൻ ഒരു തുരുമ്പു കിട്ടുമോ എന്ന് നോക്കാൻ!

അത്തരം തെറ്റുകളുമായി എന്നെ ആക്രമിക്കാൻ വരുന്ന നിങ്ങൾ വളരെ വ്യക്തമായ തെറ്റുകളുണ്ടായിട്ടും മറ്റുള്ളവരെ ഉപദേശിക്കുന്നില്ല. ഇതു അല്ലാഹുവാണെ സത്യം, സലഫി ദഅ്‌വത്തിനെ ദോഷകരമായി ബാധിക്കും.

ഇംറാനിയുടേ ആമുഖം ഇപ്പോഴുമുണ്ട് ഖൗലുൽ മുഫീദിൽ, അയാളാകട്ടെ ഖുർആൻ സ്രിഷ്ടിയാണോ കലാമാണോ എന്ന വിഷയത്തിൽ നിഷ്പക്ഷനായ(!) ഒരു മുഅ്തസിലിയാണ്.

[41] سورة الأنبياء 94

അതു പോലെ അയാൾ മുഅ്മിനീങ്ങൾ ഖിയാമത്ത് നാളിൽ റബ്ബിനെ കാണുന്ന വിഷയത്തിലും മുഅ്തസിലികളുടേ വാദക്കാരനാണ്. അതു പോലെ ചില സൂഫികളുടെ ആമുഖങ്ങളും അദ്ദേഹത്തിന്റെ കിതാബിൽ ഇന്നും കാണാം. എന്നിട്ട് (ഇത്രയും ചെയ്തിട്ടും), അഹ്ലുസ്സുന്നത്തുകാരായ നമ്മെ ആക്രമിച്ചു കൊണ്ടിരിക്കുന്നു! അവർക്ക് യാതൊരു കുഴപ്പവുമില്ല താനും. ഹിസ്ബികളുടെ അടുത്ത് പോയി ക്ലാസ്സെടുക്കുന്നു, എന്നിട്ട് നമ്മെ ആക്രമിക്കുന്നു. ഇയാൾ ഉലമാക്കളെ ചാരപ്പണിക്കാരെന്നു ആരോപിച്ചിരുന്നു, അത് കേട്ട് നമ്മളെല്ലാം ദു:ഖിച്ചു. എല്ലാം കഴിഞ്ഞിട്ട് നമുക്കെതിരെ ഒന്നിച്ച് നീങ്ങാൻ വേണ്ടി ഇതേ വ്യക്തി ഉലമാക്കളുടെ അടുത്ത് പോയി അവരുമായി സന്ധിയായി!

നമ്മളാകട്ടെ, നമുക്കീ പണി അറിയില്ല, എല്ല മുസ്ലിമിനോടും നസീഹത്ത് പുലർത്താനേ നമുക്കറിയാവൂ. നിന്റെ കൂടെ ഒരു വിഷയത്തിൽ സഹകരിക്കുന്നതിന് വേണ്ടി ഒരാളുടെ ഒരു തെറ്റിനെപ്പറ്റി നീ മിണ്ടാതിരിക്കുക! നീ വിമർശിച്ചോളൂ, ധൈര്യമായി വിമർശിച്ചു കൊള്ളൂ; അല്ലാഹുവിന്റെ ദീനിന്റെ വിജയത്തിന് വേണ്ടി.

**ഞാൻ അവനെ പല പ്രാവശ്യം ഉപദേശിച്ചു. ചിലപ്പോൾ ഞാൻ അവനുമായി രണ്ടര മണിക്കൂർ നേരം സംസാരിക്കും.**

ഒരിക്കൽ ദീർഘമായ ഒരു കോൾ വിളിച്ചിരുന്നു. അത് ഇടക്ക് കട്ടാകുകയും ചെയ്തിരുന്നു. അദനിയുടേ വിഷയത്തിലായിരുന്നു അത്. അദനി ഇവിടത്തെ സലഫി ദ–അ്വത്തിൽ കുഴപ്പങ്ങളും ഫിത്നയും ഉണ്ടാക്കിയ ആളാണ്. അവൻ ഹിസ്ബി അല്ലെന്നാണ് ഷൈഖിന്റെ അഭിപ്രായം. എന്നാൽ അവൻ ഹിസ്ബി ആണെന്നാണ് എന്റെ അഭിപ്രായം, ഹഖാകട്ടെ ഈ വിഷയത്തിൽ എന്റെ കൂടെയാണ്. ഞാൻ അത് വിശദീകരിച്ചു കൊടുത്തു. കാരണം,

((الشاهد يرى ما لا يرى الغائب))[42]

(അടുത്തുള്ള ഒരാൾ ദൂരെയുള്ള ഒരാൾ കാണാത്തത് കണ്ടെന്നിരിക്കും.)

ത്വയ്യിബ്, അദ്ദേഹത്തിന് ഈ അഭിപ്രായമില്ല, എനിക്ക് അതാണ് അഭിപ്രായം. അദ്ദേഹം എന്നെ സമ്മതിപ്പിക്കാൻ ശ്രമിച്ചു. പക്ഷെ ഈ വിഷയം ഞാൻ സമ്മതിച്ചു കൊടുത്തില്ല. ഈ കോൾ ഏകദേശം രണ്ടു മണിക്കൂർ നീണ്ടു നിന്നു. പക്ഷെ അത് ഈ ഒരു വിഷയത്തെ സംബന്ധിച്ച് മാത്രമായിരുന്നു. ഞാനും അദ്ദേഹവും തമ്മിൽ അദനിയുടെ ഈ വിഷയമല്ലാതെ മറ്റൊരു തർക്കവുമുണ്ടായിട്ടില്ല.
ഇപ്പോഴത്തെ ഈ പ്രചാരണം മുഴുവനും അതിന്റെ പേരിലാണ്. അദനിയും അവന്റെ കൂട്ടാളികളും!

[42] البزار في مسنده (2 / 237)، وأبو نعيم في الحلية (3 / 178) عن علي رضي الله عنه

**ചിലപ്പോൾ ഞാൻ അവനെ രണ്ടര മണിക്കൂറൊക്കെ ഉപദേശിക്കും. പക്ഷെ അവൻ കേൾക്കില്ല. വാക്കു നൽകും, പക്ഷെ പാലിക്കില്ല.**

ഒരിക്കലുമില്ല.

വല്ലാഹി, ഒരിക്കലെങ്കിലും ഒരു വാക്ക് കൊടുത്തിട്ട് അതു പാലിക്കാതിരുന്നതായി ഞാൻ ഓർക്കുന്നില്ല. കാരണം വാക്കു പാലിക്കൽ എന്നത് ഷറ-അ് ആവശ്യപ്പെടുന്ന ഒരു കാര്യമാണ്.

വാക്കു നൽകും, പക്ഷെ പാലിക്കില്ല എന്ന ഈ വാക്കിനെ പറ്റി എനിക്കറിയില്ല, അത് ശരിയല്ല.

**അവന്റെ വിദ്യാർഥികൾ ഗുലുവ്വിന്റെ ആൾക്കാരാണ്. തുല്യതയില്ലാത്ത ഗുലുവ്വ്.**

വല്ലാഹി ഇത് ശരിയല്ല. ഞാൻ അല്ലാഹുവോടുള്ള തഖ്‌വയെ പറ്റി ഓർമ്മിപ്പിക്കുകയാണ്. ഈ വാദം സ്വാലിഹീങ്ങളായ ആളുകളുടെ അടുക്കൽ സ്വീകാര്യമല്ല. ഇതു പറഞ്ഞ ആളെ സംബന്ധിച്ചിടത്തോളം ഇതൊരു തെറ്റുമാണ്.

وَقُلْ لِعِبَادِي يَقُولُوا الَّتِي هِيَ أَحْسَنُ إِنَّ الشَّيْطَانَ يَنْزَغُ بَيْنَهُمْ [43] (എന്റെ അടിമകളോടു നല്ല വാക്കു പറയാൻ കല്പിക്കുക. തീർച്ചയായും ശയ്ത്വാൻ അവർക്കിടയിൽ കുഴപ്പമുണ്ടാക്കും).

يَا أَيُّهَا الَّذِينَ آمَنُوا اتَّقُوا اللَّهَ وَقُولُوا قَوْلًا سَدِيدًا [44] (സത്യവിശ്വാസികളെ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും നല്ല വാക്കു പറയുകയും ചെയ്യുക).

എന്റെ വിദ്യാർഥികൾ എന്ന് പറഞ്ഞാൽ അവരിൽ ധാരാളം പേർ ശൈഖ് മുഖ്ബിലിന്റെ വിദ്യാർഥികളാണ്. അവർ ഇന്നും ഇവിടെ തുടരുന്നു, അവരിൽ ചിലർ പത്തു വർഷമായി പഠിക്കുന്നവരാണ്, അതിൽ കുറവുള്ളവരും കൂടുതലുള്ളവരും അവരിലുണ്ട്. അതു പോലെ എന്റെ വിദ്യാർഥികളുടെ അടുത്തുള്ള ഖൈറും അവരെല്ലാം ഗുലുവ്വിനെ വെറുക്കുന്നവരാണെന്നുള്ളതും അറിയപ്പെട്ട കാര്യമാണ്. ഇനി ഒരു ഒറ്റപ്പെട്ട വ്യക്തിയിൽ നിന്ന് അങ്ങനെ ഒരു ഗുലുവ്വ് ഉണ്ടായിട്ടുണ്ടെങ്കിൽ ഞാനും നിങ്ങളുമെല്ലാം അവനെ ഉപദേശിക്കും. തെറ്റുകൾ സംഭവിക്കുകയില്ല എന്ന് ഞാൻ പറയുന്നില്ല. തെറ്റു സംഭവിക്കാം. പക്ഷെ അതിന്റെ പേരിൽ ആണും പെണ്ണുമായി പ്രബോധകരും മഷായിഖുമായി ദമ്മാജിന്റെ അകത്തും പുറത്തുമുള്ള ആയിരക്കണക്കാളുകളുടെ മേൽ ഒന്നടങ്കം ഗുലുവ്വാരോപിക്കുക എന്നു വെച്ചാൽ, സത്യം പറഞ്ഞാൽ ഇതാണ് യഥാർത്ഥ ഗുലുവ്വ്!

[43] سورة الإسراء 53

[44] سورة الأحزاب 70

സത്യം പറയാതിരിക്കാൻ വയ്യ, ഈ അവസ്ഥയിലുള്ള അനേക ജനങ്ങളെ ഇങ്ങനെ ആരോപിക്കലാണ് ഗുലുവ്വ്, വല്ലാഹി. അതെ, ഗുലുവ്വാണിത്, അഗാധമായ ഗുലുവ്വ്. ഒറ്റയടിക്കുള്ള തബ്ദീഅ്. ഏറ്റവും ദുഷിച്ച ബിദ്അത്തുകളിൽ പെട്ടതാണ് ഗുലുവ്വ്, നമ്മൾ അതിൽ നിന്ന് ഒഴിവാണ്. എന്നിട്ടും നമുക്കെതിരെ ഈ ആരോപണമുന്നയിക്കുകയോ?

അബുൽഹസന്റെ ആളുകൾ നമുക്കെതിരെ ഹദ്ദാദിയ്യത്താരോപിച്ചപ്പോൾ ശൈഖ് തന്നെ അവരോട് പറഞ്ഞിരുന്നത്, നിങ്ങൾ ആരോപിക്കുന്നതിന് തെളിവെവിടെ എന്നായിരുന്നു. ഇപ്പോൾ ഈ ആളുകൾ ചില റിപ്പോർട്ടുകളുമായി ചെന്നപ്പോൾ നമ്മെ പ്രതിരോധിച്ചു കൊണ്ട് ശൈഖ് എതിർത്തിരുന്ന അതേ ആരോപണം തന്നെ അദ്ദേഹം നമുക്കെതിരെ ഉന്നയിച്ചിരിക്കുന്നു. ഇതാണ് സത്യം. ഒറ്റയടിക്കുള്ള തബ്ദീഅ്, ഇതാണ് യഥാർത്ഥത്തിൽ ഗുലുവ്വ്. തബ്ദീഇന്റെ ശർത്വിൽ പെട്ടതാണല്ലോ ഹുജ്ജത്ത് സ്ഥാപിക്കൽ. എന്നിട്ടും ഇപ്രകാരമാണ് ചെയ്യുന്നത്.

**അഥവാ, ഇമാമുഥഖലയ്ൻ[45], അന്നാസിഹുൽ അമീൻ[46]....**

ഞാൻ നിങ്ങളോടു പറയട്ടെ, ബാറകല്ലാഹു ഫീകും. ഈ വാക്ക് എന്റെ കണക്കിൽ വരവു വെച്ചു കൂടാ. ഇമാമുഥഖലയ്ൻ എന്ന വാക്ക്, ഞാൻ അത് വിശ്വസിക്കുന്നുമില്ല, അത് അംഗീകരിച്ചിട്ടുമില്ല. മുമ്പും അതെ ഇപ്പോഴും അതെ. ഇവിടെ ഇരിക്കുന്നവരെല്ലാം അതിനു സാക്ഷികളാണ്. ഒരു കവിക്ക് ഒരു അബദ്ധം സംഭവിച്ചതാണ്, അതിൽ നിന്ന് അയാൾ അല്ലാഹുവിലേക്ക് തൗബ ചെയ്തിട്ടുമുണ്ട്. തൗബ ഖവാരിജുകൾ വരെ അംഗീകരിക്കുന്നതുമാണല്ലോ.എന്നിട്ടും ഇവർ ഇത് ആവർത്തിച്ചു കൊണ്ടിരിക്കുകയാണ്. ഞാൻ അത് അംഗീകരിച്ചിട്ടുമില്ല അതിനെതിരെ വെബ്സൈറ്റുകളിൽ എന്റേതായി ഒരു വിശദീകരണം പ്രസിദ്ധീകരിച്ചിട്ടുമുണ്ട്.

എന്റെ കാര്യത്തിലായാലും മറ്റു വല്ലവരുടെ കാര്യത്തിലായാലും അതിരുകവിയുന്നതിനെ ഞാൻ ഇഷ്ടപ്പെടുന്നില്ല. നമ്മൾ

---

[45] ശൈഖ് യഹ്‌യ പുകഴ്ത്തലും പ്രശംസയും ഇഷ്ടപ്പെടുന്നയാളാണ് എന്ന് വരുത്തിത്തീർക്കാൻ വേണ്ടി കുബുദ്ധികൾ ഉപയോഗിക്കുന്ന ഒരു പുൽക്കൊടിയാണ് യഥാർത്ഥത്തിൽ ഈ വാക്ക്. അഥവാ എത്രയോ വർഷങ്ങൾക്ക് മുമ്പ് ദമ്മജിലെ ഒരു കവി ശൈഖ് യഹ്‌യയെ സംബന്ധിച്ച് മനുഷ്യരുടെയും ജിന്നുകളുടെയും ഇമാം എന്നർഥമുള്ള ഇരു കൂട്ടരുടെയും ഇമാം (ഇമാമുഥഖലയ്ൻ) എന്ന പദമുപയോഗിച്ചു, എന്നാൽ ഇതു ശ്രദ്ധയിൽ പെട്ടപ്പോൾ ശൈഖ് അദ്ദേഹത്തെ ഉപദേശിക്കുകയും അയാൾ പല തവണ ഇത് തിരുത്തി പറയുകയും ചെയ്തതാണ്. ഈയിടെ ഈ കവിതാ ശകലം തിരുത്തിക്കൊണ്ട് അദ്ദേഹം മറ്റൊരു കവിത തന്നെ പ്രസിദ്ധീകരിച്ചതുമാണ് എന്നിട്ടും ശൈഖിനെ ആക്രമിക്കാൻ തീരുമാനിച്ചിറങ്ങിയ കുബുദ്ധികൾ ഇന്നും ഇത് ഉരുവിട്ടു കൊണ്ടിരിക്കുന്നു. ഈ തെറ്റു പറ്റിയ സഹോദരൻ തൗബ ചെയ്തിട്ടും ഇവർ ഇതേ ആരോപണം തുടരുന്നത് തന്നെ അതിനു പിന്നിലെ ഉദ്ദേശ ശുദ്ധിയെ സംബന്ധിച്ച ഒരു സൂചന നല്കുന്നുണ്ടല്ലോ

[46] ഇതു പോലെ തന്നെ തല്പരകക്ഷികളുടെ മറ്റൊരു പുൽക്കൊടിയാണ്, അന്നാസിഹുൽ അമീൻ എന്ന വിളിപ്പേര്. ശൈഖ് യഹ്‌യയുടെ അവധാനതയും പരിണതപ്രജ്ഞയും ഗുണകാംക്ഷയും അടുത്തറിഞ്ഞിട്ടുള്ള അദ്ദേഹത്തിന്റെ ശിഷ്യന്മാരും സ്നേഹിതന്മാരും അദ്ദേഹത്തിന്റെ ഗുരുനാഥനായ യെമനിലെ മുജദ്ദിദ് ശൈഖ് മുഖ്ബിൽ തന്നെയും അദ്ദേഹത്തെ വിളിച്ചിട്ടുള്ള വിളിപ്പേരാണ് അന്നാസിഹുൽ അമീൻ എന്നത്, അഥവാ വുശ്വസ്തനായ ഗുണകാംക്ഷി എന്നർത്ഥം. ഈ വാക്കിന്റെ പ്രയോഗം താനിഷ്ടപ്പെടുന്നില്ലെങ്കിലും അതിൽ ഷറ–ഇയ്യായി തെറ്റൊന്നുമില്ലെന്ന് ശൈഖ് തുടർന്ന് വ്യക്തമാക്കുന്നത് ശ്രദ്ധിക്കുക.

«لاَ تُطْرُونِي، كَمَا أَطْرَتْ النَّصَارَى ابْنَ مَرْيَمَ، فَإِنَّمَا أَنَا عَبْدُهُ، فَقُولُوا عَبْدُ اللَّهِ، وَرَسُولُهُ»[47]

(ക്രിസ്ത്യാനികൾ മർ–യമിന്റെ മകൻ ഈസായെ പുകഴ്ത്തിയ പോലെ എന്നെ പുകഴ്ത്തരുത്. ഞാൻ അല്ലാഹുവിന്റെ അടിമയും ദൂതനും മാത്രമാകുന്നു. അതിനാൽ നിങ്ങൾ അല്ലാഹുവിന്റെ അടിമയും റസൂലും എന്ന് എന്നെക്കുറിച്ച് പറഞ്ഞു കൊള്ളുക). എന്ന ഹദീസിൽ വിശ്വസിക്കുന്നവരാണ്.

أَنَّ رَجُلًا قَالَ لِلنَّبِيِّ صَلَّى اللهُ عَلَيْهِ وَسَلَّمَ: يَا سَيِّدَنَا، وَابْنَ سَيِّدِنَا، وَيَا خَيْرَنَا، وَابْنَ خَيْرِنَا، فَقَالَ النَّبِيُّ صَلَّى اللهُ عَلَيْهِ وَسَلَّمَ: " يَا أَيُّهَا النَّاسُ، قُولُوا بِقَوْلِكُمْ وَلَا يَسْتَهْوِيَنَّكُمُ الشَّيْطَانُ[48]

(ഒരാൾ നബിصلى الله عليه وسلم യോട് പറഞ്ഞു. ഞങ്ങളുടെ നേതാവേ, ഞങ്ങളുടെ നേതാവിന്റെ മകനേ, ഞങ്ങളിൽ നല്ലവനേ ഞങ്ങളിൽ നല്ലവന്റെ മകനേ. അപ്പോൾ അവിടുന്ന് പറഞ്ഞു, അല്ലയോ ജനങ്ങളെ നിങ്ങൾ നിങ്ങളുടെ ആദ്യത്തെ ആ വാക്ക് പറഞ്ഞു കൊള്ളുക. ശൈത്വാൻ നിങ്ങളെ പതുക്കെ വഴിതെറ്റിക്കാതിരിക്കട്ടെ.)

ഞാൻ പണ്ടോ ഇപ്പോഴോ ഇത്തരം കാര്യങ്ങൾ അംഗീകരിക്കുന്നില്ല. ചില സമയം ഞാൻ കവിതകൾ വായിക്കുന്നത് ശ്രദ്ധിക്കാതിരിക്കുകയാവും. അവയിൽ എന്തെങ്കിലും തെറ്റുള്ളതായി ശ്രദ്ധിച്ചു കേട്ട ആരെങ്കിലും ഉണർത്തിയാൽ ഞാൻ അത് പരാമർശിക്കും. അങ്ങനെ ഞാൻ ഇതു തെറ്റാണെന്ന് പറയുകയും കവി ആ വാക്ക് തിരുത്തുകയും ചെയ്യും. പിന്നെയും നിങ്ങളെങ്ങനെയാണ് ഇതേ വാദങ്ങൾ ആവർത്തിക്കുന്നത്!

അതെ, നമുക്ക് ഗുലുവ്വാണെന്ന് വരുത്തിത്തീർക്കാൻ വേണ്ടി വല്ലതും കിട്ടുമോ എന്ന് ഇവർ തെരഞ്ഞ് നടക്കുകയാണ്.

ഒന്നുമില്ല! ഒന്നുമില്ല!

**അതു പോലെ അന്നാസിഹുൽ അമീൻ , ഗുലുവ്വ്, ഗുലുവ്വ്, ഗുല്ലുവ്വ്!**

അന്നാസിഹുൽ അമീൻ എന്ന ഈ പ്രയോഗം, വല്ലാഹി എന്നെക്കുറിച്ചുള്ള സദ്വിചാരം കൊണ്ട് ഷൈഖ് പറഞ്ഞതാണ് അത്. വൽഹംദു ലില്ലാഹ്.

[47] صحيح البخاري عَنِ ابْنِ عَبَّاسٍ 3445

[48] مسند الإمام أحمد بن حنبل عَنْ أَنَسٍ13529

ഒരു പക്ഷെ മുസ്ലിമീങ്ങളോടു നസീഹത്ത് പുലർത്താൻ എനിക്ക് അല്ലാഹു സൗഭാഗ്യം നൽകിയെങ്കിലോ? എന്നെ ഒരു അമീൻ ആക്കാൻ ഞാൻ അല്ലാഹുവോട് യാചിക്കുകയാണ്.

ഞാൻ അതിരു വിട്ട പ്രയോഗങ്ങൾ ഇഷ്ടപ്പെടുന്നില്ല. പലപ്പോഴും ഞാൻ പലരോടും പറയാറുണ്ട്, ''യാ അഖീ ഈ വാക്ക് എനിക്കിഷ്ടമില്ല, അത് നീ ഒഴിവാക്കൂ'' എന്ന്. ഇനി ഈ നാസിഹുൽ അമീൻ എന്ന പദമാകട്ടെ അതിനൊരു അസ്ലുമുണ്ട്. അമാനത്തും നസീഹത്തും സാലിഹീങ്ങൾക്കുണ്ടാകുന്ന ഗുണങ്ങളാണല്ലോ? അതെ, ഇതൊരു വിഷയം. രണ്ടാമതായി, സഹീഹുൽ ബുഖാരിയിലെ സ്വപ്നവ്യാഖ്യാനത്തിന്റെ അധ്യായത്തിൽ അവസാനത്തേതിന്റെ മുമ്പത്തെ ഹദീസിൽ ഇതിനുള്ള ഒരു തെളിവുമുണ്ട്. അൽഹാഫിസ്[49] പറഞ്ഞു, ''നാസിഹുൻ അമീൻ ആയ ഒരു ആലിം അല്ലാതെ സ്വപ്നം വ്യാഖ്യാനിച്ചു കൊടുക്കരുത്''

തുസ്തുരീയെ സംബന്ധിച്ച് അബൂ നുഅയ്മിന്റെ ഹുൽയയിൽ പറയുന്നു. ''അദ്ദേഹം നാസിഹുൻ അമീൻ ആയിരുന്നു'' അബൂ ഉബയ്ദയെപ്പറ്റി റസൂൽ صلى الله عليه وسلم പറയുന്നു ''ഈ ഉമ്മത്തിന്റെ അമീൻ ആണ് അദ്ദേഹം''. ഇതു പോലുള്ള മറ്റു തെളിവുകളും. ഇതാണ് ഈ മസ്അലയിലെ അടിസ്ഥാന തത്വം.

ഇനി ഞാൻ ഇത് ഇഷ്ടപ്പെടുന്നു എന്ന വിഷയമാണെങ്കിൽ, വല്ലാഹി ഞാനിത് ഇഷ്ടപ്പെടുന്നില്ല.

ഞാൻ ഇഷ്ടപ്പെടുന്നത് വിനീതനും ശാന്തനുമായി അടങ്ങിയിരിക്കുന്നതാണ്. ഒരു പക്ഷെ താങ്കളെപ്പറ്റി ഇതിനേക്കാൾ വലിയ വാക്കുകൾ പറയപ്പെട്ടേക്കാം, പിന്നെയെന്താണ് എനിക്കു നേരെ ഒരു പ്രചാരണം? ജനങ്ങൾ അവർക്ക് നന്മ പഠിപ്പിക്കുന്നവരെ ഇഷ്ടപ്പെടുന്നത് സ്വാഭാവികം മാത്രമാണ്. അവരിൽ ചിലർ അല്പം അതിശയോക്തി കലർത്തിയെന്നിരിക്കും. ചിലർ അല്പം കൂട്ടിപ്പറയുമ്പോൾ ചിലർ അല്പം കുറവു വരുത്തിയെന്നിരിക്കും. തെറ്റ് തള്ളപ്പെടേണ്ടതാണ്. അല്ലാഹു تعالى എല്ലാവർക്കും തൗഫീഖ് നൽകട്ടെ.

**ശൈഖ് അൽഅൽബാനീയുടെയോ ശൈഖ് ഇബ്നു ബാസിന്റെയോ ദഅ്വത്ത് ഒരിക്കലും ഇങ്ങനെ ആയിരുന്നില്ല.**

വല്ലാഹി നമ്മുടെ ദഅ്വത്തും ഒരിക്കലും ഇങ്ങനെ അല്ല. ഒന്നോ രണ്ടോ പേരിൽ നിന്ന് വല്ല തെറ്റും സംഭവിക്കുകയും അവർ അതിൽ നിന്ന് തൗബ ചെയ്യുകയും ചെയ്താൽ പിന്നെയും അതു തന്നെ ആവർത്തിച്ചു പറഞ്ഞു കൂടാ.

അല്ലാഹു താങ്കളെ സംരക്ഷിക്കുമാറാകട്ടെ.

49 أحمد بن علي بن حجر أبو الفضل العسقلاني الشافعي

**നിങ്ങൾ പോയി അവനെ ഉപദേശിക്കൂ. അവനു വേണ്ടി ചെണ്ട കൊട്ടിയും കൈയ്യടിച്ചും പ്രോത്സാഹിപ്പിക്കാതിരിക്കൂ. അവനോടു നിങ്ങൾ ആണത്തത്തോടെ നിലപാടെടുക്കൂ.**

ഇതു പ്രകോപനമല്ലേ സഹോദരങ്ങളേ, ആരാണിതിഷ്ടപ്പെടുക? ആരാണിതിഷ്ടപ്പെടുക?!

വല്ലാഹി അദ്ദേഹത്തിന്റെ സ്വന്തം വിഷയത്തിൽ ശൈഖ് ഇത് ഇഷ്ടപ്പെടുകയില്ല, വല്ലാഹി. ഒരു ആലിമും ഈ അവസ്ഥ വരാൻ ഇഷ്ടപ്പെടുകയില്ല. ഒരു പട്ടാളക്കാരൻ പോലും തന്റെ സൈന്യത്തിൽ ഇങ്ങനെ ഒരവസ്ഥയുണ്ടാകുന്നത് ഇഷ്ടപ്പെടുകയില്ല.

ഒരു പട്ടാളക്കാരനോടു ഒരാൾ പോയി, ''അദനി ഇങ്ങനെ ഇങ്ങനെ ഒക്കെ ചെയ്തു. അപ്പോൾ ഹജൂരി അവനോട് നീ ഖൈറായ അവസ്ഥയിൽ നിൽക്കുകയാണെങ്കിൽ ഇവിടെ തുടരാം, അല്ലെങ്കിൽ ഇവിടെ നിന്ന് പോകാം എന്നു പറഞ്ഞു" എന്ന് പറഞ്ഞാൽ അവൻ പറയും ''ഹജൂരീ ചെയ്തത് ശരിയായി, എന്റെ പട്ടാളക്കാരിൽ ഒരാളിൽ നിന്നാണ് ഇതേ പ്രവർത്തികളുണ്ടായതെങ്കിൽ ഫിത്നയുണ്ടാക്കാൻ സമ്മതിക്കാതെ അവനെ ഞാൻ പുറത്താക്കും." എന്ന്. ഒരു ദഅ്‌വത്തിൽ പ്രശ്നമുണ്ടാക്കാൻ ഞാനിവരെ അനുവദിക്കുന്നതെങ്ങനെ?

(ശൈഖിന്റെ വാക്കുകളായ) ഇതെല്ലാം കേട്ട് ഒരു വിഭാഗം ആളുകൾ ഇനി എനിക്കെതിരെ തിരിയുകയാണെങ്കിൽ അത് ശൈഖിന് സന്തോഷമായിരിക്കുമോ?

ഞാൻ ഈ പ്രകോപനത്തെയാണ് ഏഴു വർഷമായി സഹിച്ചു കൊണ്ടിരിക്കുന്നത്.

അതെ, ഏഴു വർഷമായി തുടരുന്ന ഈ പ്രകോപനത്തെ സംബന്ധിച്ചാണ് ഞാൻ പരാതി പറയുന്നത്.

വല്ലാഹി ഇത് ശരിയല്ല യാ ശൈഖ്, വല്ലാഹി.

ഞാൻ ഇതു കൊണ്ട് അല്ലാഹുവിന്റെ മുമ്പിൽ വെച്ച് താങ്കൾക്കെതിരെ വാദിക്കും.

ഇതു കൊണ്ടും ഇതല്ലാത്ത മറ്റു വിഷയങ്ങൾ കൊണ്ടും.

ഞാൻ സുന്നത്തിലേക്ക് ക്ഷണിക്കുന്നവനാണ്, സുന്നത്തിനു വേണ്ടി ഞാൻ ആക്രമിക്കപ്പെടുന്നു, അതിനു വേണ്ടി ഞാൻ സഹനമവലംബിക്കുന്നു. ഒരുപാടൊരുപാട് ഞാൻ സഹിക്കുന്നുണ്ട് ശൈഖ്, അത് താങ്കൾക്കറിയാവുന്നതാണല്ലോ?

അതൊന്നും തന്നെ ദുൻയാവിനു വേണ്ടിയോ മറ്റു വല്ലതിനും വേണ്ടിയോ അല്ല. ഭൂമിയിൽ മേനി നടിക്കാനോ കുഴപ്പമുണ്ടാക്കാനോ വേണ്ടിയുമല്ല. എന്നിട്ടും ''അവനെതിരെ തിരിയൂ'' ''അവനു വേണ്ടി ചെണ്ട കൊട്ടാതിരിക്കൂ''...

ഇവർ ചെണ്ട കൊട്ടുകാരൊന്നുമല്ല ഷൈഖ്,അല്ലാഹുവിലേക്ക് ക്ഷണിക്കുന്ന പ്രബോധകരാണിവർ. അവരിൽ പലരും യഹ്‌യക്ക് മുമ്പേ ഷൈഖ് റബീഇന് മറുപടി എഴുതിയിട്ടുണ്ട്, എന്റെ അടുക്കൽ ഒരുപാട് രിസാലകളുണ്ട്. ഞാൻ അവ തടഞ്ഞു വെച്ചിരിക്കുകയാണ്. അതെ,എനിക്കെതിരെ പ്രകോപനമുണ്ടാക്കുന്നത് ശരിയല്ല, ബാറകല്ലാഹു ഫീകും.

**സലഫീ ദഅ്‌വത്തിന് ഏറ്റവുമധികം ഉപദ്രവമുണ്ടാക്കുന്നത് ഇവനാണ്, യഹ്‌യയെക്കാൾ ഉപദ്രവകാരിയായ ആരുമില്ല.**

ലാ ഇലാഹ ഇല്ലല്ലാഹ് യാ ഇഖ്‌വാൻ,

ഇവിടെ ജൂതന്മാരുണ്ട്, ക്രിസ്ത്യാനികളുണ്ട്, റാഫിദികളുണ്ട്, എന്തെല്ലാം പരീക്ഷണങ്ങളുണ്ട്? യാ ഇഖ്‌വാൻ! അവരെല്ലാം സലഫി ദഅ്‌വത്തിനെതിരെ യുദ്ധം നയിച്ച് കൊണ്ടിരിക്കുന്നുമുണ്ട്. ഞാനാണോ അവരെക്കാളൊക്കെ അപകടകാരി? യാ ഇഖ്‌വാൻ ഇത് ഗുലുവ്വാണെന്ന് ഞാൻ നിങ്ങളോട് പറഞ്ഞോ ഇല്ലേ? ഷൈഖ് ഇപ്പോൾ ഗുലുവ്വിനെ എതിർക്കുകയും ഐക്യത്തിനായി പരിശ്രമിക്കുകയുമാണെന്ന് പറയുന്നു. ഇങ്ങനെയാണോ ഷൈഖ് ഐക്യമുണ്ടാക്കുന്നത്? ഇതാണോ ഐക്യത്തിനുള്ള പരിശ്രമം? ഇങ്ങനെയാണോ യാ ഷൈഖ്, താങ്കൾ ഗുലുവ്വിനെ എതിർക്കുന്നത്?ഞാനാണേറ്റവും ഷിദ്ദത്തുള്ളവൻ!!

അതു പോലെ അദനി പറഞ്ഞല്ലോ എന്നെപ്പോലെ തെമ്മടിയും നുണയനും......എല്ലാമെല്ലാമായ ആരെയും കണ്ടിട്ടില്ല എന്ന്.

ഗുലുവ്വാണിത്!

അതു പോലെ തന്നെ, ഉബൈദ് പറയുന്നത്, ഈ മനുഷ്യൻ തന്റെ വാദം തിരുത്തിയിട്ടില്ലെങ്കിൽ അവന്റെ കഴുത്ത് വെട്ടിക്കളയണം(!) എന്നാണ്.

അതെ, വർഷങ്ങൾക്ക് മുമ്പ് ഞാൻ നൽകിയ ഒരു ഫത്‌വയുടെ പേരിൽ, അതിനെക്കാൾ ശരിയായ അഭിപ്രായം പിന്നീട് ഞാൻ തർജീഹ് ചെയ്യുകയും ഏതാനും പേജുകൾക്കപ്പുറത്ത് ഫതാവയുടെ അതേ വാള്യത്തിൽ തന്നെ അത് കൊടിത്തിട്ടുമുള്ളതാണ്. മുഹമ്മദ് ഇമാം വഫ്ഫഖഹുല്ലാഹ് പറഞ്ഞിട്ടുള്ളതു പോലുള്ള വാക്കാണ് ഞാൻ ആദ്യം പറഞ്ഞത്. എന്നിട്ടും അവർ ഇമാമിനെ വിമർശിക്കുന്നില്ല, കാരണം അവരുടെ ഉദ്ദേശം വിമർശനമല്ല, മറിച്ച് യഹ്‌യയാണ് ലക്ഷ്യം!

അതെ, റാഫിദികൾ ഇങ്ങനെ ഇങ്ങനെ ഒക്കെയാണെങ്കിൽ അവർ കാഫിറുകളല്ല അവരുടെ പിന്നിൽ നമസ്കരിക്കാം എന്ന ഈ വാദം ഇവൻ തിരിത്തിയില്ലെങ്കിൽ അവനെ കൊന്നു കളയുക. എന്നു പറഞ്ഞാൽ അവൻ കാഫിറും മുർത്തദ്ദുമായിരിക്കുന്നു. ഹല്ലാജിനെപ്പോലെ കൊല്ലപ്പെടേണ്ട കാഫിർ!

കരി, ഇതാ മുഹമ്മദ് ഇമാമും ഇതേ വാക്കുകൾ പറഞ്ഞിരിക്കുന്നു. നിങ്ങൾ എന്തു കൊണ്ട് അദ്ദേഹത്തെ എതിർത്തില്ല? ഞാൻ പറഞ്ഞില്ലേ? നിങ്ങൾ ബന്നയുടെ സഹകരണ തത്വം പ്രയോഗിക്കരുത്.

**ദമ്മാജ് മാത്രം ശരി. ബാക്കി മർക്കസുകളെല്ലാം കാൽക്കീഴിൽ!**

അ–ഊദു ബില്ലാഹ്,

ഇതാ അദൻ  ഇതാ ലഹജ്

ഇതാ ഹള്റമൗത്  ഇതാ മഹറ

ഇതാ ദക്ഷിണയെമനും ഉത്തരയമെനും.

ഇതാ ടാൻസാനിയ  ഇതാ ഏത്യോപ്യ  അനേകം രാജ്യങ്ങൾ!

അവിടങ്ങളിലെല്ലാം എന്റെ വിദ്യാർഥികൾ അല്ലാഹുവിലേക്ക് ക്ഷണിക്കുന്നു. അവന്റെ കിതാബും റസൂലിന്റെ സുന്നത്തും പഠിപ്പിക്കുന്നു. അതു പോലെ മറ്റു രാജ്യങ്ങളിൽ മറ്റ് ആളുകളും ഖൈർ നടപ്പിലാക്കിപ്പോരുന്നു, ചിലയാളുകളെ പറ്റി നല്ല നല്ല വാർത്തകൾ നമ്മുടെ അടുത്തെത്തും, അപ്പോൾ നമ്മൾ അയാളെ പുകഴ്ത്തും. ചീത്ത പ്രവർത്തികളും അന്യായവും കാണുമ്പോൾ മാത്രമാണ് നമ്മൾ സ്വയം പ്രതിരോധിക്കാൻ വേണ്ടി വിമർശിക്കാറുള്ളത്. ആരെങ്കിലും വ്യാജവാർത്തകൾ കെട്ടിച്ചമച്ചു കൊണ്ട് നമ്മുടെ ഈ വിദ്യാലയത്തിനെതിരെ പ്രചാരണം നടത്തുമ്പോൾ പ്രതിരോധിക്കാനുള്ള അവകാശം എനിക്കുണ്ട്. താങ്കളടക്കം ഏതൊരു വിശ്വാസിക്കും ഈ സ്ഥാപനത്തെ പ്രതിരോധിക്കാൻ അവകാശമുണ്ട്, കാരണം ഇത് മുസ്ലിമീങ്ങൾക്കെല്ലാം അവകാശപ്പെട്ട ഒരു നന്മയാകുന്നു.

**സഹോദരങ്ങളെ , നമ്മുടെ അടുത്ത് ധാരാളം മദ്റസകളുണ്ട്. അവ സലഫി മൻഹജിലേക്ക് ക്ഷണിക്കുകയും സലഫി മൻഹജിനെ പ്രതിരോധിക്കുകയും ചെയ്യുന്നു, അവയെല്ലാം കാൽച്ചുവട്ടിലെന്നോ?**

**അവർ അവനെ നാസിഹുൽ അമീൻ നാസിഹുൽ അമീൻ എന്ന് പാടിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. അവനെ തിരുത്തുന്നില്ല. ഇത് സലഫി മൻഹജോ സലഫികളുടെ സ്വഭാവമോ അല്ല. ആരെയും അവൻ വെറുതെ വിട്ടിട്ടില്ല. ഇപ്പോൾ വളരെ കുറച്ച് സലഫികൾ മാത്രമേ ബാക്കിയുള്ളൂ.**

യെമെനിൽ ധാരാളം ഖൈറുണ്ട്, സലഫികളുടെ വിഷയത്തിൽ, വല്ലാഹി.

നിങ്ങൾ ഏതെങ്കിലും ഒരു ഗ്രാമത്തിലോ നഗരത്തിലോ പോയി നോക്കൂ. അവിടെ ഒരു സലഫി മസ്ജിദും സലഫി ദഅ്വത്തും കാണാം. ഇത് ഖൈറാണ് ഷൈഖ്, ഇതിനെ

നിന്ദിക്കരുത്, നിസ്സാരമാക്കരുത്. അല്ലാഹുവിന്റെ ഔദാര്യവും അനുഗ്രഹവുമാണിതൊക്കെ, പിന്നെ താങ്കളടക്കമുള്ള അഹ്ലുസ്സുന്നത്തിന്റെ പരിശ്രമഫലവും. മുൻ കാലക്കാരായാലും സമകാലീനരായാലും എല്ലാ അഹ്ലുസ്സുന്നത്തിന്റെയും ദഅ്വത്തിന്റെ ഫലങ്ങളാണിതൊക്കെ.

താങ്കളായാലും താങ്കളുടെ പൂർവികരായ ഇബ്നു ബാസ്, അൽബാനീ, ഉഥൈമീൻ, ഫൗസാൻ, അബ്ബാദ് തുടങ്ങിയവരോ ഞങ്ങളുടെ ശൈഖോ ആരായാലും ഈ മൻഹജിലേക്ക് ക്ഷണിക്കുന്ന സകലരുടെയും ശ്രമങ്ങളുടെ ഫലങ്ങൾ. ഈ ഖൈറൊക്കെ ഇക്കൂട്ടരുണ്ടാക്കുന്ന ഈ കുത്തിത്തിരിപ്പിന്റെ പേരിൽ നിസ്സാരമാക്കാൻ പാടില്ല. ഒരു കാര്യം ഞാൻ ഉറപ്പിച്ച് പറയട്ടെ, ശൈഖ് റബീഅ് (വഫ്ഫഖഹുല്ലാഹ്) ന് ഈ സംസാരത്തിൽ അദനിയുടെ ഫിത്ന എന്ന വിഷയത്തിൽ കവിഞ്ഞ ഒരു തരിമ്പ് പോലുമുണ്ടെന്ന് തെളിയിക്കാൻ സാധിക്കില്ല. ഈ സംസാരത്തിന്റെ കേന്ദ്രബിന്ദു അദനിയാണ്. അതു കൊണ്ട്, അദനിയും കൂടെയുള്ളവർ മാത്രം സലഫികളും അവനെ എതിർക്കുകയും നമ്മുടെ നിൽക്കുകയും ചെയ്തവരൊക്കെ അതിരു കവിഞ്ഞവരും! ലാ ഇലാഹ ഇല്ലല്ലാഹ്, ലാ ഇലാഹ ഇല്ലല്ലാഹ്.

നമുക്ക് അല്ലാഹുവിന്റെ തഖ്വയെ സംബന്ധിച്ച് ഓർമ്മ പുതുക്കാം

يَا أَيُّهَا الَّذِينَ آمَنُوا اتَّقُوا اللَّهَ وَلْتَنْظُرْ نَفْسٌ مَا قَدَّمَتْ لِغَدٍ وَاتَّقُوا اللَّهَ إِنَّ اللَّهَ خَبِيرٌ بِمَا تَعْمَلُونَ[50]

(അല്ലയോ വിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും ഓരോരുത്തരും നാളേക്കു വേണ്ടി എന്താണ് സമ്പാദിച്ചതെന്ന് ചിന്തിക്കുകയും ചെയ്യുക. അല്ലാഹു നിങ്ങൾ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നതിനെ പറ്റി നല്ലവണ്ണം അറിയുന്നുണ്ടെന്ന് മനസ്സിലാക്കുക).

ഇതു ശരിയല്ല ശൈഖ്, ഇതു ഉപദ്രവമുണ്ടാക്കും, സലഫി ദഅ്വത്തിന് ഉപദ്രവമുണ്ടാക്കും. എനിക്കും നിങ്ങൾക്കും ഉപദ്രവമുണ്ടാക്കും. ദുൻയാവിലും ആഖിറത്തിലും ഉപദ്രവമുണ്ടാക്കും. മോശമായ പര്യവസാനങ്ങൾക്ക് വഴിവെക്കും.

**വളരെ കുറച്ച് സലഫികൾ നാടിന്റെ ഒരു മൂലയിൽ. ദമ്മാജിൽ നിന്നുള്ള ചില വിദ്യാർഥികളും. വേറേ സലഫികളൊന്നുമില്ല. ഇത് ഗുലുവ്വാണ്, ഇത് ഉപേക്ഷിക്കൂ**

ഞാൻ ഉപേക്ഷിക്കാം, താങ്കളും ഉപേക്ഷിക്കുക. അല്ലഹുവാണെ സത്യം, എന്റെ അടുക്കൽ ഗുലുവ്വുണ്ടെങ്കിൽ ഞാൻ അത് നിർബന്ധമായും ഉപേക്ഷിക്കണം.

മുഹമ്മദ് ഇബ്നു അബ്ദിൽ വഹ്ഹാബ് നടത്തിക്കൊണ്ടിരിക്കുന്ന ഒറ്റയടിക്കുള്ള തബ്ദീഉം ഇപ്പോൾ താങ്കൾ പറഞ്ഞിട്ടുള്ള് ഈ വാക്കുകളും, (അതു പോലെതന്നെ).

[50] سورة الحشر 18

എന്റെ സഹോദരാ, ദമ്മാജ് അല്ലെങ്കിൽ പിന്നെ എന്താണ് യെമനിലെ സലഫിയ്യത്ത്, മർഇയ്യത്താണോ[51]? താങ്കൾ വീറോടെ പ്രതിരോധിക്കുന്ന സലഫിയ്യത്ത് യമനിൽ എവിടെയാണുണ്ടാകുക, ദമ്മാജിനെ വീഴ്ത്തിക്കഴിഞ്ഞാൽ?

അല്ലാഹു താങ്കൾക്ക് തൗഫീഖ് നൽകട്ടെ.

**നിങ്ങൾ അവന്റെ അടുക്കൽ പോകൂ, അവനോട് നീ അല്ലാഹുവെ സൂക്ഷിക്കൂ എന്ന് പറയുക. നീ ജിന്നുകളുടെയും മനുഷ്യന്റെയും ഇമാമൊന്നുമല്ല.**

ഞാൻ ജിന്നിന്റെയും മനുഷ്യന്റെയും ഇമാമുമല്ല, അങ്ങനെ മറ്റുള്ളവർ പറയുന്നത് എനിക്കൊട്ട് ഇഷ്ടവുമല്ല. വല്ലാഹി ഞാൻ മനുഷ്യന്റെയും ഇമാമല്ല, ജിന്നിന്റെയും ഇമാമല്ല, ഞാൻ എന്റെ സഹോദരങ്ങളെ പഠിപ്പിക്കുന്ന അധ്യാപകനാകുന്നു. ഞാൻ ഇതു കൊണ്ട് (അധ്യാപനം) പരീക്ഷിക്കപ്പെട്ടിരിക്കുകയാണ്, അല്ലാഹു എനിക്ക് ഉപകാരമുണ്ടാക്കട്ടെയെന്നും എന്നെക്കൊണ്ടും എന്റെ സഹോദരങ്ങളെക്കൊണ്ടും അവൻ ഉപകാരമുണ്ടാക്കട്ടെ എന്നും ഞാൻ പ്രാർഥിക്കുകയാണ്, അല്ലാഹു എന്നെയും താങ്കളെയും എല്ലാ ഫിത്നകളിൽ നിന്നും ഉപദ്രവങ്ങളിൽ നിന്നും കാത്തു രക്ഷിക്കട്ടെ. അല്ലയോ ഷൈഖ്! ബാറകല്ലാഹു ഫീക്, ഞാൻ മുമ്പോ ഇന്നോ ഇതൊന്നും ഇഷ്ടപ്പെടുന്നില്ല. അതൊന്നും പറയാൻ ദൗത്യസംഘങ്ങൾ എന്റെ അടുത്തേക്ക് വരേണ്ട കാര്യവുമില്ല.

عَنْ عِيَاضِ بْنِ حِمَارٍ، أَنَّهُ قَالَ: قَالَ رَسُولُ اللَّهِ صَلَّى اللهُ عَلَيْهِ وَسَلَّمَ: «إِنَّ اللَّهَ أَوْحَى إِلَيَّ أَنْ تَوَاضَعُوا حَتَّى لَا يَبْغِيَ أَحَدٌ عَلَى أَحَدٍ، وَلَا يَفْخَرَ أَحَدٌ عَلَى أَحَدٍ»[52]

(നിങ്ങളിൽ ഒരാളും മറ്റൊരാളുടെ മേലും അതിക്രമമോ മേനിയോ കാണിക്കാത്ത വിധം നിങ്ങൾ വിനയം കാണിക്കണമെന്ന് അല്ലാഹു എനിക്ക് ബോധനം നൽകിയിരിക്കുന്നു).

എനിക്ക് എന്റെ വലുപ്പം അറിയാം, നീ ജിന്നിന്റെയും മനുഷ്യരുടെയും ഇമാമല്ല എന്ന് പഠിപ്പിക്കാൻ എന്റെ അടുത്തേക്ക് ഒരാൾ വരേണ്ട കാര്യമൊന്നുമില്ല. ആരെങ്കിലും എന്റെ മുന്നിൽ വെച്ച് ഇത് പറഞ്ഞാൽ അവനെ ഞാൻ എതിർക്കുക തന്നെ ചെയ്യും.

**നിന്റെ അനുയായികൾ അവകാശപ്പെടുന്ന പോലെ, നീ ജിന്നിന്റെയും മനുഷ്യന്റെയും ഇമാമൊന്നുമല്ല.**

അനുയായി എന്ന വാക്ക് ഞാൻ ഇഷ്ടപ്പെടുന്നില്ല. നിന്റെ കൂട്ടുകാർ, വിദ്യാർഥികൾ എന്നൊക്കെയാണെങ്കിൽ തരക്കേടില്ല. അനുയായി എന്ന് പറയുകയാണെങ്കിൽ നമ്മളെല്ലാം റസൂലുല്ലാഹി  യുടെ അനുയായികൾ തന്നെയാണല്ലോ?

[51] ദമ്മാജിൽ ഫിത്നയുണ്ടാക്കിയ അദനിയുടെ പേരായ അബ്ദുറഹ്മാൻ ഇബ്നു ഉമർ ബിൻ മർഈ എന്നതിലേക്ക് ചേർത്തിപ്പറഞ്ഞതാണിത്

[52] سنن أبي داود 4895 صححه الألباني

**അവനെക്കുറിച്ച് നാം കേൾക്കുന്നതെല്ലാം, ഇമാമുഥഖലയ്ൻ, ഇമാമുഥഖലയ്ൻ എന്ന് മാത്രമാണ്.**

ഇത് സൂചിപ്പിക്കുന്നത്, താങ്കൾ എന്നെപ്പറ്റിയുള്ള കുറ്റങ്ങൾ കേൾക്കുകയും നന്മകൾ കേൾക്കാതിരിക്കുകയുമാണെന്നാണ്. യാ ഷൈഖ്! ഇത് മാത്രമാണ് താങ്കൾ എന്നെക്കുറിച്ച് കേൾക്കുന്നതെങ്കിൽ അതിന്റെ അർഥം ഇവർ താങ്കൾക്ക് ഇവിടെയുള്ള ഇൽമും ഖയ്റുമൊന്നും എത്തിച്ചു തരാതെ, തിന്മ മാത്രമാണ് എത്തിച്ച് തരുന്നതെന്ന് ഉറപ്പാണ് എന്നാകുന്നു. ഇതു മാത്രമാണ് താങ്കൾ കേൾക്കുന്നതെന്നോ? എങ്കിൽ ഈ ഖൗം ഫിത്നയും കുത്തിത്തിരിപ്പും മാത്രമാണ് താങ്കൾക്കെത്തിക്കുന്നതെന്ന് വ്യക്തമായി! എന്റെ അടുക്കൽ ഇമാമുഥഖലയ്ൻ എന്ന ഈ വാക്ക് മാത്രമേയുള്ളൂ എന്ന് ആരാണ് പറയുക സഹോദരന്മാരേ?

**ദമ്മാജിൽ നിന്നുള്ള വിദ്യാർഥി : യാ ഷൈഖ് ഇത് ഷൈഖ് യഹ്‌യ അൽഹജൂരിയുടെ അടുത്തു നിന്നുള്ളതല്ല. അദ്ദേഹം ഇത് അനുവദിക്കില്ല. ഇത് വിദ്യാർഥികളുടെ അടുത്തു നിന്നുള്ളതാണ്. ഇത് ചില കവികളിൽ നിന്നുണ്ടായതാണ്.**

നമ്മൾ പറഞ്ഞു ഈ കവി തൗബ ചെയ്തതാണ്. ഖവാരിജുകൾ പോലും തൗബ അംഗീകരിക്കുന്നുണ്ട്. അല്ലാഹു പറയുന്നു.

وَهُوَ الَّذِي يَقْبَلُ التَّوْبَةَ عَنْ عِبَادِهِ وَيَعْفُو عَنِ السَّيِّئَاتِ وَيَعْلَمُ مَا تَفْعَلُونَ[53]

(അവനാകുന്നു തന്റെ ദാസന്മാരുടെ തൗബ സ്വീകരിക്കുകയും പാപങ്ങൾ വിട്ടു കൊടുക്കുകയും ചെയ്യുന്നത്. അവൻ നിങ്ങൾ പ്രവർത്തിക്കുന്നതെല്ലാം അറിയുകയും ചെയ്യുന്നു).

ആദം നബിയുടെയും മൂസാ നബിയുടേയും കഥ[54] അറിയപ്പെട്ടതാണല്ലോ?

ഒരാൾക്കൊരു തെറ്റ് പറ്റി, ഒരു വാക്കിൽ ഗുലുവ്വ് സംഭവിച്ചു, അയാൾ തൗബ ചെയ്തു. പിന്നെയെന്താണ്? കവികൾക്ക് അങ്ങനെ ചില തെറ്റ് പറ്റുന്നത്

---

[53] سورة الشورى 25

[54] عن أبي هريرة، عن النبي – صلى الله عليه وسلم – قال: " حاجَّ آدمُ موسى، قال: أنت الذي أخرجت الناس من الجنة بذنبك، فقال آدم لموسى: أنت الذي اصطفاك الله برسالاته وبكلامه، أتلومني على أمرٍ كتبه الله علي قبل أن يخلقني، أو قدَّره علي قبل أن يخلقني "، قال رسول الله – صلى الله عليه وسلم –: " فحجَّ آدمُ موسى " أخرجه البخاري، ومسلم، ومالك في " الموطأ "، والترمذي، وقال: حسن غريب من حديث سليمان التيمي

(അബൂ ഹുറയ്റ d റിപ്പോർട്ട് ചെയ്തിരിക്കുന്നു. നബി s പറഞ്ഞു. മൂസാ a ആദം a നോടു തർക്കിച്ചു. നിങ്ങളാണ് നിങ്ങളുടെ പാപം കൊണ്ട് ഞങ്ങളെ സ്വർഗത്തിൽ നിന്ന് പുറത്താക്കിയത്. അപ്പോൾ ആദം പറഞ്ഞു. തന്റെ സന്ദേശവും സംസാരവും നൽകാൻ അല്ലാഹു തെരഞ്ഞെടുത്തവനല്ലയോ താങ്കൾ. എന്നിട്ട് എന്നെ സ്രിഷ്ടിക്കുന്നതിനും മുമ്പേ അല്ലാഹു വിധിച്ച ഒരു കാര്യത്തെ പറ്റി താങ്കൾ എന്നെ ആക്ഷേപിക്കുകയോ? എന്നിട്ടു റസൂൽ s പറഞ്ഞു, അങ്ങനെ വാദത്തിൽ ആദം മൂസാ a നെ തോല്പിച്ചിരിക്കുന്നു.)

ഒരാൾ തൗബ ചെയ്ത ഒരു തെറ്റിന്റെ പേരിൽ അയാളെ പിന്നീട് ആക്ഷേപിച്ചു കൂടാ എന്നാണ് ഈ സംഭവത്തിന്റെ ഒരു ഗുണ പാഠം.

സ്വാഭാവികമാണ്. ചിലർ പറയുന്നതു തന്നെ, الشعر أعذبه أكذبه[55] (കവിതയിൽ ഏറ്റവും നല്ലത് ഏറ്റവും കള്ളമായതാണ് എന്നാണ്). എന്നാൽ ഞാൻ പറയുന്നത്

الشعر أعذبه أصوبه

(കവിതയിൽ ഏറ്റവും നല്ലത് ഏറ്റവും ശരിയായതാണെ)ന്നാകുന്നു. നമ്മൾ ഹഖിനെ ദീനായി കാണുന്നവരാണ്, ഇത് (ഈ ആരോപണം) തെറ്റാണ്!

**അവൻ അവരെ (കവികളെ) ആക്ഷേപിച്ചുവോ?**

ഞാൻ അവർക്ക് നസീഹത്ത് കൊടുത്തിട്ടുണ്ട്, തെറ്റു പറ്റിയവരെയെല്ലാം ആക്ഷേപിക്കുക എന്നത് നിർബന്ധമല്ല. ജനങ്ങൾക്ക് നിങ്ങൾ പണം വാരിക്കോരിക്കൊടുത്തുവെന്നിരിക്കക, എന്നിട്ട് നിങ്ങൾ അവരെ നിന്ദിക്കുകയും ബലപ്രയോഗത്തിലൂടെ കീഴടക്കുകയും ചെയ്താൽ അവർക്ക് സമാധാനമുണ്ടാകില്ല. അവർ നിങ്ങളുടെ ദഅ്വത്തിലേക്ക് കടന്ന് വരുകയും ചെയ്യില്ല. എന്നാൽ പ്രവാചക ചര്യയനുസരിച്ചുള്ള ഗുണകാംക്ഷയും ദയാവായ്പും അലിവുമുണ്ടെങ്കിൽ ജനങ്ങൾക്ക് അതുപകരിച്ചേക്കും.അതാണ്, വ്യക്തിഹത്യയെക്കാളും ബലപ്രയോഗത്തെക്കാളും മെച്ചം.''നീ മിണ്ടാതിരിക്ക്'' ''നീ ഇങ്ങനെ ചെയ്യ്'' ഇത് ശരിയല്ല.

قَالَ أَبُو هُرَيْرَةَ: وَهُوَ يُحَدِّثُنَا: كَانَ النَّبِيُّ صَلَّى اللهُ عَلَيْهِ وَسَلَّمَ يَجْلِسُ مَعَنَا فِي الْمَجْلِسِ يُحَدِّثُنَا، فَإِذَا قَامَ قُمْنَا قِيَامًا حَتَّى نَرَاهُ قَدْ دَخَلَ بَعْضَ بُيُوتِ أَزْوَاجِهِ، فَحَدَّثَنَا يَوْمًا فَقُمْنَا حِينَ قَامَ، فَنَظَرْنَا إِلَى أَعْرَابِيٍّ قَدْ أَدْرَكَهُ فَجَبَذَهُ بِرِدَائِهِ فَحَمَّرَ رَقَبَتَهُ، قَالَ أَبُو هُرَيْرَةَ: وَكَانَ رِدَاءً خَشِنًا، فَالْتَفَتَ، فَقَالَ لَهُ الْأَعْرَابِيُّ: احْمِلْ لِي عَلَى بَعِيرَيَّ هَذَيْنِ فَإِنَّكَ لَا تَحْمِلُ لِي مِنْ مَالِكَ وَلَا مِنْ مَالِ أَبِيكَ، فَقَالَ النَّبِيُّ صَلَّى اللهُ عَلَيْهِ وَسَلَّمَ: «لَا، وَأَسْتَغْفِرُ اللَّهَ، لَا، وَأَسْتَغْفِرُ اللَّهَ، لَا، وَأَسْتَغْفِرُ اللَّهَ لَا أَحْمِلُ لَكَ حَتَّى تُقِيدَنِي مِنْ جَبْذَتِكَ الَّتِي جَبَذْتَنِي» فَكُلُّ ذَلِكَ يَقُولُ لَهُ الْأَعْرَابِيُّ: وَاللَّهِ لَا أُقِيدُكَهَا، فَذَكَرَ الْحَدِيثَ، قَالَ: ثُمَّ دَعَا رَجُلًا فَقَالَ لَهُ " احْمِلْ لَهُ عَلَى بَعِيرَيْهِ هَذَيْنِ: عَلَى بَعِيرٍ شَعِيرًا، وَعَلَى الْآخَرِ تَمْرًا " ثُمَّ الْتَفَتَ إِلَيْنَا فَقَالَ: «انْصَرِفُوا عَلَى بَرَكَةِ اللَّهِ تَعَالَى»[56]

(അബൂ ഹുറയ്റ പറഞ്ഞു. നബി ഞങ്ങളുടെ കൂടെയിരുന്ന് ഞങ്ങളോടു സംസാരിക്കാറുണ്ടായിരുന്നു. അങ്ങനെ അദ്ദേഹം എണീറ്റ് പോയി തന്റെ ഏതെങ്കിലും ഒരു വീട്ടിൽ പ്രവേശിക്കുന്നത് വരെ ഞങ്ങൾ അദ്ദേഹത്തെ അനുഗമിക്കും. അങ്ങനെ ഒരിക്കൽ അദ്ദേഹം എണീറ്റു ഞങ്ങൾ അദ്ദേഹത്തെ അനുഗമിക്കുകയും ചെയ്തു. അപ്പോൾ ഒരു അഅ്റാബി അദ്ദേഹത്തിന്റെ കഴുത്തിൽ ഒരു പരുക്കൻ തട്ടമിട്ടു ഞെരിച്ച്, അദ്ദേഹത്തിന്റെ കഴുത്ത് ചുവന്നിട്ടുണ്ട്. അയാൾ പറയുന്നുണ്ട്. ''എനിക്ക് ഈ രണ്ട് ഒട്ടകവും നിറച്ച് തരൂ, നീ നിന്റെ സ്വത്തിൽ നിന്നോ നിന്റെ വാപ്പാന്റെ സ്വത്തിൽ നിന്നോ അല്ലല്ലോ തരുന്നത്'' നബി പറഞ്ഞു. "അല്ല, അസ്തഗ്ഫിറുല്ലാഹ്

[55] أنوار الربيع في أنواع البديع صدر الدين المدني، الشهير بابن معصوم (المتوفى: 1119هـ) 1\ 310

[56] سنن أبي داود 4775 ضعفه الألباني لكن قصة الأعرابي وجبذه وأمره صلى الله عليه وسلم له بعطاء في الصحيح

അല്ല, അസ്തഗ്ഫിറുല്ലാഹ്, അല്ല, അസ്തഗ്ഫിറുല്ലാഹ്. നീ എന്നെ നിന്റെ പിടുത്തത്തിൽ നിന്ന് വിടാതെ ഞാനെങ്ങനെ നിനക്ക് നിറച്ച് തരും". അപ്പോഴു ആ അഅ്റാബി പറയുന്നുണ്ട്, ''വല്ലാഹി ഞാൻ നിന്നെ വിടുകയില്ല".
അങ്ങനെ അബൂ ഹുറയ്റ ഞങ്ങൾക്ക് ആ സംഭവം വിശദീകരിച്ചു തന്നു, അവസാനം റസൂൽ ഒരാളെ വിളിച്ച് പറഞ്ഞു.''ഇവന് രണ്ട് ഒട്ടകവും നിറയെ കൊടുക്കൂ. ഒന്നിൽ ചോളവും മറ്റേതിൽ ഈത്തപ്പഴവും.'' എന്നിട്ട് അവിടുന്ന് ഞങ്ങളോടായി പറഞ്ഞു. ''നിങ്ങൾ അല്ലാഹുവിന്റെ ബറകത്തിലായി പിരിഞ്ഞു പോകൂ").

فَقَالَ الأَعْرَابِيُّ : وَا غَدْرَاهُ . قَالَتْ : فَنَهَمَهُ النَّاسُ ، وَقَالُوا : قَاتَلَكَ اللَّهُ ، أَيَغْدِرُ رَسُولُ اللهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ ؟ قَالَتْ فَقَالَ رَسُولُ اللهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ : دَعُوهُ ، فَإِنَّ لِصَاحِبِ الْحَقِّ مَقَالاً[57]

(അഅ്റാബി പറഞ്ഞു. ''ഇവന്റെ ഒരു ചതിയേയ്?!'' ഇതു കേട്ട് ജനങ്ങൾ അവനെ ആക്ഷേപിച്ചു.അവർ അവനോടായി പറഞ്ഞു ''നിന്റെ നാശം അല്ലഹുവിന്റെ ദൂതൻ ചതിക്കുകയോ?'' അപ്പോൾ റസൂൽ പറഞ്ഞു ''അവനെ വിട്ടേക്കൂ ന്യായവുമായി വന്നവന് സംസാരിക്കാൻ അവകാശമുണ്ട്'').

عَنْ أَبِي أُمَامَةَ قَالَ : إِنَّ فَتًى شَابًّا أَتَى النَّبِيَّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ فَقَالَ : يَا رَسُولَ اللهِ ، ائْذَنْ لِي بِالزِّنَا ، فَأَقْبَلَ الْقَوْمُ عَلَيْهِ فَزَجَرُوهُ وَقَالُوا : مَهْ . مَهْ . فَقَالَ : ادْنُهْ ، فَدَنَا مِنْهُ قَرِيبًا . قَالَ : فَجَلَسَ قَالَ : أَتُحِبُّهُ لأُمِّكَ ؟ قَالَ : لاَ . وَاللَّهِ جَعَلَنِي اللَّهُ فِدَاءَكَ . قَالَ : وَلاَ النَّاسُ يُحِبُّونَهُ لأُمَّهَاتِهِمْ . قَالَ : أَفَتُحِبُّهُ لاِبْنَتِكَ ؟ قَالَ : لاَ . وَاللَّهِ يَا رَسُولَ اللهِ جَعَلَنِي اللَّهُ فِدَاءَكَ قَالَ : وَلاَ النَّاسُ يُحِبُّونَهُ لِبَنَاتِهِمْ . قَالَ : أَفَتُحِبُّهُ لأُخْتِكَ ؟ قَالَ : لاَ . وَاللَّهِ جَعَلَنِي اللَّهُ فِدَاءَكَ . قَالَ : وَلاَ النَّاسُ يُحِبُّونَهُ لأَخَوَاتِهِمْ . قَالَ : أَفَتُحِبُّهُ لِعَمَّتِكَ ؟ قَالَ : لاَ . وَاللَّهِ جَعَلَنِي اللَّهُ فِدَاءَكَ . قَالَ : وَلاَ النَّاسُ يُحِبُّونَهُ لِعَمَّاتِهِمْ . قَالَ : أَفَتُحِبُّهُ لِخَالَتِكَ ؟ قَالَ : لاَ . وَاللَّهِ جَعَلَنِي اللَّهُ فِدَاءَكَ . قَالَ : وَلاَ النَّاسُ يُحِبُّونَهُ لِخَالاَتِهِمْ . قَالَ : فَوَضَعَ يَدَهُ عَلَيْهِ وَقَالَ : اللَّهُمَّ اغْفِرْ ذَنْبَهُ وَطَهِّرْ قَلْبَهُ ، وَحَصِّنْ فَرْجَهُ فَلَمْ يَكُنْ بَعْدُ ذَلِكَ الْفَتَى يَلْتَفِتُ إِلَى شَيْءٍ[58].

(അബൂ ഉമാമ റിപ്പോർട്ട് ചെയ്യുന്നു. ചെറുപ്പക്കാരനായ ഒരു യുവാവ് റസൂലിന്റെ അടുക്കൽ വന്നിട്ട്, അല്ലാഹുവിന്റെ റസൂലേ എനിക്ക് വ്യഭിചരിക്കാൻ അനുവാദം തരൂ എന്ന് പറഞ്ഞു. ഇതു കേട്ട ജനങ്ങൾ അദ്ദേഹത്തിന്റെ നേരെ തിരിയുകയും അയാളെ ആക്ഷേപിക്കുകയും ചെുതു. ''മിണ്ടാതിരിക്കൂ മിണ്ടാതിരിക്കൂ'' എന്ന് അവരയാളോടു പറഞ്ഞു കൊണ്ടിരുന്നു
എന്നാൽ അവനെ അടുത്തേക്കു വിടൂ എന്ന് നബി സല്ലല്ലാഹു അലൈഹി വസല്ലംപറഞ്ഞു.അയാൾ തന്റെ അടുത്തായി ഇരുന്നപ്പോൾ നബി അയാളോടു പറഞ്ഞു ''നീ നിന്റെ ഉമ്മാക്ക് ഇത് (വ്യഭിചരിക്കുക എന്നത്) ഇഷ്ടപ്പെടുന്നുണ്ടോ?'' അയാൾ പറഞ്ഞു ''വല്ലാഹി, ഇല്ല പ്രവാചകരേ, എന്നെ അല്ലാഹു താങ്കൾക്ക് പകരം ബലിയാക്കിക്കൊള്ളട്ടെ'', അവിടുന്ന് പറഞ്ഞു ''അപ്രകാരം മനുഷ്യരാരും തന്നെ തങ്ങളുടെ ഉമ്മമാർക്ക് ഇത് ഇഷ്ടപ്പെടുന്നില്ല". നബി സല്ലല്ലാഹു അലൈഹി വസല്ലം

[57] مسند أحمد بن حنبل عَنْ عَائِشَةَ 26843

[58] مسند أحمد بن حنبل 22564

അയാളോടു പറഞ്ഞു ''നീ നിന്റെ പെങ്ങൾക്ക് ഇത് (വ്യഭിചരിക്കുക എന്നത്) ഇഷ്ടപ്പെടുന്നുണ്ടോ?'' അയാൾ പറഞ്ഞു ''വല്ലാഹി, ഇല്ല പ്രവാചകരേ, എന്നെ അല്ലാഹു താങ്കൾക്ക് പകരം ബലിയാക്കിക്കൊള്ളട്ടെ'', അവിടുന്ന് പറഞ്ഞു

''അപ്രകാരം മനുഷ്യരാരും തന്നെ തങ്ങളുടെ പെങ്ങന്മാർക്ക് ഇത് ഇഷ്ടപ്പെടുന്നില്ല''. നബി സല്ലല്ലാഹു അലൈഹി വസല്ലം അയാളോട് പറഞ്ഞു ''നീ നിന്റെ അമ്മായിക്ക് ഇത് (വ്യഭിചാരം) ഇഷ്ടപ്പെടുമോ? അയാൾ പറഞ്ഞു ''ഇല്ല പ്രവാചകരേ, വല്ലാഹി. എന്നെ അല്ലാഹു താങ്കൾക്ക് പകരം ബലിയാക്കിക്കൊള്ളട്ടെ

അവിടുന്ന് പറഞ്ഞു ''അതു പോലെ തന്നെ ജനങ്ങളാരും തന്നെ തങ്ങളുടെ അമ്മായിമാർക്ക് ഇത് ഇഷ്ടപ്പെടുന്നില്ല''.
നബി സല്ലല്ലാഹു അലൈഹി വസല്ലംഅയാളോട് പറഞ്ഞു ''നീ നിന്റെ ഇളയുമ്മാക്ക് ഇത് (വ്യഭിചാരം) ഇഷ്ടപ്പെടുമോ? അയാൾ പറഞ്ഞു ''ഇല്ല പ്രവാചകരേ, വല്ലാഹി. എന്നെ അല്ലാഹു താങ്കൾക്ക് പകരം ബലിയാക്കിക്കൊള്ളട്ടെ

അവിടുന്ന് പറഞ്ഞു ''അതു പോലെ തന്നെ ജനങ്ങളാരും തന്നെ തങ്ങളുടെ ഇളയുമ്മമാർക്ക് ഇത് ഇഷ്ടപ്പെടുന്നില്ല''.
എന്നിട്ടവിടുന്ന് അയാളുടെ തലയിൽ കൈ വെച്ച് പ്രാർത്ഥിച്ചു. ''അല്ലാഹുവേ ഇവന്റെ പാപം പൊറുക്കേണമേ, ഇവന്റെ മനസ്സ് ശുദ്ധീകരിക്കേണമേ, ഇവന്റെ ലൈംഗികാവയവം സംരക്ഷിക്കേണമേ''.
പിന്നീട് അയാൾ (വ്യഭിചാരവുമായി ബന്ധപ്പെട്ട) ഒന്നിലേക്കും തിരിഞ്ഞു നോക്കിയിട്ടില്ല).
അതെ, നമ്മൾ അവരെ പേടിപ്പിക്കാതെ നല്ല രീതിയിൽ അവരോടു പെരുമാറണം. എന്നാൽ ദഅ്വത്തിൽ കുഴപ്പമുണ്ടാക്കുന്ന ചിലരെ ഞാൻ ചിലപ്പോൾ ഗുണദോഷിച്ചെന്ന് വരും, അവനർഹിക്കുന്ന അളവിലുള്ള കാഠിന്യത്തോടെ തന്നെ.

കാരണം, ഇതു വിഷയം സത്യമത പ്രബോധനമാണ് . ഇതിൽ തെറ്റു വരുത്തുന്നത് ഇസ്ലാമിനും മുസ്ലിമീങ്ങൾക്കും ദോഷം ചെയ്യും. ഒരു മനുഷ്യൻ നമസ്കാരത്തിൽ സംസാരിച്ചു

عَنْ مُعَاوِيَةَ بْنِ الْحَكَمِ السُّلَمِيِّ، قَالَ: بَيْنَمَا أَنَا أُصَلِّي مَعَ النَّبِيِّ صَلَّى اللهُ عَلَيْهِ وَسَلَّمَ إِذْ عَطَسَ رَجُلٌ مِنَ الْقَوْمِ فَقُلْتُ: يَرْحَمُكَ اللَّهُ، فَرَمَانِي الْقَوْمُ بِأَبْصَارِهِمْ، فَقُلْتُ: وَاثُكْلَ أُمَّاهُ، مَا شَأْنُكُمْ تَنْظُرُونَ إِلَيَّ؟ فَجَعَلُوا يَضْرِبُونَ بِأَيْدِيهِمْ عَلَى أَفْخَاذِهِمْ فَلَمَّا رَأَيْتُهُمْ يُصْمِتُونِي سَكَتُّ، فَلَمَّا صَلَّى رَسُولُ اللَّهِ صَلَّى اللهُ عَلَيْهِ وَسَلَّمَ، فَبِأَبِي هُوَ وَأُمِّي، مَا [ص:327] رَأَيْتُ مُعَلِّمًا قَبْلَهُ وَلَا بَعْدَهُ أَحْسَنَ تَعْلِيمًا مِنْهُ، وَاللَّهِ مَا قَهَرَنِي وَلَا ضَرَبَنِي، وَلَا شَتَمَنِي، قَالَ: «إِنَّ هَذِهِ الصَّلَاةَ لَا يَصْلُحُ فِيهَا شَيْءٌ مِنْ كَلَامِ النَّاسِ، إِنَّمَا هِيَ التَّسْبِيحُ وَالتَّكْبِيرُ وَالتَّهْلِيلُ وَقِرَاءَةُ الْقُرْآنِ» أَوْ كَمَا قَالَ رَسُولُ اللَّهِ صَلَّى اللهُ عَلَيْهِ وَسَلَّمَ[59]

[59] مسند ابن أبي شيبة دار الوطن – الرياض 825

(മുആവിയതുബ്നൽ ഹകം പറയുന്നു, ഒരിക്കൽ നബിയുടെ കൂടെ ഞാൻ നമസ്കരിക്കവേ, ഒരാൾ തുമ്മി. അപ്പോൾ ഞാൻ പറഞ്ഞു ''യർഹമുകല്ലാഹ്'' ഇതു കേട്ട് എല്ലാവരും എന്നെ തിരിഞ്ഞു നോക്കാൻ തുടങ്ങി ഞാൻ പറഞ്ഞു ''ഹോ എന്റെ ഉമ്മാ! നിങ്ങളെല്ലാരുമെന്താണ് എന്നെ നോക്കുന്നത്?'' അപ്പോൾ അവരെല്ലാം തുടയിൽ അടിക്കാൻ തുടങ്ങി, എന്നെ മിണ്ടാതിരുത്താനാണ് അവരുടെ ഉദ്ദേശമെന്ന് മനസ്സിലായപ്പോൾ ഞാൻ മിണ്ടാതിരുന്നു.

നമസ്കാരം കഴിഞ്ഞപ്പോൾ നബി സല്ലല്ലാഹു അലൈഹി വസല്ലംയെ ഞാൻ കണ്ടത് അതിനോ മുമ്പോ ശേഷമോ അതിനേക്കാൾ നല്ല ഒരു അധ്യാപകനെ ഞാൻ കണ്ടിട്ടില്ലാത്ത രീതിയിലാണ്, എന്റെ ഉമ്മയും ഉപ്പയും അദ്ദേഹത്തിനു പകരം ബലിയായിരിക്കട്ടെ!

വല്ലാഹി, അദ്ദേഹം എന്നെ അപമാനിച്ചില്ല, തല്ലിയില്ല, ചീത്ത പറഞ്ഞില്ല.

അവിടുന്ന് പറഞ്ഞു , ''ഈ നമസ്കാരമെന്ന് പറഞ്ഞാൽ അതിൽ ജനങ്ങളുടെ സംസാരമൊന്നും പാടില്ല, അതിൽ തസ്ബീഹും തക്ബീറും തഹ്‌ലീലും ഖുർ–ആൻ പാരായണവുമൊക്കെയാണ് വേണ്ടത്'')

അതു പോലെ പള്ളിയുടെ മൂലയിൽ മൂത്രമൊഴിച്ച ആളെയും അദ്ദേഹം പേടിപ്പിച്ചില്ല. നബി സല്ലല്ലാഹു അലൈഹി വസല്ലം അയാളെ പുറത്താക്കിയതുമില്ല.

أَنَّ أَبَا هُرَيْرَةَ، قَالَ: قَامَ أَعْرَابِيٌّ فَبَالَ فِي المسْجِدِ، فَتَنَاوَلَهُ النَّاسُ، فَقَالَ لَهُمُ النَّبِيُّ صَلَّى اللهُ عَلَيْهِ وَسَلَّمَ: «دَعُوهُ وَهَرِيقُوا عَلَى بَوْلِهِ سَجْلًا مِنْ مَاءٍ، أَوْ ذَنُوبًا مِنْ مَاءٍ، فَإِنَّمَا بُعِثْتُمْ مُيَسِّرِينَ، وَلَمْ تُبْعَثُوا مُعَسِّرِينَ»[60]

അബൂ ഹുറയ്റ റദിയല്ലാഹു അൻഹു

പറഞ്ഞു, ഒരു അഅ്റാബി പള്ളിയിൽ നിന്ന് മൂത്രമൊഴിച്ചു. ജനങ്ങൾ അയാളെ പിടികൂടി. അപ്പോൾ അവരോടായി നബി സല്ലല്ലാഹു അലൈഹി വസല്ലംപറഞ്ഞു, ''നിങ്ങൾ അയാളെ വെറുതെ വിട്ടേയ്ക്കൂ. ആ മൂത്രത്തിൽ ഒരു പാത്രം നിറച്ചോ അല്ലെങ്കിൽ അതിലല്പം കുറച്ചോ വെള്ളം ഒഴിച്ചേക്കൂ''

ഇതാണ് പ്രവാചകചര്യ, നമുക്കിതിൽ പാഠമുണ്ട്.

ഞങ്ങളിൽ നാളെ എന്തു നടക്കുമെന്നറിയുന്ന ഒരു നബിയുണ്ട് എന്ന് പാടിയ ആ സ്ത്രീയെയും[61] റസൂൽ സല്ലല്ലാഹു അലൈഹി വസല്ലം

---

[60] صحيح البخاري 220

[61] عَنِ الرُّبَيِّعِ بِنْتِ مُعَوِّذٍ، قَالَتْ: دَخَلَ عَلَيَّ النَّبِيُّ صَلَّى اللهُ عَلَيْهِ وَسَلَّمَ غَدَاةَ بُنِيَ عَلَيَّ، فَجَلَسَ عَلَى فِرَاشِي كَمَجْلِسِكَ مِنِّي، وَجُوَيْرِيَاتٌ يَضْرِبْنَ بِالدُّفِّ، يَنْدُبْنَ مَنْ قُتِلَ مِنْ آبَائِهِنَّ يَوْمَ بَدْرٍ، حَتَّى قَالَتْ جَارِيَةٌ: وَفِينَا نَبِيٌّ يَعْلَمُ مَا فِي غَدٍ. فَقَالَ النَّبِيُّ صَلَّى اللهُ عَلَيْهِ وَسَلَّمَ: «لاَ تَقُولِي هَكَذَا وَقُولِي مَا كُنْتِ تَقُولِينَ» صحيح البخاري 4001

അധിക്ഷേപിച്ചില്ല. മറിച്ച് തെറ്റു ചൂണ്ടിക്കാണിച്ചുവെന്ന് മാത്രം.

**അവൻ പരസ്യമായി ഈ വാദത്തിൽ നിന്ന് പിന്മാറിയോ? ഇല്ല. നിങ്ങൾ അവനെ കൈയ്യടിച്ച് പ്രോത്സാഹിപ്പിച്ച് അവൻ ഇത്രയും വലിയ ഗുലുവ്വിലെത്തി.**

ഈ കൈയ്യടിയും അതു പോലെ തെന്നെ. അതു സ്ത്രീകൾക്ക് പറഞ്ഞിട്ടുള്ളതാണ്, നമ്മൾ കൈയടിച്ചിട്ടില്ല, ഇവിടെ ആരും തന്നെ കൈയ്യടിച്ചിട്ടില്ല.

**ഞങ്ങൾ ഒരുമിച്ചിരുന്ന് സംസാരിച്ചു, പക്ഷെ അവൻ കേൾക്കുന്നില്ല.**

ഞാൻ അദ്ദേഹത്തിന്റെ കൂടെ ഇരുന്നിട്ടുണ്ട്, ഹജ്ജിന് പോയപ്പോൾ അദ്ദേഹത്തെ സന്ദർശിക്കുകയും അദ്ദേഹം ഞങ്ങളെ ആദരിക്കുകയും ചെയ്തു. ഇത് അറിയപ്പെട്ടിട്ടുള്ള കാര്യമാണ്, ഞാൻ അദ്ദേഹത്തെ കുറിച്ചാണെങ്കിലും മറ്റാരെക്കുറിച്ചാണെങ്കിലും സത്യം പറയും ഇൻഷാ അല്ലാഹ്. സഹോദരങ്ങളെ, അദ്ദേഹം അഹ്ലുസ്സുന്നത്തിനെ സ്നേഹിക്കുന്നവനാണ്, വല്ലാഹി.

അങ്ങനെ ഞങ്ങളെ അദ്ദേഹം സ്വീകരിച്ചാദരിച്ച ശേഷം സംസാരമാരംഭിച്ചു. അദ്ദേഹം അദനി ഹിസ്ബി അല്ല എന്ന ഭാഗത്തേക്കാണ് ചായ്വ് കാണിച്ചത്, ഞാനാകട്ടെ അവൻ ഹിസ്ബി ആണെന്ന് പറഞ്ഞു. അവർ എന്റെ വിദ്യാർഥികളാണ്. മറ്റാരെക്കാളും അവരെപ്പറ്റി എനിക്കാണറിയുക.

എന്നാൽ അവർ നേരത്തെ അദ്ദേഹത്തിന്റെ അടുക്കൽ പോയി, സംസാരിച്ച് ''യാ ഷൈഖ്, ഹജൂരിയെ നിയന്ത്രിക്കാനുള്ള സമയമായിട്ടുണ്ട്'' '' യാ ഷൈഖ്, ഹജൂരിയെ താങ്കൾക്കല്ലാതെ ആർക്കും നിയന്ത്രിക്കാൻ സാധിക്കില്ല'' എന്നൊക്കെ പറഞ്ഞു വെച്ചിട്ടുണ്ടായിരുന്നു. അങ്ങനെ അദ്ദേഹം മഷായിഖിനോടായി ചോദിച്ചു ''നിങ്ങൾ അവനെ ഹിസ്ബിയായി കാണുന്നുണ്ടോ?'' ''നിങ്ങൾ അവനെ ഹിസ്ബിയായി കാണുന്നുണ്ടോ?'' ഇങ്ങനെ ഓരോരുത്തരോടായി ചോദിച്ചു. അവിടെ വെച്ച് അവരെന്നെ കൈ വിട്ടു. അപ്പോൾ ഞാൻ മിണ്ടാതിരുന്നു. കാരണം, അവർ നേരത്തെ അവന്റെ തെറ്റുകളെ വിമർശിച്ചിട്ടുള്ളതാണല്ലോ. അവർക്ക് പറയാമായിരുന്നു, യാ ഷൈഖ് ഞങ്ങൾ അവനെ ഹിസ്ബി ആയിക്കാണുന്നില്ല, പക്ഷെ അവന് തെറ്റ് സംഭവിച്ചിട്ടുണ്ട് എന്ന്. അങ്ങനെ ഒരുപാടു മഷായിഖ് അവിടെ ഇരിക്കുകയാണ്, ഷൈഖ് റബീ–ഉം ഇരിക്കുന്നുണ്ട്. അപ്പോൾ ഞാൻ മിണ്ടാതിരുന്നു. ഞാൻ പറഞ്ഞു ജസാകുമുല്ലാഹു ഖൈർ, ഹയ്യാകുമുല്ലാഹ്.

അവിടെ ഷൈഖ് റബീഇന്റെയും നിരവധി മഷായിഖിന്റെ ഇടയിൽ കിടന്ന് മല്പിടുത്തം നടത്താൻ ഞാൻ മെനക്കെട്ടില്ല. മിണ്ടാതിരുന്നു.

---

(യുദ്ധത്തിൽ മരിച്ച തങ്ങളുടെ പിതാക്കന്മാരെ പറ്റി കവിതയാലപിക്കുമായിരുന്ന പെൺകുട്ടികൾ ''നാളെ എന്തു നടക്കുമെന്നറിയാവുന്ന ഒരു നബി ഞങ്ങളുടെ കൂട്ടത്തിലുണ്ട് '' എന്ന് പാടി. അവരോട് നബി പറഞ്ഞു ''നിങ്ങൾ ഇങ്ങനെ പറയല്ലെ, നേരത്തെ പറഞ്ഞിരുന്നത് പറഞ്ഞു കൊള്ളുക)

എന്നാൽ ഞാൻ അവിടെ വെച്ച് അവൻ ഹിസ്ബി അല്ല എന്ന് പറഞ്ഞുവെന്നാണെങ്കിൽ, അത് ഇല്ലാത്തതാണ്.എന്ന് മാത്രമല്ല, ഞാൻ പറഞ്ഞു: അല്ലയോ ഷൈഖ് അവന്റെ അടുക്കൽ തെറ്റുണ്ടോ ഇല്ലേ?

അപ്പോൾ ഷൈഖ് അബ്ദുൽ അസീസ് ബുറഈ പറഞ്ഞു ''അവന്റെ അടുക്കൽ തെറ്റില്ലെങ്കിൽ ഷൈഖ് റബീഅ് നിങ്ങളുടെ താടി ചുംബിച്ച് നീ അവന് മാപ്പ് കൊടുത്തേക്ക് എന്നു പറയുമോ?'' അങ്ങനെ ഞങ്ങൾ അവിടെ നിന്ന് ഇറങ്ങിപ്പോന്നു, ഇതാണുണ്ടായത്. കാലം കുറെക്കഴിഞ്ഞത് കൊണ്ട് ചില സംഭവങ്ങൾ എനിക്ക് പിഴച്ചിരിക്കാം, പക്ഷെ ഇതാണ് എനിക്ക് ഓർമ്മയുള്ളത്.

**വല്ലാഹി അവൻ റാഫിദികളുമായുണ്ടായ യുദ്ധം ഒരു അനുഗ്രഹമായിരുന്നെന്ന് വിചാരിക്കുകയാണ്.**

വല്ലാഹി! ഞാൻ അങ്ങനെ വിചാരിക്കുന്നില്ല. ഞാൻ അവരാൽ അക്രമിക്കപ്പെട്ടവനാണ്, എന്റെ സഹോദരൻ കൊല്ലപ്പെട്ടു. എന്റെ വീട് തകർക്കപ്പെട്ടു, എന്റെയും വീണ് പൊട്ടിയ ബോംബിന്റെയും ഇടയിൽ ഏതാനും അടികൾ അകലമേ ഉണ്ടായിരുന്നുള്ളൂ. എന്റെ വാതിൽക്കലാണ് മറ്റൊരു ബോംബ് വീണ് പൊട്ടിയത്. എന്നിട്ടും ഞാൻ എങ്ങനെയാണ് ഇത് അനുഗ്രഹമാണെന്ന് വിചാരിക്കുക?! എന്റെ എത്രയോ വിദ്യാർഥികൾക്ക് പരിക്കേറ്റു. ഇതൊക്കെ ഞാൻ അനുഗ്രഹമായിക്കാണുകയോ? ബറാഖ മലയിൽ 60 രക്തസാക്ഷികൾ! ഇതിന്റെയൊക്കെ വേദനയിൽ താങ്കളും പങ്കു ചേരുമായിരുന്നല്ലോ ഷൈഖ്. എന്താണ് താങ്കൾക്ക് മാറ്റം വരുത്തിയത്?

അത് ഈ കുത്തിത്തിരിപ്പുകാർ മാത്രമാണ്. നമ്മൾ പരസ്പരം സ്നേഹിക്കുകയും സാഹോദര്യത്തോടെ കഴിയുകയുമായിരുന്നു. അതെല്ലാം ഈ തെമ്മാടികൾ നശിപ്പിക്കുകയോ? നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും നല്ല വാക്കു പറയുകയും ചെയ്യുക. ഇപ്പോഴുമിതാ പരിക്കേറ്റവർ പല രാജ്യങ്ങളിലായി ചികിത്സയിലാണ്, ഇതൊക്കെയും ഞാൻ അനുഗ്രഹമായി കാണുകയോ?

നമ്മളിതിനെ പരീക്ഷണമായാണ് കാണുന്നത്.

وَنَبْلُوكُمْ بِالشَّرِّ وَالْخَيْرِ فِتْنَةً وَإِلَيْنَا تُرْجَعُونَ[62]

(നിങ്ങളെ നാം നന്മ കൊണ്ടും തിന്മ കൊണ്ടും പരീക്ഷിക്കും. നിങ്ങൾ നമ്മിലേക്കാണ് മടങ്ങുന്നത്).

നബി സല്ലല്ലാഹു അലൈഹി വസല്ലം പറഞ്ഞു.

يُبْتَلَى الرَّجُلُ عَلَى حَسَبِ دِينِهِ، فَإِنْ كَانَ فِي دِينِهِ صَلَابَةٌ زِيدَ صَلَابَةً، وَإِنْ كَانَ فِي دِينِهِ رِقَّةٌ، خُفِّفَ عَنْهُ[63]

[62] سورة الأنبياء 35

(ഒരു മനുഷ്യൻ അവന്റെ ദീനിന്റെ അളവനുസരിച്ചാണ് പരീക്ഷിക്കപ്പെടുക ആരാണോ ദീനിൽ അടിയുറച്ച് നിൽക്കുന്നത്, അവന് പരീക്ഷണങ്ങൾ വർധിക്കും. ആരാണോ ദീനിൽ ദുർബലനായത് അവന് അതിനനുസരിച്ച് പരീക്ഷണങ്ങൾക്ക് കാഠിന്യം കുറവായിരിക്കും). ഇനി ഞങ്ങൾ പാപികളാണെന്ന് തന്നെ സങ്കല്പിക്കുക, ഞങ്ങൾ തെറ്റ് ചെയ്യുന്നവർ തന്നെയാണ്.

അല്ലാഹു പറഞ്ഞു

يَا عِبَادِي إِنَّكُمْ تُخْطِئُونَ بِاللَّيْلِ وَالنَّهَارِ، وَأَنَا أَغْفِرُ الذُّنُوبَ جَمِيعًا[64]

(നിങ്ങൾ രാവും പകലും തെറ്റ് ചെയ്യുകയാണ്, ഞാൻ എല്ലാ പാപങ്ങളും പൊറുത്തു തരുകയും ചെയ്യുന്നു). ചിലപ്പോൾ ഇത് ഞങ്ങൾക്ക് പാപങ്ങൾ പൊറുത്ത് തരാൻ വേണ്ടി അല്ലാഹു വിചാരിച്ചതായേക്കാം.

وَعَنْ أَبِي هُرَيْرَةَ: عَنِ النَّبِيِّ صَلَّى اللهُ عَلَيْهِ وَسَلَّمَ قَالَ: «مَا يُصِيبُ المسْلِمَ، مِنْ نَصَبٍ وَلاَ وَصَبٍ، وَلاَ هَمٍّ وَلاَ حُزْنٍ وَلاَ أَذًى وَلاَ غَمٍّ، حَتَّى الشَّوْكَةِ يُشَاكُهَا، إِلَّا كَفَّرَ اللَّهُ بِهَا مِنْ خَطَايَاهُ»[65]

(ഒരു മുഅ്മിനിനെ ഒരു ക്ഷീണവും വിഷമവും ദു:ഖവും മന:സംഘർഷവും വേദനയും ഞെരുക്കവും ബാധിക്കുകയില്ല അതു നിമിത്തം അല്ലാഹു അവന്റെ പാപങ്ങൾ പൊറുത്ത് കൊടുത്തിട്ടല്ലാതെ).

നമ്മുടെ പിതാവായ ഷൈഖ് റബീ ഇൽ നിന്ന് വന്നു കൊണ്ടിരിക്കുന്ന ഈ വാക്കുകൾ നമ്മെ വളരെ അധികം വേദനിപ്പിക്കുന്നുണ്ട്, വല്ലാഹി.

അല്ലാഹു അദ്ദേഹത്തെ സംരക്ഷിക്കുകയും അദ്ദേഹത്തിന് തൗഫീഖ് നൽകുകയും ചെയ്യട്ടെ.

അവർ അദ്ദേഹത്തെ തലകീഴായി മറിച്ചിരിക്കുകയാണ്. അദ്ദേഹം ഏതാനും ദിവസങ്ങൾ മുമ്പ് വരെ നമ്മെ സ്നേഹിക്കുകയും നിരന്തരമായി ബന്ധപ്പെടുകയും നസീഹത്ത് പുലർത്തുകയും മാർഗനിർദേശങ്ങൾ നൽകുകയും ചെയ്യുമായിരുന്നു. എത്രത്തോളമെന്നാൽ, ഞാനും യഹ്‌യയും തമ്മിലുള്ള പ്രശ്നങ്ങളെല്ലാം എന്നെന്നേക്കുമായി അവസാനിച്ചിരിക്കുന്നു എന്നു വരെ അദ്ദേഹം പറഞ്ഞു. അഹ്ലുസ്സുന്നത്ത് തമ്മിലുള്ള സ്നേഹം എന്ന നിലക്കും ദഅ്‌വത്തിനുണ്ടയ ഗുണം എന്ന നിലക്കും അതിൽ നാം സന്തോഷിച്ചു.

പക്ഷെ കുഴപ്പക്കാർ അദ്ദേഹത്തിന്റെ വീട്ടുപടിക്കൽ കാവലിരിക്കാൻ തീരുമാനിക്കുകയും കഠിന പരിശ്രമം തുടങ്ങുകയും ചെയ്തു. അവരിൽ ചിലർ

---

[63] مسند الدارمي 2825

[64] صحيح مسلم عن أَبِي ذَرٍّ 2577

[65] صحيح البخاري 5641

പറഞ്ഞു ‘‘ഞാൻ ഹജൂരിയെയും മറ്റു പണ്ഡിതന്മാരെയും തമ്മിൽ തെറ്റിക്കുക തന്നെ ചെയ്യും’’. ഷൈഖ് മുഖ്ബിൽ പറഞ്ഞ ഒരു കാര്യം ഞാൻ താങ്കളെ ഓർമ്മിപ്പിക്കുകയാണ് അല്ലയോ ഷൈഖ് അങ്ങേക്ക് അല്ലാഹു തൗഫീഖ് നൽകുമാറാകട്ടെ.

ഷൈഖ് മുഖ്ബിൽ ജീവിച്ചിരുന്ന കാലത്ത് ഷൈഖ് റബീഅ് അദ്ദേഹത്തെ ഫോണിൽ വിളിച്ച് പറഞ്ഞു ‘‘യാ ഷൈഖ് താങ്കൾ എന്റെ അടുത്ത് ഹിസ്ബികളിരിക്കുന്നുണ്ടെന്ന് പറയുന്നുണ്ടോ?’’ അഥവാ ഷൈഖ് അദ്ദേഹത്തെ വിമർശിച്ചിരുന്നു, അങ്ങനെ ഹിസ്ബികളുണ്ടായിരിക്കാൻ സാധ്യതയുണ്ടെന്ന രീതിയിൽ അദ്ദേഹം മറുപടി നൽകി. അപ്പോൾ ഷൈഖ് റബീഅ് പറഞ്ഞു. ‘‘യാ ഷൈഖ് , ഒരാൾ പറയുന്നുണ്ട്, ഞാൻ നിങ്ങളെയും ഷൈഖ് മുഖ്ബിലിനെയും തമ്മിൽ തെറ്റിക്കുമെന്ന്’’. അപ്പോൾ ഷൈഖ് പറഞ്ഞു അങ്ങനെയാണെങ്കിൽ രണ്ട് മലകൾ തമ്മിൽ അടികൂടിയാലും നമ്മൾ തമ്മിൽ തെറ്റുകയില്ല. ഞാൻ ഇത് താങ്കളെ ഓർമ്മിപ്പിക്കുകയാണ്. ഈ ആളുകൾ സലഫി ദഅ്വത്തിൽ പല കുഴപ്പങ്ങളും ഉണ്ടാക്കിയിട്ടുണ്ട്, അതെല്ലാം പല രിസാലകളിലായി വിശദീകരിക്കപ്പെട്ടിട്ടുള്ളതാണ്.

എന്നാൽ ഷൈഖ് നമ്മെ പിന്തുണക്കുകയും അല്ലാഹു നിങ്ങളെ സഹായിക്കട്ടെ എന്നു പറയുകയുമൊക്കെ ചെയ്യുമായിരുന്നതിനു ശേഷം ഇവിടെ യെമനിൽ നാം കേട്ടു കൊണ്ടിരിക്കുന്ന ഇത്തരം ആരോപണങ്ങളാൽ സ്വാധീനിക്കപ്പെട്ടിരിക്കുകയാണ്. അഥവാ നമ്മൾ അല്ലാഹുവിന്റെ ശിക്ഷക്ക് അർഹരായിരിക്കുകയാണ്, അവർക്ക് അങ്ങനെ തന്നെ വരണം തുടങ്ങിയ വാദങ്ങൾ. അവരോടു ഇത്തരം വാദങ്ങളിൽ യോജിക്കാൻ പാടില്ല. ഒരു മുഅ്മിൻ തന്റെ സഹോദരന് ഒരു കെട്ടിടമെന്ന പോലെ പിന്തുണ നൽകണം. അവന്റെ വേദനയിൽ വേദനിക്കുകയും അവന്റെ സന്തോഷത്തിൽ സന്തോഷിക്കുകയും അവന്റെ സങ്കടത്തിൽ സങ്കടപ്പെടുകയും വേണം.

എന്നാൽ നമ്മൾ ഇതിനെ സംബന്ധിച്ച് സന്തോഷിക്കുകയാണ് എന്ന് പറഞ്ഞാലോ? എവിടെ നിന്നാണ് നമുക്ക് സന്തോഷം വരുന്നത്?! നമ്മൾ സ്നേഹിക്കുകയും ബഹുമാനിക്കുകയും ഒക്കെ ചെയ്തിരുന്ന ഹാഫിസുകളടക്കമുള്ള പല സഹോദരങ്ങളും ഈ ഖൈറിനെ പ്രധിരോധിക്കാൻ വേണ്ടി കൊല്ലപ്പെട്ടു. ഈ പ്രതിരോധത്തിന്റെ പേരിൽ നിങ്ങൾ അഹ്‌ലുസ്സുന്നത്തിനോടു നന്ദി പറഞ്ഞിരുന്നതുമാണ്, പിന്നീടെന്താണ് ഈ മാറ്റത്തിനു കാരണം?

അത് തീർച്ചയായും അക്കൂട്ടരാകുന്നു.

**പക്ഷെ അല്ലഹുവാണെ സത്യം അത് അല്ലാഹുവിൽ നിന്നുള്ള ശിക്ഷയാകുന്നു.**

ഇത് അല്ലാഹുവിൽ നിന്നുള്ള ശിക്ഷയാണെങ്കിൽ അത് നേരത്തെ പറഞ്ഞ ഹദീസുകളുടെ അടിസ്ഥാനത്തിൽ നമ്മുടെ പാപങ്ങൾ

പൊറുക്കാൻ വേണ്ടിയാവട്ടെ.

എന്നാൽ അല്ലാഹുവിനറിയാം ഞാൻ ഏതൊരു പാപവും കരുതിക്കൂട്ടി ചെയ്യാനിഷ്ടപ്പെടുന്നില്ല എന്നത്. പക്ഷെ ഞാൻ പാപങ്ങളിൽ നിന്ന് സുരക്ഷിതനല്ല. ഞാനും മഷായിഖും തമ്മിലുണ്ടായ ഈ പ്രയാസങ്ങളടക്കം ഇതെല്ലാം എന്റെ പാപങ്ങൾ പൊറുക്കാനായെങ്കിൽ!

وَلِيُمَحِّصَ اللَّهُ الَّذِينَ آمَنُوا وَيَمْحَقَ الْكَافِرِينَ[66]

(അല്ലാഹു വിശ്വാസികളെ ശുദ്ധീകരിക്കാനും കാഫിറുകളെ തുടച്ചു നീക്കാനും വേണ്ടി)

إِذَا سَبَقَتْ لِلْعَبْدِ مِنَ اللَّهِ مَنْزِلَةٌ لَمْ يَبْلُغْهَا عَمَلًا ابْتَلَاهُ فِي جَسَدِهِ أَوْ فِي مَالِهِ أَوْ فِي وَلَدِهِ، ثُمَّ صَبَّرَهُ حَتَّى يَنَالَ الْمَنْزِلَةَ الَّتِي سَبَقَتْ لَهُ مِنَ اللَّهِ عَزَّ وَجَلَّ»[67]

(അല്ലാഹു ഒരു അടിമക്ക് ഒരു ഉന്നത സ്ഥാനം നൽകാൻ തീരുമാനിച്ചിട്ട് അവൻ അതിൽ എത്തിപ്പെടാതിരുന്നാൽ അല്ലാഹു അവനെ അവന്റെ ശരീരത്തിലോ സമ്പത്തിലോ സന്താനങ്ങളിലോ പരീക്ഷിക്കുകയും ക്ഷമ നല്കുകയും ചെയ്യും അങ്ങനെ അവനു വിധിക്കപ്പെട്ട ആ ഉന്നത സ്ഥാനത്ത് അവൻ എത്തിച്ചേരും). ഞാൻ അങ്ങനെ ആകാൻ അല്ലാഹു വിചാരിച്ചിരുന്നെങ്കിൽ!

എന്നാൽ ഇത് കാഫിറുകൾക്ക് ലഭിക്കുന്ന ഇനത്തിൽ പെട്ട ശിക്ഷയാണെന്നാണ് നിങ്ങളുദ്ധേശിക്കുന്നതെങ്കിൽ അതു ശരിയല്ല.

سَنَسْتَدْرِجُهُمْ مِنْ حَيْثُ لَا يَعْلَمُونَ وَأُمْلِي لَهُمْ إِنَّ كَيْدِي مَتِينٌ[68]

(നാം അവർ അറിയാത്ത രീതിയിൽ അവർക്ക് (ഖുർആനിനെ നിഷേധിക്കുന്നവർക്ക്) അവസരം നീട്ടിക്കൊടുക്കും. അവർക്ക് നാം നീട്ടിക്കൊടുത്തു കൊണ്ടിരിക്കുകയാണ്, നമ്മുടെ തന്ത്രം വളരെ ശക്തമായതാകുന്നു).

**മറിച്ച് അത് അവൻ നീണ്ട ഏഴു വർഷങ്ങളായി അഹ്ലുസ്സുന്നത്തിന്റെ മേൽ നടത്തിയിട്ടുള്ള വ്യാജാരോപണങ്ങൾക്ക് അല്ലാഹു നൽകിയിട്ടുള്ള ശിക്ഷയാകുന്നു.**

ഇല്ല ഞാനൊരു വ്യാജാരോപണവും നടത്തിയിട്ടില്ല. മറിച്ച് ഞാൻ എന്റെ സഹോദരങ്ങൾക്കും ഈ ഖൈറിനും വേണ്ടി പ്രതിരോധിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. എന്റെ മേലാണ് അതിക്രമമുണ്ടായത്. ഇതാ എന്റെ വസ്തുതകളും തെളിവുകളും.

[66] سورة أل عمران 141

[67] مسند أبي يعلى 923

[68] سورة الأعراف 182 و 183

**അവൻ അവന്റെ ഗുലുവ്വിന്റെ ഫലമായി ലോകമാസകലം ഉണ്ടാക്കിയിട്ടുള്ള ഫിത്ന**

അല്ല അല്ല. ഇപ്പോഴുണ്ടായിട്ടുള്ള ഈ ഫിത്ന ഗുലുവ്വിന്റെ ഫലമായിട്ടുണ്ടായിട്ടുള്ളതല്ല യാ ഷൈഖ്. മറിച്ച് ഒരു ഗൂഡാലോചനയുടെ ഫലമാണ് ഇത്. ഒരു സംഘം സന്ദർശകന്മാർ വരും അവർ ഈ കുതന്ത്രം ആഗ്രഹിച്ച് വരുന്നതായിരിക്കും അപ്പോൾ തന്നെ മറ്റൊരു സംഘം ഇതു ഉദ്ധേശിക്കാതെ വന്നിരിക്കും. പക്ഷെ അവനെതിരെ തിരിയൂ അവനെതിരെ ചെയ്യൂ എന്നുള്ള കല്പനകൾ അവരെയും സ്വാധീനിക്കുന്നു.

എന്റെ സഹോദരങ്ങൾ പല സ്ഥലങ്ങളിലുമുണ്ട്, അവർ ഈ ഫിത്നയെ സംബന്ധിച്ച് താക്കീത് നൽകുന്നുവെന്ന് മാത്രം. എന്നല്ലാതെ ഞാൻ ഗുലുവ്വ് കൊണ്ട് ഫിത്നയുണ്ടാക്കുകയല്ല. അ-ഊദുബില്ലാഹ്.

**ഞാൻ നേരത്തെ പറഞ്ഞ രാജ്യങ്ങളിലെല്ലാം. വല്ലാഹി അവൻ അത് അനുഗ്രഹമായി വിചാരിക്കുന്നെങ്കിലും അത് യഥാർത്ഥത്തിൽ ശിക്ഷ മാത്രമാണ്.അവൻ ഇത് ഇഷ്ടപ്പെടുന്നു. പക്ഷെ അത് അല്ലാഹുവിൽ നിന്നുള്ള ശിക്ഷയാകുന്നു. അവന്റെയും അനുയായികളുടെയും പ്രവർത്തനഫലമായി.**

ഇല്ല ഇത് നാം മനസ്സു കൊണ്ട് വിശ്വസിക്കുന്നില്ല, അഥവാ യുദ്ധം അനുഗ്രഹമായിരുന്നെന്ന്!

**അവന്റെ വിദ്യാർഥികളുടെ അടുത്തുള്ള ഗുലുവ്വ് ബിദ്-അത്തുകാരുടെ അടുത്ത് നാം കണ്ടിട്ടില്ല.**

സഹോദരങ്ങളെ, അല്ലാഹുവെ സൂക്ഷിക്കുക. ഇതെങ്ങനെയാണ്(ശരിയാകുക)? റാഫിദികളുടെ അടുക്കൽ ഗുലുവ്വില്ലെന്നാണോ?

'യാ ഹുസൈൻ' എന്ന് പ്രാർത്ഥിക്കുന്ന അവരുടെ അടുത്ത് ഗുലുവ്വില്ലെന്നാണോ?

നിരങ്ങി നീങ്ങി തങ്ങളുടെ ഷൈഖ്മാരുടെ മുമ്പിൽ ചെല്ലുന്ന സൂഫികളുടെ അടുത്തും നമ്മുടെ അത്ര ഗുലുവ്വില്ല?

ഞാൻ നിങ്ങളോടു പറയട്ടെ ദേഷ്യത്തിന്റെ പുറത്ത് പുറപ്പെട്ട ഒരു സംസാരമാണിത്.

അവിടെ ഇരുന്നിരുന്ന ചിലർ എന്നോട് പറഞ്ഞത് സംസാരിക്കുമ്പോൾ അദ്ദേഹം വിറക്കുന്നുണ്ടായിരുന്നു എന്നാണ്.

സംസാരം കോപത്തിന്റെ പുറത്തായാൽ ഉദ്ദേശിക്കാത്ത വിധത്തിൽ ഏറ്റക്കുറച്ചിലുകൾ വരും. ഇതെല്ലാം ഈ സംസാരത്തിലുണ്ടായ അധികപ്പറ്റുകളാണ്. അത് ആരും തന്നെ നിഷേധിക്കുകയില്ല. ഇതൊരു നസീഹത്താണ്.

എന്റെ നാവിൽ നിന്ന് എന്തെങ്കിലും അരുതായ്കകൾ വന്നു പോയിട്ടുണ്ടെങ്കിൽ, ഞാൻ അതൊരിക്കലും ഉദ്ദേശിക്കുന്നില്ലെങ്കിലും, ഷൈഖിൽ നിന്നും എന്റെ ശ്രോതാക്കളിൽ നിന്നും ഞാൻ മാപ്പപേക്ഷിക്കുകയാണ്.

إِنْ أُرِيدُ إِلَّا الْإِصْلَاحَ مَا اسْتَطَعْتُ وَمَا تَوْفِيقِي إِلَّا بِاللَّهِ عَلَيْهِ تَوَكَّلْتُ وَإِلَيْهِ أُنِيبُ[69]

(എന്റെ കഴിവിന്റെ പരമാവധി നന്മയുണ്ടാക്കാൻ മാത്രമാകുന്നു ഞാൻ ഉദ്ദേശിക്കുന്നത്, എനിക്ക് സഹായം അല്ലാഹുവിൽ നിന്ന് മാത്രമാകുന്നു, അവനിൽ ഞാൻ ഭരമേല്പിക്കുകയും അവനിലേക്ക് സദാ പശ്ചാത്തപിച്ച് മടങ്ങുകയും ചെയ്യുന്നു).

سبحانك اللهم وبحمدك أشهد أن لا إله إلا أنت أستغفرك وأتوب إليك

(അല്ലാഹുവേ നീ പരമ പരിശുദ്ധനാകുന്നു. നിനക്കാകുന്നു സർവ്വ സ്തുതിയും. നീ അല്ലാതെ ഒരു ഇലാഹും ആരാധനയർഹിക്കുന്നില്ലെന്ന് ഞാൻ സാക്ഷ്യം വഹിക്കുകയും നിന്നിലേക്ക് പശ്ചാത്തപിച്ച് മടങ്ങുകയും നിന്നോട് പാപമോചനത്തിന് തേടുകയും ചെയ്യുന്നു).

[69] سورة الهود 88